27. Shri. Raju Abraham
28. Shri. Saju Paul
29. Shri. T. K. Balan
30. Shri. T. K. Devakumar
31. Shri. T. P. Ramakrishnan
32. Shri. V. C. Kabeer
33. Shri. V. Chenthamarakshan
34. Shri. V. K. C. Mammed Koya
35. Shri. V. K. Chandran
36. Shri. V. S. Achuthanandan

അനുകൂലിക്കുന്നവർ—36

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട ചെയറിനോട് ഒരു അഭ്യർത്ഥനയുണ്ട്. .....(ബഹളം)..... അങ്ങ് procedure ഒന്ന് വ്യക്തമായി പറയണം. ഈ പ്രമേയത്തെ അനുകൂലിക്കുന്നവർ മാത്രമേ വരികയുള്ളു, procedure അനുസരിച്ച് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള നടപടിക്രമം നടത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ മാത്രമേയുള്ളു മറ്റേത് ക്യാൻസൽ ചെയ്തിരിക്കുന്നു. ഭരണഘടനയുടെ 179 (സി) അനുഛേദം അനുസരിച്ചുള്ള ഭൂരിപക്ഷം പ്രമേയത്തിന് ലഭിക്കാത്തതുകൊണ്ട് പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

VI ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ 2-ാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡുകൾ സംബന്ധിച്ച് 2004-05 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഞാൻ നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 31,90,77,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17,11,81,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കേരളത്തിന്റെ സാമൂഹിക മേഖലയെ എല്ലാ വിധത്തിലും പിന്നോട്ട് നയിക്കുന്ന വാഗ്ദാനലംഘകരുടെ യു. ഡി. എഫ്. സർക്കാർ അപഖ്യാതി മാത്രമാണ് ഭരണത്തിന്റെ മൂന്നാം വർഷത്തിലേക്ക് കടക്കുന്ന സന്ദർഭത്തിൽ നേടിയിട്ടുള്ളത്. .ഈ സർക്കാർ ഇതിനകം മൂന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇനി രണ്ട് ബഡ്ജറ്റുകൾ മാത്രമാണ് ബാക്കിയുള്ളത്. ഈ സർക്കാരിന്റെ കൗണ്ട് ഡൗൺ ആരംഭിച്ചിരിക്കുകയാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ ബഹുഭൂരിപക്ഷവും കടലാസിൽ വിശ്രമിക്കുകയാണ്. പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ വീണ്ടും പഴയത് ആവർത്തിക്കുന്ന യു.ഡി.എഫ്. സർക്കാർ ഒരേസമയം ജനവഞ്ചനയ്ക്കും ആത്മവഞ്ചനയ്ക്കും കുപ്രസിദ്ധി നേടിയിരിക്കുകയാണ്. ബഡ്ജറ്റും അതിന്റെ അനുബന്ധ രേഖകളും വെളിപ്പെടുത്തുന്ന കണക്കുകൾ ഇതാണ്. 2003-04-ലെ വാർഷിക പദ്ധതി അടങ്കലായ 4350 കോടി രൂപയിൽ 2003 ഡിസംബർവരെ ചെലവഴിച്ചത് 1,969.06 കോടി രൂപ മാത്രമാണ്. അതായത് 44 ശതമാനം മാത്രമാണ് ചെലവഴിച്ചത്. മൂലധനച്ചെലവ് കുത്തനെ ഇടിഞ്ഞു. 2002-03-ൽ 698.66 കോടി രൂപയായിരുന്നത് 2003-04-ൽ 571.32 കോടി രൂപയായി കുറഞ്ഞു. മറ്റൊരു പ്രധാന കാര്യം ഈ ബഡ്ജറ്റ് രേഖകൾതന്നെ പറയുന്നത് വിവിധ വകുപ്പുകൾ നീക്കിവച്ച തുക ചെലവഴിക്കുന്നതിൽ ഗുരുതരമായ പുറകോട്ട് പോക്കാണ് ഉണ്ടായിരിക്കുന്നത് എന്നാണ്. 2001-02-ൽ 153 കോടി രൂപ മാത്രമാണ് ചെലവിട്ടത്. വ്യവസായ വകുപ്പിൽ 211 കോടി രൂപയിൽ 126 കോടി രൂപ മാത്രം. 2003-04-ൽ സേവന മേഖലയ്ക്കാകെ ആയിരം കോടി രൂപ അനുവദിച്ചപ്പോൾ ചെലവഴിച്ചത് 210 കോടി രൂപ മാത്രമാണ്. ബഡ്ജറ്റ് രേഖയിലെ മറ്റൊരു കാര്യം സംസ്ഥാനത്തിന്റെ ധനകമ്മിയും വികസനേതര ചെലവും കുതിച്ചുകയറിയിരിക്കുകയാണ് എന്നതാണ്. ധനകമ്മി 2001-02-ൽ 3269 കോടി രൂപയായിരുന്നത് 2002-03-ൽ 4093.54 കോടി രൂപയായി, 54.74 ശതമാനം വർദ്ധനവാണ് വന്നിരിക്കുന്നത്. റവന്യൂ കമ്മി 2003-2004-ൽ 3676 കോടി രൂപയായത് അടുത്ത വർഷം 4707 കോടി രൂപയാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് ഒരു പത്രം നടത്തിയ നിരീക്ഷണം ഞാൻ അനുസ്മരിക്കുകയാണ്. "ഇക്കണോമിക് ക്ലാസ്സിലേക്ക് വഴിതെറ്റി കയറി ക്ലാസ്സെടുക്കേണ്ടി വന്ന ഹിസ്റ്ററി പ്രൊഫസറെപ്പോലെയാണ് ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ" എന്നാണ് ആ പ്രമുഖ പത്രം നടത്തിയ നിരീക്ഷണം. അദ്ദേഹത്തിന്റെ പല പ്രസ്താവനകളും ഇതിന് യോജിക്കുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി യു. ഡി. എഫ്.-ന്റെ പ്രതാപശാലിയായ കൺവീനറായിരുന്നു. അക്കാലത്ത് നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ പ്രസിദ്ധീകരിച്ച യു. ഡി. എഫ്. പ്രകടനപത്രികയിൽ 'കേരളത്തിന്റെ നവോത്ഥാനത്തിലേയ്ക്ക് ഒരു മാർഗ്ഗരേഖ' എന്ന തലക്കെട്ടിൽ എൽ. ഡി. എഫ്. ഭരണകാലത്ത് സംസ്ഥാനത്തിനുണ്ടായ കടബാദ്ധ്യതകളെ പരിഹസിച്ചുകൊണ്ട് എഴുതിയത് ഇങ്ങനെയാണ്; "കേരളത്തിൽ സാമൂഹ്യ-സാമ്പത്തിക സൗധം തച്ചുടച്ച് തരിപ്പണമാക്കിയിരിക്കുന്നു. അങ്ങനെ കടബാദ്ധ്യതമൂലം തളർന്നു കിടക്കുന്ന കേരളത്തെ രക്ഷിക്കാൻ രംഗപ്രവേശം ചെയ്യുന്നു" എന്ന് അവകാശപ്പെട്ടുകൊണ്ടാണ് യു.ഡി.എഫ്. കൺവീനറായിരുന്ന ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ അധികാരത്തിൽ വന്നത്. സംസ്ഥാനത്തെ ഖജനാവിന്റെ താക്കോലാകട്ടെ യു. ഡി. എഫ്. കൺവീനറായിരുന്ന ബഹുമാനപ്പെട്ട ശങ്കരനാരായണന്റെ കയ്യിൽത്തന്നെ ഭദ്രമായി ഏൽപ്പിക്കുകയും ചെയ്തു. ആദ്യത്തെ തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ എൽ. ഡി. എഫ്. ഭരണത്തെ പരിഹസിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വളരെ ആവേശത്തോടുകൂടി പറഞ്ഞ കാര്യങ്ങൾ ഇങ്ങനെയാണ്, "ഗിരിശൃംഖത്തിൽ നിന്ന് അഗാധഗർത്തത്തിലേക്ക് അതിഭീലോലമായ നൂലിഴയിൽ ആഴ്ന്നിറങ്ങുന്ന നിലയിലാണ് നമ്മുടെ ഇന്നത്തെ ധനസ്ഥിതി. ചുരുക്കത്തിൽ ഈ പശ്ചാത്തലത്തിലാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ മേലങ്കി ഞാൻ അണിയുന്നത് മുന്നിലുള്ള പാത ദുർഘടവും വെല്ലുവിളികൾ നിറഞ്ഞതും ഭീതിജനകവുമാണ്. അതിനാൽ ഇത് നേരിടാൻ വേണ്ടിവരുന്ന കഠിനശ്രമം എത്രതന്നെ ദുർഘടമായിരുന്നാലും അത് ഏറ്റെടുക്കാൻ കർമ്മനിരതരായ നാം പ്രതിജ്ഞാബദ്ധരാണ്". അദ്ദേഹം എൽ. ഡി. എഫ്. ഭരണത്തിന്റെ കടത്തെക്കുറിച്ച് പറഞ്ഞത്. "ചെലവഴിക്കൂ, ശേഷം ഭാവിതലമുറയ്ക്ക് വിട്ടേക്കൂ" എന്ന ചിന്താഗതിയാണ് എൽ. ഡി. എഫ്. സർക്കാർ സ്വീകരിച്ചത്. എന്താണ്? കുത്തഴിഞ്ഞ ധനവിനിയോഗ രീതിയാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാന സർക്കാരിനെ നയിച്ചത്. അക്കാലത്ത് പ്രണവമന്ത്രംപോലെ സ്വീകരിക്കപ്പെട്ട ചൊല്ലിൽ "ഈ നയങ്ങളെ ഒതുക്കൂ, യഥേഷ്ടം കടം വാങ്ങൂ, ആമോദം ചെലവഴിക്കൂ" എന്നാണ് പറഞ്ഞത്. ഇവിടെ മൂന്ന് വർഷം കഴിഞ്ഞപ്പോഴുള്ള കണക്ക് എന്താണ്? ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി നാല് ബഡ്ജറ്റുകൾ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ കേരളത്തിന്റെ സാമ്പത്തിക കടബാദ്ധ്യത എന്താണ്? 2001-ൽ ഉറപ്പു നൽകിയ ഭഗീരഥ പ്രയത്നത്തിലൂടെ കേരളത്തിന്റെ കടബാദ്ധ്യതയ്ക്കൊപ്പം 14,310 കോടി രൂപയുടെ പുതിയ കടബാദ്ധ്യതയാണ് കൂട്ടിച്ചേർത്തത്. ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്ന മറുപടിയാണ്. ഏതായാലും വിവരം ശേഖരിച്ചുവരുന്നു എന്ന ഒഴുക്കൻ മറുപടി നൽകിയിട്ടില്ല എന്ന കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മറുപടി അദ്ദേഹം ധൈര്യപൂർവ്വം പറഞ്ഞു. 21-01-2004-ലെ

നിയമസഭാചോദ്യമാണ്. "ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയായിരുന്നു? 01-04-2001-ലെ പൊതുകടം 23,919 കോടി രൂപ." അടുത്ത ചോദ്യം "ഈ സർക്കാർ ഇതിനകം എത്ര കോടി രൂപ കടം വാങ്ങുകയുണ്ടായി? 03-10-2003 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുപ്രകാരം 14,310 കോടി രൂപ. ആകെ കടബാദ്ധ്യത എത്ര? 34, 720 കോടി രൂപ." 2001-ൽ അധികാരത്തിൽ വന്ന യു. ഡി. എഫ്. സർക്കാർ നാല് ബഡ്ജറ്റുകൾ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തന്നെ നൽകിയ കണക്ക് അനുസരിച്ച് കടബാദ്ധ്യത ഇപ്പോൾ 34,720 കോടി രൂപയാണ്. രണ്ടേമുക്കാൽ കൊല്ലം കൊണ്ട് ഈ സംസ്ഥാനത്തെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ വന്ന യു. ഡി. എഫ്. സർക്കാർ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വരുത്തിവച്ച കടം 14,310 കോടി രൂപയാണ്. നിങ്ങൾ പരിഹസിച്ച നിങ്ങൾ ആക്ഷേപിച്ച എൽ. ഡി. എഫ്. ഭരണം, ശ്രദ്ധേയമായ ഒരുപാട് വികസന പ്രവർത്തനങ്ങൾ ഈ നാട്ടിൽ നടപ്പിലാക്കിയ എൽ.ഡി.എഫ്. ഭരണം അഞ്ച് കൊല്ലം കൊണ്ട് കൂട്ടിച്ചേർത്ത കടം 7,750 കോടി രൂപയാണ്. ആ സ്ഥാനത്ത് രണ്ടരക്കൊല്ലം കൊണ്ട് അതിന്റെ ഇരട്ടിയായ 14,310 കോടി രൂപ പുതിയ സർക്കാർ ഖജനാവിന് കടബാദ്ധ്യതയായിരിക്കുന്നു. മറ്റൊരു ചോദ്യമുണ്ട്. ബഹുമാനപ്പെട്ട രാധാകൃഷ്ണന്റെ ചോദ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? ഉത്തരം വളരെ കൃത്യമാണ്. 25,256 പേർ. ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ അടയ്ക്കാൻ കഴിയാത്തതുമൂലവും ആത്മഹത്യചെയ്തവർ എത്ര? ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതകളിൽപ്പെട്ട് ആത്മഹത്യചെയ്ത കുടുംബങ്ങൾ എത്ര? ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും 301 പേരും മറ്റ് കടബാദ്ധ്യതകൾമൂലം 70 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും ഭീതിജനകമായ ഒരു ചിത്രമാണ് ഈ മൂന്ന് വർഷത്തെ ബഡ്ജറ്റിലും പറയുന്നത്. സർക്കാരിന്റെ 2003-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2002-ൽ കേരളത്തിന്റെ ആളോഹരി കടം 8,342 രൂപയാണ്. ഒരുപക്ഷേ നമ്മുടെ നാട്ടിൽ ആളോഹരി കടം കേരളത്തേക്കാൾ ഉയർന്ന രണ്ടോമൂന്നോ സംസ്ഥാനങ്ങൾ മാത്രമേയുള്ളൂ. ആന്ധ്രാപ്രദേശിനേയും കർണ്ണാടകത്തേയും തമിഴ്നാടിനേയും ഇക്കാര്യത്തിൽ കേരളം പിന്നിലാക്കിയിരിക്കുകയാണ്. കടവും കമ്മിയും കൂടുന്നു എന്ന തലക്കെട്ടിൽ മലയാള മനോരമയ്ക്ക് തന്നെ അത് റിപ്പോർട്ട് ചെയ്യേണ്ടിവന്നു. സംസ്ഥാനത്തെ കടബാദ്ധ്യത രണ്ടര വർഷം കൊണ്ട് 45 ശതമാനമാണ് കൂടിയത്. ഇതാണ് ഈ മൂന്ന് വർഷത്തെ ബഡ്ജറ്റ് രേഖകൾ കാണിക്കുന്ന ചിത്രം. കോടിക്കണക്കിന് രൂപ കടമെടുത്തിട്ട് ഒരിഞ്ചുപോലും സംസ്ഥാനത്തെ സാമ്പത്തികമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കാതിരിക്കുന്നതിൽ റെക്കോർഡ് സൃഷ്ടിച്ച സർക്കാരാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. സർക്കാർ. ഈ ബഡ്ജറ്റ് മാത്രമല്ല, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച നാല് ബഡ്ജറ്റുകളും പരിശോധിച്ചാൽ ആദ്യത്തെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾപോലും അതേപടി നിൽക്കുകയാണ്. പ്രഖ്യാപനങ്ങൾക്ക് ഒരു കുഴപ്പവുമില്ല. ആദ്യത്തെ ബഡ്ജറ്റിലെ പ്രഖ്യാപനം എന്താണ്? അഞ്ച് വർഷം കൊണ്ട് 5 ലക്ഷം പേർക്ക് സ്ഥിരമായ തൊഴിലും 15 ലക്ഷം പേർക്ക് തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് 2002-2003-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആറാം പേജിൽ പറയുന്നു. തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യം വികസിപ്പിക്കാൻ 210 കോടി രൂപ. ഒറ്റ രൂപ പോലും ചെലവഴിച്ചിട്ടില്ല. 2002-2003, 2003-2004 ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങൾ നല്ലതാണ്. പാവപ്പെട്ടവർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ ഫണ്ട് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു. ഇതിലേക്കായി 2002-2003-ൽ 25 കോടിരൂപയും 2003-2004-ൽ 48 കോടിരൂപയും നീക്കിവച്ചു. എന്നാൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. 2003-2004-ലെ ബഡ്ജറ്റിൽ കാർഷിക വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കാൻ 50 കോടി രൂപ നീക്കിവച്ചു, പേജ് 11 ഖണ്ഡിക 26-ൽ. 2002-2003-ലെ ബഡ്ജറ്റിൽ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനും തൊഴിലിനും വേണ്ടി 101 കോടി രൂപ നീക്കിവച്ചു. ഒരു രൂപ പോലും ചെലവഴിച്ചില്ല. പാവപ്പെട്ടവർക്ക് സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് Assets Renewal Fund 25 കോടി രൂപയുടെ പ്രഖ്യാപനം നടത്തി. അതും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. ആറ് മാസം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ പ്രൈമറിതലം വരെയുള്ള കുട്ടികൾക്ക് ഒരു കപ്പ് പാലും ഷേക്ക്ഹാൻഡും പദ്ധതിക്ക് 5 കോടി രൂപ പ്രഖ്യാപിച്ചു. ഇപ്പോൾ പാലില്ല. ഷേക്ക്ഹാൻഡ് മാത്രമാണുള്ളത്. നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങളോടുപോലും വാഗ്ദാനലംഘനം നടത്തിയ സർക്കാരാണ്. പഴയകാലത്തെ രാജാക്കൻമാർ കുഞ്ഞുങ്ങളെ ഉപദ്രവിച്ചിട്ടില്ല. കംസൻ മാത്രമേ ഉപദ്രവിച്ചിട്ടുള്ളൂ. കുഞ്ഞുങ്ങളോടുപോലും നീതി കാണിക്കാത്ത, കരുണ കാണിക്കാത്ത, കുട്ടികളോടുപോലും വാഗ്ദാനം പാലിക്കാത്ത ഒരു സർക്കാരാണ് ഇവിടെ ഭരിക്കുന്നത്. മലയോര ഹൈവേയെക്കുറിച്ചും മലയോര വികസന അതോറിറ്റിയെക്കുറിച്ചും ബഡ്ജറ്റിനു ശേഷം പത്രങ്ങളിൽ വലിയ വാർത്തകളാണ് വന്നത്. മലയോര വികസന അതോറിറ്റിയും മലയോര ഹൈവേയും ഇതാ നാളെ വന്നുതുടങ്ങിയിരിക്കുന്നു എന്ന രീതിയിലുള്ള പ്രചരണമാണ്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഒക്കെ മലയോര ഹൈവേക്കും അതോറിറ്റിക്കും വേണ്ടി കേരള നിയമസഭയിൽ ഒരുപാട് ശബ്ദമുയർത്തിയ ആളുകളാണ്. എന്തിനാണ് ജനങ്ങളെ ഇങ്ങനെ പറ്റിക്കുന്നത്? മലയോരത്തെ നിഷ്കളങ്കരായ ജനങ്ങളെ പാർലമെന്റ് തെരഞ്ഞെടുപ്പിന് പ്രലോഭിപ്പിച്ച് വോട്ട് നേടുന്നതിനുവേണ്ടി 2001-ലെ ബഡ്ജറ്റിൽ തന്നെ പ്രഖ്യാപിക്കുകയും മൂന്ന് കൊല്ലം കഴിഞ്ഞിട്ടും നടപ്പിലാക്കാൻവേണ്ടി ഒന്നും ചെയ്യാതിരിക്കുകയും ഇനി അടുത്തകാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കാത്തതുമായ മലയോര വികസന അതോറിറ്റിയും മലയോര ഹൈവേയും പറഞ്ഞ് പാവപ്പെട്ട ജനങ്ങളെ വഞ്ചിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഒരു കാര്യം

കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വികസനത്തെക്കുറിച്ച് പറയുമ്പോൾ എൽ. ഡി. എഫ്. ഗവണ്മെന്റിന്റെ കാലത്ത് നടത്തിയ ഏറ്റവും പ്രധാനപ്പെട്ട വികസനങ്ങൾ ഇപ്പോൾ യു. ഡി. എഫ്. .....

മി. സ്പീക്കർ: Yes, You please conclude....

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബ്രിഡ്ജസ് ആന്റ് റോഡ്സ് കോർപ്പറേഷൻ രൂപീകരിച്ച് മലബാറിൽ റെയിൽവേ ഓവർബ്രിഡ്ജുകൾ നടപ്പിലാക്കി. അത് ഓരോന്നായി ഇന്ന് ഉദ്ഘാടനം ചെയ്യുകയാണ്. മലബാറിൽ ഒരൊറ്റ പുതിയ വികസന പ്രവർത്തനവും ഈ രണ്ടേമുക്കാൽ വർഷത്തിനിടയിൽ അനുവദിക്കാൻ കഴിയാത്ത ഒരു ഗവണ്മെന്റാണിത്. കടബാദ്ധ്യതയിലേക്ക് കേരളത്തെ തള്ളിവിട്ടുകൊണ്ട് നയരാഹിത്യം നയമായി സ്വീകരിച്ചിട്ടുള്ള ഈ സർക്കാരിന്റെ വോട്ട് ഓൺ അക്കൗണ്ടാണിത്.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഭരണഘടനയിലെ
2 P. M.] ആർട്ടിക്കിൾ 206(1) അനുസരിച്ചാണ് Vote on Account System ഇവിടെ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട ഒരു നടപടിക്രമമാണ് Vote on Account. പാർലമെന്റ് ഇലക്ഷൻ ഉടനെതന്നെ ഉണ്ടാകും എന്നുള്ളതുകൊണ്ട് ആ സിസ്റ്റം തന്നെ തുടരേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇത് സ്ഥിരം പരിപാടിയായി തുടർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സിസ്റ്റം ഉപേക്ഷിച്ച് ഫുൾ ബഡ്ജറ്റ് തന്നെ ഈ വർഷം കൊണ്ടുവരാനുള്ള ശ്രമങ്ങളുമായി മുന്നോട്ട്വന്നതാണ്. വളരെ ധീരമായ ചുവടുവയ്പ് തന്നെയായിരുന്നു ദൗർഭാഗ്യവശാൽ തെരഞ്ഞെടുപ്പ് പെട്ടെന്ന് വരുന്നതുകൊണ്ടാണ് ഇത് നടത്താൻ പറ്റാതെ പോയത്. ഈ സിസ്റ്റം നടപ്പിലാകാത്തതുകൊണ്ട് നമുക്ക് ഒരു വർഷത്തെ പൂർണ്ണമായ പ്ലാനിംഗ്, സാമ്പത്തിക ആസൂത്രണം നടത്താൻ പറ്റുന്നില്ല എന്ന് മാത്രമല്ല ഒരു വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ് എന്നതിനേക്കാൾ എട്ട് മാസത്തേക്ക് മാത്രമുള്ള ഒരു ബഡ്ജറ്റ് ഡോക്യുമെന്റായി മാറുകയാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട നടപടിക്രമത്തെ, നിയമസഭയ്ക്കകത്തുള്ള നടപടിക്രമങ്ങളെ ലഘൂകരിക്കുന്നതിനുവേണ്ടി പല മന്ത്രിസഭകളും പല ഗവൺമെന്റുകളും പല സംസ്ഥാനങ്ങളും ഇത് ആവർത്തിക്കുകയാണ്. എന്തായാലും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ തന്നെ ഈ നിയമസഭയ്ക്കും സബ്ജക്ട് കമ്മിറ്റികൾക്കുമുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കിക്കൊണ്ട് നടത്തുന്ന ഈ സിസ്റ്റത്തിന് അവസാനം ഉണ്ടാകും എന്ന് ഞാൻ ആമുഖമായി പറയുകയാണ്. നമ്മുടെ രാജ്യത്തേയും വിവിധ സംസ്ഥാനങ്ങളിലേയും സാമ്പത്തിക രംഗം പരിശോധിച്ചാൽ ഏറ്റവും ഫലപ്രദമായ ബ്രേക്ക് ഉണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

വർഷമായിരുന്നു 2002-2003. വലിയ മാറ്റം ഉണ്ടായില്ലെങ്കിൽപ്പോലും മറ്റ് സംസ്ഥാനങ്ങളിലേയും കേന്ദ്രത്തിലേയും വർദ്ധിച്ചുവരുന്ന റവന്യൂ കമ്മിയെക്കുറിച്ചും, ധന കമ്മിയെക്കുറിച്ചുമുള്ള ബോധ്യം സംസ്ഥാനങ്ങൾക്കുണ്ടായി എന്നുള്ളതിന് ഏറ്റവുംവലിയ തെളിവാണിത്. പല സംസ്ഥാനങ്ങളും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നു. ധന കമ്മി കുറച്ചു കൊണ്ടുവരണം എന്നുള്ള ശ്രമങ്ങളുമായിട്ടാണ് മുന്നോട്ട്പോകുന്നത്. റവന്യൂ വരുമാനത്തിൽ വർദ്ധിച്ചുവരുന്ന കുറവും റവന്യൂ ചെലവ് അനിയന്ത്രിതമായി വർദ്ധിക്കുന്നതും, ധന കമ്മിയെ സാരമായി ബാധിക്കുന്നു. ആ ധന കമ്മി നികത്തുന്നതിനുവേണ്ടി പൊതു കടം വല്ലാതെ വർദ്ധിക്കുന്നു. എല്ലാ സംസ്ഥാനങ്ങളും കടം വാങ്ങിയ തുകയുടെ പകുതിയിലേറെയും റവന്യൂ ചെലവിനായും, വികസനേതര ചെലവിനായും ഉപയോഗിക്കുന്നു. ഇങ്ങനെ വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി എല്ലാ സംസ്ഥാനങ്ങളേയും വമ്പിച്ച കടക്കെണിയിൽ ആഴ്ത്തും. പൊതു കടം വർദ്ധിപ്പിച്ച് റവന്യൂ വരുമാനംകൊണ്ട് ഡെഡ് സർവ്വീസ് നടത്തി അത് ഉൾപ്പെടെ കാണാകയങ്ങളിലേക്ക് ആണ്ട് പോകുന്നു എന്നുള്ള കാര്യം ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ബോധ്യപ്പെട്ട ഒരു സാമ്പത്തിക വർഷമായിരുന്നു 2002-03. അതുകൊണ്ടുതന്നെ അതിനെക്കുറിച്ചുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും നിയമനിർമ്മാണം തന്നെ നടത്തിയ ഒരു വർഷമായിരുന്നു. നമ്മുടെ സംസ്ഥാനവും ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസാക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ നടത്തിയിരുന്നു. റവന്യൂ കമ്മി കുറച്ച് സമ്പദ്ഘടനയെ ശക്തമാക്കുക എന്നുള്ളതായിരുന്നു ലക്ഷ്യം. പല സംസ്ഥാനങ്ങളും പല രീതിയിലാണ് ഇതിനെ സമീപിച്ചത്. ചെലവ് കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കഴിഞ്ഞ ഗവൺമെന്റ് ഉൾപ്പെടെ പല ഗവൺമെന്റുകളും നടത്തിയ ഫ്രഷ് റിക്രൂട്ട്മെന്റുകളും പോസ്റ്റ് ക്രിയേഷനുകളുമൊക്കെ റെസ്ട്രിക്ട് ചെയ്യാനുള്ള നടപടിക്രമങ്ങൾ പല സംസ്ഥാനങ്ങളിലും ഇന്നും അനുവർത്തിച്ചു വരികയാണ്. Public Sector Restructuring, അതുപോലെതന്നെ പവർ സെക്ടറിലുണ്ടായിരുന്ന പരിഷ്കാരങ്ങൾ ഇവയെല്ലാം ഓരോ സംസ്ഥാനങ്ങളേയും സാമ്പത്തിക കടക്കെണിയിൽ ആക്കുന്ന സംഭവങ്ങളാണെന്നുള്ളതുകൊണ്ടുതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾ റീ സ്ട്രക്ച്ചർ ചെയ്യാനും പവർ സെക്ടറിൽ റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചുകൊണ്ടുള്ള പരിഷ്കരണ നടപടികളുമായി പല സ്റ്റേറ്റുകളും മുന്നോട്ട് പോകുന്നത്. അതിനെ അതിജീവിച്ചുകൊണ്ട്, പല സ്റ്റേറ്റുകളും വൈദ്യുതി, വെള്ളം, ഗതാഗതം എന്നിവയുടെ കാര്യത്തിൽ യൂസർ ചാർജ്ജ് ഏർപ്പെടുത്തുകയാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള എല്ലാ ശ്രമങ്ങൾക്കും പ്ളാനിംഗ് കമ്മീഷന്റെ പൂർണ്ണമായ പിൻതുണയുണ്ട്. നികുതി പണം മുഴുവൻ എങ്ങനെയാണ് വീതം വയ്ക്കേണ്ടത്, സംസ്ഥാനങ്ങളിലും കേന്ദ്രത്തിനും ഇടയിൽ വിതരണം ചെയ്യേണ്ടത് എന്നുള്ള കാര്യത്തെക്കുറിച്ച് പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ Terms of Reference-ൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി പറയുന്നുണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി തുക വിതരണത്തെക്കുറിച്ചും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും, പുറത്തുനിന്നും സംസ്ഥാനങ്ങളിലേക്ക് റവന്യൂ ഗ്രാന്റ് കൊടുക്കുന്നത് സംബന്ധിച്ചും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക സപ്ലിമെന്റ് ചെയ്യാനുള്ള സംവിധാനങ്ങൾ, ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് നടത്താനുള്ള അവകാശങ്ങൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചും പുതിയ ധനകാര്യ കമ്മീഷന്റെ Terms of Reference-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. പന്ത്രണ്ടാം പ്ലാനിംഗ് കമ്മീഷന്റെ Terms of Reference-ന്റെ Clause – 4 കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ധന സ്ഥിതിയെക്കുറിച്ച് റിവ്യൂ ചെയ്യാനും റീ സ്ട്രക്ച്ചർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ളതാണ്. കേന്ദ്രത്തിൽ സാമ്പത്തിക രംഗത്ത് ഉന്നതമായ പുരോഗതി രാജ്യം കൈവരിച്ചിട്ടുണ്ടെന്ന് ബി. ജെ. പി. ഗവൺമെന്റ് വ്യാപകമായ പ്രചരണം നടത്തുകയാണ്. നമ്മുടെ രാജ്യത്തിന്റെ ഫോറിൻ എക്സ്ചേഞ്ച് നൂറ് ബില്യൺ ഡോളർ കവിഞ്ഞു എന്നതാണ് ഏറ്റവും വലിയ നേട്ടമായി പറയുന്നത്. 1991-ൽ ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായി അധികാരം ഏൽക്കുമ്പോൾ ശ്രീ. മൻമോഹൻ സിംഗ് ധനകാര്യ മന്ത്രി ആയിരുന്നു. അതിനുമുൻപ് കേന്ദ്രം ഭരിച്ചിരുന്നത് ചന്ദ്രശേഖറിന്റെ ഗവൺമെന്റായിരുന്നു. അന്ന് ഫോറിൻ എക്സ്ചേഞ്ച് റിസർവ് ഒരു ബില്യൺ ഡോളർ ആയി താഴ്ന്നപ്പോൾ ബ്രിട്ടനിലുള്ള സ്വർണ്ണം മുഴുവൻ ലണ്ടനിൽ പണയം വെച്ചാണ് നമ്മുടെ Balance of Payment നിലനിർത്തിക്കൊണ്ടിരുന്നത്. അന്ന് അധികാരത്തിൽ വന്ന കോൺഗ്രസ് ഗവൺമെന്റിന് രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെക്കുറിച്ചുള്ള കൃത്യമായ ബോധ്യം ഉണ്ടാകുകയും ഒരു പുതിയ സാമ്പത്തിക സമീപനം കൈവരുത്തിക്കൊണ്ടുള്ള കർശനമായ സാമ്പത്തിക നിയന്ത്രണങ്ങളും, പുതിയ സമ്പത്ത് വ്യവസ്ഥ തന്നെ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് എന്തെല്ലാം ആക്ഷേപങ്ങൾ ഉണ്ടെങ്കിലും അന്ന് എടുത്ത കർശനമായ നടപടികളും പരിഷ്കാരങ്ങളും, ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ പരിഷ്കാരങ്ങളുമാണ് ഇന്ന് നമ്മുടെ രാജ്യത്തെ 100 ബില്യൺ ഡോളർ ഫോറിൻ എക്സ്ചേഞ്ച് റിസർവിൽ കൊണ്ടെത്തിച്ചത് എന്നുള്ളത് ചാരിതാർത്ഥ്യത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ റവന്യൂ കമ്മി വർദ്ധിച്ചുവരികയാണ്. 1200 കോടിരൂപയോളം ഇലക്ട്രിസിറ്റി ബോർഡ് വരുത്തിവച്ച കടം കൊടുത്തു തീർക്കുന്നതിനുവേണ്ടി ചെലവാക്കി. കഴിഞ്ഞ ഗവൺമെന്റ് വരുത്തിവച്ച കടത്തെക്കുറിച്ചൊന്നും ഞാൻ ഇവിടെ ആവർത്തിക്കാൻ ശ്രമിക്കുന്നില്ല. നമ്മുടെ റവന്യൂ കമ്മി വർദ്ധിക്കുന്നതിന് ഇടയായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി എണ്ണിഎണ്ണി സഭയിൽ പറഞ്ഞു. ഇവിടെ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ചോദിച്ചു എന്തുകൊണ്ടാണ് കടം വർദ്ധിക്കുന്നതെന്ന്? നായനാർ ഗവൺമെന്റാണ് കേരളത്തെ കടക്കെണിയിലാക്കിയത് എന്ന് ആരോപിക്കുന്ന യു. ഡി. എഫ്. സർക്കാർ വന്നപ്പോൾ എന്തുകൊണ്ടാണ് കടം വർദ്ധിച്ചുവരുന്നത്? കടം എടുത്തതു തീർക്കണ്ടേ? മാത്രമല്ല വരുമാനത്തിന്റെ നല്ലൊരു തുകയും അന്ന് എടുത്ത കടത്തിന്റെ debt service

LIBRARY ARCHIVES Kerala Legislative Assembly

charge ആയി പോകുകയാണ്. പതിനാലായിരം കോടി രൂപ ഒരു സംസ്ഥാനത്തിന് കടം ഉണ്ടെങ്കിൽ ഓരോ വർഷത്തേയും വരുമാനത്തിലെ ഭീമമായ തുക ഡെപ്റ്റ് സർവ്വീസ് ചാർജ്ജായി പോകുകയാണ്. എവിടെ നിന്നാണ് പണം ഉണ്ടാകുന്നത്? റവന്യൂ വരുമാനം അതുപോലെ തന്നെ തുടരുകയാണ്. ടാക്സിന് റിക്കോർഡ് കളക്ഷൻ ഉണ്ടായിട്ട് പോലും സമ്പദ്വ്യവസ്ഥയെ പിടിച്ചുനിർത്താൻ കഴിയാതെ വരുമ്പോൾ എല്ലാ ഗവൺമെന്റുകളും ചെയ്യുന്നത് പൊതുക്കടം എടുക്കുകയാണ്. പൊതുക്കടം വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം പഴയ കടം അടച്ചുതീർക്കുന്നതു കൊണ്ടും പഴയ കണക്കിന്റെ ഡെഡ് സർവ്വീസ് ചാർജ്ജ് കൊടുക്കുന്നതുകൊണ്ടുമാണ്. ഇപ്പോഴും കടം എടുക്കേണ്ട സ്ഥിതി വന്നിരിക്കുന്നത്, മഴ പെയ്തുതീർന്നാലും മരം പെയ്യും എന്നുപറഞ്ഞതുപോലെ നായനാർ ഗവൺമെന്റിന്റെ അഞ്ചു വർഷക്കാലത്തെ ധനകാര്യ മിസ്മാനേജ്മെന്റ് കൊണ്ട് അവർ പോയി കഴിഞ്ഞിട്ടും മരം പെയ്തു കൊണ്ടിരിക്കുകയാണ് . കടം കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിയാത്ത അവസ്ഥയാണ്. നമ്മുടെ റവന്യൂകമ്മി കുറച്ചുകൊണ്ടുവന്നേ മതിയാകൂ. റവന്യൂ കമ്മി എല്ലാ വർഷവും വർദ്ധിക്കുന്നത് നല്ല ട്രെൻഡ് അല്ല. മാത്രമല്ല, കഴിഞ്ഞ വർഷം നമ്മൾ വളരെ ഉത്തരവാദിത്തത്തോടുകൂടി മീഡിയം ടേം ഫിസ്കൽ പോളിസിയായി ഫിസ്കൽ റസ്പോൺസിബിലിറ്റി ബിൽ പാസ്സാക്കിയതാണ്. അതിന്റെ പ്രൊവിഷൻ അനുസരിച്ചു തന്നെ അഞ്ചു വർഷക്കാലത്തിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കി വരണം എന്നാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ആ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഇനിയുള്ള വർഷങ്ങളിൽ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനുള്ള ധീരമായ തീരുമാനങ്ങൾ നമ്മൾ എടുത്തേ മതിയാകൂ. ഈ ബഡ്ജറ്റ് ചർച്ചയുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ ആക്ഷേപം ഉണ്ടായത് മോഡേണൈസേഷൻ ഇൻ ഗവൺമെന്റ് പ്രോഗ്രാമിനെക്കുറിച്ചാണ്. എ. ഡി. ബി.-യിൽ നിന്നും പണം വാങ്ങി 600 കോടി രൂപ ചെലവാക്കി ഭരണപരിഷ്കാരത്തിനുവേണ്ടി ആന്റണി ഗവൺമെന്റ് പണം ആറ്റിൽ കളയുന്നു എന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പലരും സംസാരിച്ചത്. നമ്മുടെ സംസ്ഥാനത്ത് ഭരണ പരിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിനുള്ള എത്രയോ ശ്രമങ്ങൾ ഉണ്ടായി? 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് ഇ. എം. എസ്. കമ്മീഷൻ, പിന്നീട് വെള്ളോടി കമ്മീഷൻ, ഇ. കെ. നായനാർ കമ്മീഷൻ അങ്ങനെ ഒരുപാട് പരിഷ്കാരങ്ങളുണ്ടായി; ശുപാർശകളുണ്ടായി. പക്ഷേ ഒന്നും നടപ്പിലാക്കാനുള്ള ധീരത ഒരു ഗവൺമെന്റും കാണിച്ചില്ല. 1920-ൽ സായ്പിന്റെ കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ പരിഷ്കാര നടപടികൾക്ക് ശേഷം 84 വർഷങ്ങൾ കഴിഞ്ഞ് ഭരണരംഗത്ത് പരിഷ്കാരം ഉണ്ടാക്കാനുള്ള ശ്രമവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. 2000-ത്തിൽ നമ്മുടെ റവന്യൂ വരുമാനത്തിന്റെ 105% ശമ്പളത്തിനും പെൻഷനും പലിശയ്ക്കും വേണ്ടിയാണ് ചെലവഴിച്ചത്. നമ്മുടെ ഒരു വർഷത്തെ റവന്യൂ വരുമാനത്തിന്റെ 105% ശമ്പളത്തിനും പെൻഷനും പലിശയ്ക്കും വേണ്ടിയാണ് ചെലവാക്കിയതെങ്കിൽ ഈ വർഷം ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രാദ്ധ്യാപകൻ ഇക്കണോമിക്സ് ക്ളാസിൽ തെറ്റായി കയറി എന്ന് ആക്ഷേപിച്ച ബഹുമാനപ്പട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി ആയിരിക്കുമ്പോൾ 105% എന്നുള്ളത് 85% ആയി കുറച്ചുകൊണ്ടുവരാൻ ധനകാര്യ മാനേജ്മെന്റ് കൊണ്ട് കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടമായി ഞങ്ങൾ കാണുന്നത്. എം. ജി. പി. എന്നു പറയുന്നതിന് എല്ലാ സുതാര്യതയുമുണ്ട്. എം. ജി. പി.-യുടെ വെബ്സൈറ്റ് നോക്കിയാൽ എം. ജി. പി.-ക്കുവേണ്ടി എങ്ങനെയാണ് പണം ചെലവഴിക്കുന്നത് എന്ന് കൃത്യമായ വിവരങ്ങൾ കാണാൻ കഴയും. സംസ്ഥാന ഗവൺമെന്റിന്റെ പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പുസ്തകം അച്ചടിച്ച് പബ്ളിഷ് ചെയ്തിട്ടുണ്ട്. എന്താണ് എം. ജി. പി. എന്ന് വ്യക്തമായ രീതിയിൽ എല്ലാ എം. എൽ. എ-മാരുടേയും മേശപ്പുറത്ത് ആ പുസ്തകം ഉണ്ട്. എന്നിട്ടും സഭയിൽ വന്ന് എം. ജി. പി.-ക്ക് സുതാര്യത ഇല്ല എന്ന് ആക്ഷേപിക്കുന്നത് ശരിയല്ല. വിദേശ സഹായം നമുക്ക് വേണ്ടേ? വിദേശ സഹായം വാങ്ങാൻ പാടില്ലെന്നാണോ നിങ്ങൾ പറയുന്നത്? വിദേശ ഫണ്ട് വാങ്ങിച്ചു തന്നെയാണ് സംസ്ഥാനത്ത് ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിൽ ഫയൽ മാറ്റി വയ്ക്കാനും, ഷെൽഫ് പണിയാനും, മേശ പണിയാനുമല്ല 600 കോടി രൂപ ചെലവാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും, സാമൂഹ്യ ക്ഷേമ രംഗങ്ങളിലും മറ്റ് മേഖലകളിലും എല്ലാം ഈ പണം ചെലവാക്കുന്നുണ്ട്. സുതാര്യതയോടുകൂടിയാണ് ഈ പദ്ധതി ഗവൺമെന്റ് നടപ്പിലാക്കുന്നത്. നമ്മുടെ വിദേശ സഹായം എത്രയാണ്? 9-ാം പദ്ധതിയനുസരിച്ച് ഇൻഡ്യക്ക് ലഭിച്ച വിദേശ സഹായം എന്നു പറയുന്നത് 36,195 കോടി രൂപയാണ്. കേരളത്തിന് കിട്ടിയത് 36,195 കോടി രൂപയിൽ കേവലം 295 കോടി രൂപ മാത്രമാണ്. ആളോഹരി കണക്കിൽ ദേശീയ ശരാശരി എന്നു പറയുന്നത് ഒരാൾക്ക് 70.42 രൂപ വച്ച് വിദേശ സഹായം കിട്ടിയിട്ടുണ്ട്. പക്ഷേ ദേശീയ ശരാശരി 70 രൂപയുള്ളപ്പോൾ കേരളത്തിന്റെ ശരാശരി വിദേശ സഹായം ആളോഹരിക്ക് 18 രൂപ മാത്രമാണ്. ആന്ധ്രാപ്രദേശിന് 221 രൂപ ആളോഹരി വരുമാനം വിദേശ സഹായമായി കിട്ടിയിട്ടുണ്ട്. ബംഗാളിൽ 88 രൂപ കിട്ടിയിട്ടുണ്ട്. ഒരു കേരളീയന് ലഭിച്ച വിദേശസഹായത്തിന്റെ അഞ്ച് ഇരട്ടി സഹായം ഒരു ബംഗാളിക്ക് കിട്ടിയിട്ടുണ്ട്. എന്നിട്ടും വിദേശ സഹായത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട തോമസ് ഐസക് എപ്പോഴും വിദേശ കാര്യങ്ങൾ സംസാരിക്കുന്ന ആളാണ്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് എല്ലാത്തിനെക്കുറിച്ചും സംസാരിക്കുന്ന ആളാണ്. അദ്ദേഹം സി. ഡി. റേഷ്യോയെക്കുറിച്ചും, ഫ്രീ സോഫ്ട് വെയറിനെക്കുറിച്ചും ലിനക്സിനെക്കുറിച്ചും സംസാരിക്കുന്ന ആളാണ്. ഞങ്ങൾ കേന്ദ്രത്തിലും, കേരളത്തിലും കൊണ്ടുവന്ന സാമ്പത്തികമായ അപ്രോച്ച്, ധനകാര്യ വകുപ്പുമന്ത്രിയും കോൺഗ്രസ്സ് നേതാവും, യു. ഡി. എഫ്. കൺവീനറുമായിരുന്ന ശ്രീ. കെ. ശങ്കരനാരായണൻ കൊണ്ടുവന്ന ഈ ബഡ്ജറ്റിലെ സമീപനത്തിനു വിരുദ്ധമായി എന്തെങ്കിലും നിർദ്ദേശം, സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ബദൽ നിർദ്ദേശം മുന്നോട്ടു വയ്ക്കാൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറുണ്ടോ? എന്തെങ്കിലും ഒരു നിർദ്ദേശം ഈ നിയമസഭയിൽ പറയാനോ, ഈ സാമ്പത്തിക സമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു മാർക്സിയൻ തത്വത്തിലധിഷ്ഠിതമായ ഒരു സാമ്പത്തിക ബദൽ നിർദ്ദേശം നിങ്ങൾക്ക് മുന്നോട്ടു വയ്ക്കാനുണ്ടോ? അതിനുള്ള അടിത്തറ കേരളത്തിലെ സി. പി. ഐ. (എം.)-ന് ഇല്ല. അതിന്റെ ധാർമ്മികമായ അവകാശവും അവർക്കില്ല. സാമ്പത്തികമായ ബദൽ നിർദ്ദേശങ്ങൾ വയ്ക്കാൻ പറ്റിയ കരുത്തുള്ള ഒറ്റ നേതാക്കൻമാരും ഇല്ല.

<u>ശ്രീ. തമ്പാനൂർ രവി:</u> കഴിഞ്ഞ 10 വർഷത്തെ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സി. ഡി. റേഷ്യോ ഈ വർഷം ഉണ്ടെന്ന് അറിയാമോ? അത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ മെച്ചം കൊണ്ടാണെന്ന് അങ്ങേക്ക് അറിയാമോ?

<u>ശ്രീ. വി. ഡി. സതീശൻ:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. സി. ഡി. റേഷ്യോ ഏറ്റവും നന്നായി മെച്ചപ്പെട്ട വർഷമാണിത്. ഞാൻ പറയുന്നത് ബദൽ സാമ്പത്തിക നിർദ്ദേശങ്ങൾ വയ്ക്കാൻ കരുത്തുള്ള ഒരു നേതൃത്വം ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്കില്ല. അവർ ഇപ്പോൾ ഭരണത്തിന്റെ എല്ലാ മധുരവും നുണയാൻ വെമ്പുന്ന, അധികാരത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത, സ്നേഹത്തിന്റെ ഉറവ വറ്റിപ്പോയ കുറേ ജീവൽസ്വരൂപങ്ങളായി മാറിയിരിക്കുന്നു. വ്യാഖ്യാനിക്കാനും സാമ്പത്തികമായ ബദൽ നിർദ്ദേശങ്ങൾ പറയാനുമുള്ള ഒരു നേതൃത്വം നിങ്ങൾക്കുണ്ടായിരുന്നു. ഇന്ന് കേരളത്തിൽ സി. പി. ഐ. (എം.)-ന് അങ്ങനെ സാമ്പത്തികമായ ബദൽ നിർദ്ദേശങ്ങൾ പറയുവാൻ കരുത്തുള്ള നേതൃത്വം ഇല്ല. മറിച്ച് ഉണക്ക നേതൃത്വമാണ് ഇപ്പോൾ സി. പി. ഐ. (എം.)-ന് ഉള്ളതെന്നാണ് യാഥാർത്ഥ്യം. ശത്രുതയിൽ നിന്നും അസൂയയിൽ നിന്നും അറിവില്ലായ്മയിൽ നിന്നും ഉണ്ടാകുന്ന ഗ്രൂപ്പിസത്തെ താത്വികപ്രശ്നമായി കൗശലപൂർവ്വം അവതരിപ്പിക്കുകയാണ്. ഇന്ന് ഉണ്ടാകുന്ന നാലാം ലോക പ്രശ്നവും പരലോക പ്രശ്നവുമെല്ലാം ഗ്രൂപ്പിസത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. ഞങ്ങളുടെ പാർട്ടിയിലെ ഗ്രൂപ്പിസത്തെക്കുറിച്ച് ആക്ഷേപിക്കുന്ന ആളുകളാണ് നിങ്ങൾ. ഇവരുടെ ഗ്രൂപ്പിസത്തെ താത്വിക പ്രശ്നമായി കൗശലപൂർവ്വം അവതരിപ്പിക്കുകയാണ്. ഇന്ന് ഇവർ പ്രതിപക്ഷത്ത് ഇരിക്കുന്നതിനാണ് ദുഃഖം. അധികാരം നുണയാൻ വേണ്ടി അവർ പരിശ്രമിക്കുകയാണ്. ഇപ്പോൾ സി. പി. ഐ. (എം.)-ന്റെ സ്ഥിതി എന്നു പറയുന്നത് ഒരു ഗർവിഷ്ഠ കാലത്തിന്റെ സായാഹ്നമാണ്. അതിന്റെ അസ്തമയ കാലമാണ്. പ്രതാപത്തോടെ ഗർവിഷ്ഠമായ ഒരു ഭരണകാലത്തിന്റെ സായാഹ്നത്തിലാണ് അവർ ജീവിക്കുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. ദേശീയ തലത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടാകുന്നതുപോലുള്ള സാമ്പത്തിക മാറ്റങ്ങൾ യാഥാർത്ഥ്യമായി തിരിച്ചറിഞ്ഞുകൊണ്ട് ഇൻഡ്യയിലെ സാമ്പത്തിക ഘടനയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞുള്ള ഒരു സമീപനം ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിലുണ്ട്. ഈ ബഡ്ജറ്റിനേക്കുറിച്ച് ഒരാക്ഷേപവും ഉന്നയിച്ചിട്ടില്ല. ഈ ബഡ്ജറ്റ് ജനകീയ ബഡ്ജറ്റാണെന്ന് പറയുന്ന ഇവർ ഉന്നയിക്കുന്ന ആക്ഷേപം പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ ഒരു ബഡ്ജറ്റ് എന്ന് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഈ ബഡ്ജറ്റിൽ അനാവശ്യമായ നികുതി നിർദ്ദേശങ്ങളില്ല. ഈ ബഡ്ജറ്റിൽ ജനങ്ങളെ പീഡിപ്പിക്കുന്ന അപ്രോച്ചില്ല എന്നുള്ളതാണ്. ഇതുതന്നെയാണ് ഈ ബഡ്ജറ്റിനുള്ള എറ്റവും വലിയ അംഗീകാരമായി ഞാൻ കാണുന്നത്.

ശ്രീ. പി. നാരായണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തെ കടക്കെണിയിലാക്കി എന്നുപറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് രണ്ടര വർഷം കൊണ്ട് കടബാധ്യതയുടെ കാര്യത്തിൽ റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 23,000 കോടി രൂപയാണ് കടം ഉണ്ടായിരുന്നത്. ഇപ്പോൾ 35,000 കോടി രൂപയാണ് കടമായിട്ടുള്ളത്. രണ്ടര വർഷം കൊണ്ട് 12,000 കോടി രൂപയുടെ കടബാധ്യതയാണ് ഈ സർക്കാർ വരുത്തിവച്ചത്. സാമ്പത്തിക ഉത്തരവാദിത്വ നിയമം പാസ്സാക്കി 2007-നകം ധന കമ്മി രണ്ട് ശതമാനമായി കുറയ്ക്കും എന്ന ധനകാര്യവകുപ്പുമന്ത്രിയുടെ ഉറപ്പ് ഇന്ന് ജലരേഖയായി മാറിയിരിക്കുകയാണ്. ധന കമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവരുമെന്ന മുൻ ഉപാധികളൊന്നും പാലിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റേയും സ്വിസ്സ് സർക്കാരിന്റേയും എ. ഡി. ബി.-യുടേയും പണം വൻ പലിശനിരക്കിൽ കടം എടുത്തുകൊണ്ട് ഈ രാജ്യത്തെ നശിപ്പിക്കുന്ന ഏർപ്പാടാണ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. വിദേശ മലയാളികളുടെ 48,000 കോടി രൂപയിലേറെ വരുന്ന ബാങ്ക് നിക്ഷേപത്തിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ പണം സ്വീകരിക്കാൻ ഈ സർക്കാരിന് എന്താണ് ഇത്ര മടിയെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കടം വാങ്ങിയ പണം കാര്യമായി ചെലവാക്കുന്നതിൽ ഈ സർക്കാർ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ധന വിനിയോഗ ബില്ലിനെപ്പറ്റി മേശപ്പുറത്തുവച്ച കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നത് മുതിർന്ന കോൺഗ്രസ് നേതാവ് ശ്രീ. കെ. കരുണാകരൻ തന്നെ ആരോപിച്ചതുപോലെ ഓരോ വകുപ്പും ഓരോ സാമ്രാജ്യമായാണ് പ്രവർത്തിക്കുന്നത്. ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്ന തുക മിക്കവാറും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നില്ല. കൃഷി, ഭക്ഷ്യം, സാമൂഹ്യക്ഷേമം, ജലസേചനം, വിദ്യാഭ്യാസം, റവന്യൂ, പോലീസ്, വ്യവസായം, ഭവന നിർമ്മാണം, എസ്.സി./എസ്.ടി. എന്നീ വകുപ്പുകളിലെല്ലാം കോടിക്കണക്കിന് രൂപയാണ് ലാപ്സായിക്കൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ കേന്ദ്രത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പരാമർശങ്ങൾക്ക് എന്ത് സമാധാനമാണ് ഈ സർക്കാരിന് പറയാനുള്ളത് എന്ന് എനിക്ക് അറിയാൻ ആഗ്രഹമുണ്ട്. പ്രിയദർശിനി പാരാമെഡിക്കൽ സെന്ററിലെ എസ്.സി./എസ്.ടി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ സ്റ്റൈപെന്റും മറ്റും കിട്ടാതെ 5 മാസംകൊണ്ട് കഷ്ടപ്പെടുകയാണ്. അവർ പട്ടികജാതി-പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ ഓഫീസിനുമുന്നിൽ നിരന്തരമായ സമരം നടത്തുന്നു. ഒരു പ്രയോജനവുമില്ല. ആ സാഹചര്യത്തിലും കോടികളാണ് ഇന്ന് ലാപ്സാക്കുന്നത്. 5 മാസമായി കുട്ടികളുടെ മെസ് പ്രവർത്തിക്കുന്നില്ല, അവർ പട്ടിണിയിലാണ് എന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി, എന്റെ സഹപ്രവർത്തകരായ ശ്രീ. എൻ. രാജനും, ശ്രീ. കുമാരനും ഞാനുമൊക്കെ ഡയറക്ടറേറ്റിൽ ചെന്നപ്പോഴാണ് കഥകളെല്ലാം ഞങ്ങളോട് പറഞ്ഞത്. ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ചർച്ച ചെയ്യുന്നതിന് അവിടെ എത്തിയപ്പോൾ അതിന്റെ ഡയറക്ടർ ഉൾപ്പെടെയുള്ള ആളുകൾ സ്ഥലത്തില്ലായിരുന്നു. പിന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇതിന് ഒരു പരിഹാരം ഉണ്ടാക്കാൻ അന്ന് ഉത്തരവിട്ടത്. അതിനുശേഷം ഇപ്പോഴും വളരെ കഷ്ടപ്പാട് തുടർന്നുകൊണ്ടിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് ഇന്ന് സ്കൂളുകളിൽ യഥാസമയം സ്റ്റൈപെന്റ് കിട്ടുന്നില്ല; അവർക്കാവശ്യമായ ബുക്കുകളും പുസ്തകങ്ങളും കിട്ടുന്നില്ല. അതിനെക്കുറിച്ച് നിരന്തരം പരാതിപ്പെട്ടിട്ടുപോലും ഒരു പരിഹാരവും ഉണ്ടാകുന്നില്ല. ഇതിനൊക്കെ ഒരു മാറ്റം വരുത്തണ്ടേ? എസ്.സി/ എസ്.ടി., ഒ.ബി.സി. വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സ്റ്റൈപെന്റും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങളുമെല്ലാം ട്രഷറി ബാൻ മൂലം കിട്ടാതെ വന്നിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഇതിന് ഒരു മാറ്റം വരുത്തണ്ടേ? ഇത് അവർക്ക് അവകാശപ്പെട്ടതല്ലേ? ഇവർക്ക് കൊടുക്കാൻ എന്താണ് മടി? ട്രഷറി ബാൻ മാറ്റുന്നതിനുവേണ്ടി എന്ത് നടപടിയാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്? ഹരിജനങ്ങളുടെ കാര്യത്തെക്കുറിച്ചും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കുറിച്ചുമെല്ലാം വായ്തോരാതെ സംസാരിക്കുന്ന ഒരു ഗവണ്മെന്റ് ഇത്തരം കാര്യങ്ങൾ കണ്ടില്ല എന്ന് നടിക്കുന്നത് ശരിയാണോ? മുൻ മന്ത്രിമാരായിരുന്ന പി. കെ. രാഘവനും, ശ്രീ. കെ. രാധാകൃഷ്ണനുമെല്ലാം എസ്.സി./എസ്.ടി. കുട്ടികളുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തിക്കൊണ്ടിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട ഡോ. എം. എ. കുട്ടപ്പൻ ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇത്തരം ഗൗരവമായ പ്രശ്നങ്ങൾ സഭയുടെ മുമ്പിൽ അവതരിപ്പിക്കുമ്പോഴും നേരിട്ട് നിവേദനം കൊടുക്കുമ്പോഴും അതൊന്നും കണ്ടില്ല എന്ന് നടിക്കുന്ന ഒരു സ്വഭാവമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണ്ടേ? അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നുണ്ടോ എന്നുള്ളതിന് ഒരു പരിശോധന വേണ്ടേ? കഴിഞ്ഞ കാലഘട്ടങ്ങളിൽ ഒരു രോഗി ഒരു ആപ്ളിക്കേഷൻ കൊടുത്തുകഴിഞ്ഞാൽ അതിന് പരിഹാരം ഒരാഴ്ചയ്ക്കുള്ളിൽ ഉണ്ടാകുമായിരുന്നു. ഇപ്പോൾ ഒരു ആപ്ളിക്കേഷൻ കൊടുത്തുകഴിഞ്ഞാൽ മറുപടിപോലും കിട്ടാത്ത

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമാണ് നിലവിലുള്ളത്. ഇതിനൊക്കെ ഒരു മാറ്റം വരുത്തണ്ടേ? എന്തുകൊണ്ടാണ് ഈ കാര്യത്തിൽ മുഖ്യമന്ത്രി അടക്കമുള്ളവർ മൗനം ദീക്ഷിക്കുന്നത്? അത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കഴിഞ്ഞകാലഘട്ടങ്ങളിൽ ഇങ്ങനെ ഒരു സംഭവമുണ്ടായാൽ ആ കാര്യത്തിന് മുഖ്യമന്ത്രി ഇടപെടുന്ന ഒരു സാഹചര്യം നിലവിലുണ്ടായിരുന്നു. പക്ഷേ അതിപ്പോഴില്ല. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്റ്റൈപെന്റും മറ്റെല്ലാ ആനുകൂല്യങ്ങളും കൃത്യമായി കിട്ടുന്നതിന് ട്രഷറി ബാനിൽനിന്നും ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം പറയാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലുള്ള മോഡേൺ റൈസ് മില്ലിനെക്കുറിച്ചാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അനുവദിച്ചതാണ് ഈ മിൽ. കഴിഞ്ഞ ഗവണ്മെന്റ് കേരളത്തിൽ പാലക്കാട്, കുട്ടനാട്, വൈക്കം എന്നിവിടങ്ങളിൽ മോഡേൺ റൈസ് മിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചു. അതിനുള്ള നടപടിക്രമങ്ങളുമെല്ലാം പൂർത്തിയായി. വൈക്കത്തെ സംബന്ധിച്ചിടത്തോളം 75 ശതമാനം പണികളും അന്ന് പൂർത്തീകരിച്ചു. പക്ഷേ അതിനുശേഷം ട്രഷറി ബാൻ എന്നുപറഞ്ഞ് ആ വർക്കുകൾ നിർത്തിവച്ചിരിക്കുകയാണ്. അത് തുടങ്ങുന്നതിനെക്കുറിച്ച് ഞാൻ പല പ്രാവശ്യം ഈ സഭയിൽ സബ്മിഷൻ കൊണ്ടുവന്നിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ് എന്നാണ് പറയുന്നത്. അത് ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. കുമരകവും കൊച്ചിയുമായി ബന്ധപ്പെട്ടു കിടക്കുന്ന വൈക്കം നിയോജകമണ്ഡലം ടൂറിസത്തിന് വളരെയധികം സാധ്യതയുള്ളതാണ്. ഗവണ്മെന്റ് മുൻകൈയെടുത്ത് അവിടെ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൂടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. എന്റെ നാട്ടിലെ കൃഷിക്കാരുടെ ഒരു ബുദ്ധിമുട്ടുകൂടി പറയാനുണ്ട്. തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതിനുമുമ്പ് കര്യാർമുട്ട്, കെ. വി. കനാൽ, വടയാർമുട്ട് എന്നീ മൂന്ന് മുട്ടുകളും ഉറപ്പിക്കാതെ യഥാസമയം കൃഷി ചെയ്യാൻ കഴിയുന്നില്ല. കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ടെന്റർ ക്ഷണിക്കുമ്പോൾ ഒരു മാസത്തിനുള്ളിൽ ആ ടെന്റർ ഉറപ്പിച്ച് കരാറുകാർക്ക് കൊടുത്തുകഴിയുമ്പോൾ ആ കരാറുകാർ ഈ ബണ്ടുകൾ അവിടെ ഉറപ്പിക്കുകയും അതേസമയത്ത് കൃഷിചെയ്യാനുള്ള അവസരങ്ങൾ ഉണ്ടാകുകയും ചെയ്യുമായിരുന്നു. പക്ഷേ മുൻ സർക്കാരിന്റെ കാലത്ത് ഒരൽപ്പം താമസിച്ചു എന്നുപറഞ്ഞ് എന്റെ സ്നേഹിതൻ ശ്രീ. തോമസ് ചാഴികാടനുൾപ്പെടെയുള്ളവർ അവിടെ നിരാഹാരം വരെ നടത്തി. യഥാസമയം ബണ്ടിടാത്തതുകൊണ്ട് ഉപ്പുവെള്ളം കയറി വൈക്കം നിയോജകമണ്ഡലത്തിന്റെ കിഴക്കൻമേഖലകളിലെ കൃഷി മുഴുവൻ ഇന്ന് നശിച്ചിരിക്കുകയാണ്, കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ ഭാഗങ്ങൾ മുഴുവൻ നശിച്ചിരിക്കുകയാണ്. എന്നാൽ ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ, ആവശ്യമായ നടപടി എടുപ്പിക്കുകയോ എന്റെ സ്നേഹിതൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തില്ല. ഇത് എന്ത് ഏർപ്പാടാണ്? അതുകൊണ്ട് കൃഷിക്കാർക്ക് യഥാസമയം കൃഷി ചെയ്യുന്നതിനായി തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതിനുമുമ്പ്, ഡിസംബർ 15-നു മുമ്പ് കര്യാർമുട്ടും കെ. വി. കനാലും വടയാർമുട്ടും യഥാസമയം ഉറപ്പിക്കുകയും കൃഷിക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുതരുകയും ചെയ്യണമെന്ന് ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയാണ്. കൃഷി നശിച്ചിട്ടുള്ള മുഴുവൻ കൃഷിക്കാർക്കും ആനുകൂല്യം കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അവതരിപ്പിക്കാവുന്ന ഏറ്റവും മികച്ച ബഡ്ജറ്റാണ് നമ്മുടെ ശുഭ്രവസ്ത്രധാരിയായ, മനസ്സും തൂവെള്ളയായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഈ സാമ്പത്തിക പ്രയാസങ്ങളുടെ കാലത്ത് ഇങ്ങനെ ജനങ്ങൾക്ക് സഹായകരമായ, ജനങ്ങളോട് നീതി പുലർത്തുന്ന, പ്രത്യേകിച്ച് അധഃസ്ഥിതവിഭാഗങ്ങളോട്, പാവങ്ങളോട് കരുണ കാണിക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുക എന്നത് വലിയൊരു മിടുക്കുതന്നെയാണ്. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. എന്തിനാണ് ഇവർ ഇതിനെ എതിർക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. എനിക്ക് തോന്നുന്നത് അവരുടെ കള്ളത്തരങ്ങളൊക്കെ ജനങ്ങളുടെ മുമ്പിൽ ഇനി പറഞ്ഞുനടക്കാൻ കഴിയില്ല എന്നതുകൊണ്ടാണെന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷവുമൊക്കെ പറഞ്ഞു ജനങ്ങളെ കബളിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിതെന്ന്. സത്യത്തിൽ എന്താണ്? ഈ ബഡ്ജറ്റ് വന്നതുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻ പറ്റില്ല. സാമ്പത്തിക നയങ്ങളുടെപേരിൽ, കർശനമായി സാമ്പത്തിക അച്ചടക്കം പാലിച്ചതിന്റെ ഫലമായി ഈ ഗവണ്മെന്റ് തൊഴിലാളി വിരുദ്ധമായി, ശത്രുതാപരമായി ജനങ്ങളോട് പെരുമാറുന്നു, ജനങ്ങളുടെ ഒരുപാട് ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്നു എന്നൊക്കെ പ്രചരിപ്പിച്ചുനടക്കാൻ പറ്റാത്ത ഒരു അവസ്ഥ വന്നതുകൊണ്ടാണ് ഇവർ ഇതിനെ എതിർക്കുന്നത്. ഒരു പിടിപ്പുകെട്ട ഭരണം അഞ്ച് വർഷം ഭരിച്ച്, കേരളം മുടിച്ച്, സമ്പദ്ഘടനയാകെ തകർത്ത് തരിപ്പണമാക്കിയതിനുശേഷമാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നത്. എൽ. ഡി. എഫ്.-നെക്കൊണ്ട് പൊറുതിമുട്ടിയാണ് ജനങ്ങൾ അവരെ പുറത്താക്കി ഐക്യജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റിയത്. സമ്പദ്ഘടനയെ രക്ഷപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങൾക്കും പാരയാകാനാണ് ഇവർ ശ്രമിച്ചത്. ഭരണം നഷ്ടപ്പെട്ട അന്നുതൊട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സമനില തെറ്റുകയായിരുന്നു. ഇവർ അതിനുശേഷം കാണിച്ചുകൂട്ടിയ അക്രമങ്ങളും ഭ്രാന്തുമൊക്കെ ഇവിടെ നമ്മൾ കണ്ടതാണ്. എന്താണ് ഇവർ കാണിച്ചുകൂട്ടിയത്? കുറേ കഴിഞ്ഞതിനുശേഷം ഇവർക്ക് മനസ്സിലായി, ഇതൊന്നും ഇനി നടപ്പിലാക്കാൻ പറ്റില്ല എന്ന്. അങ്ങനെ തോന്നുന്ന ഒരു ഷോക്ക് കിട്ടിയപ്പോൾ ഇത്തിരി സെന്റിമെന്റിലാണ്. ഹൗസ് ഓഫ് കോമൺസിലൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ചെയർമാൻ (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)]

സാധാരണ ഉപയോഗിക്കാറുള്ളതാണ്. ആലങ്കാരികമായ പദമാണ്. ഇവർ കാണിച്ചുകൂട്ടിയത് എല്ലാവർക്കും അറിയാവുന്നതാണ്. കേരളമാകെ ചോരക്കളമാക്കിയില്ലേ? കേരള സംസ്ഥാനത്തെ വികസനത്തിലേക്ക് നയിക്കാൻവേണ്ടി നടത്തുന്ന എല്ലാ ശ്രമങ്ങളേയും എതിർത്തുതോൽപ്പിക്കാൻവേണ്ടി ഇവർ ശ്രമിച്ചിരുന്നു. ജനങ്ങളുടെ പിന്തുണ അതിനില്ല എന്നുള്ള ഒരു സെഡേഷൻപോലെ ഇവർക്ക് ലഭിച്ചു. ഇപ്പോൾ സെഡേഷനിലാണ്. ഇന്നത്തെ അവിശ്വാസപ്രമേയ ചർച്ച കണ്ടില്ലേ? ഒന്നും അവതരിപ്പിക്കാൻ കഴിയാതെ വിഷമിച്ചത്? ആ ഷോക്കിലാണ്. ഇപ്പോൾ അവർ ജനങ്ങൾ ഏൽപ്പിച്ച ഷോക്കിലാണ്. ഒരുപാട് പ്രയാസങ്ങളൊക്കെയുണ്ടായിട്ടും രണ്ടരക്കൊല്ലംകൊണ്ട് ഇത്തിരിയൊക്കെ മെച്ചപ്പെടുത്താനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. A Miles to go before I sleep. നമുക്ക് വിശ്രമിക്കാറായിട്ടില്ല. ഇനിയും ഒരുപാട് ദൂരം താണ്ടേണ്ടതായിട്ടുണ്ട്. സാമ്പത്തിക പ്രയാസങ്ങളിൽനിന്നും മോചിതമാകാനോ, വികസനരംഗത്ത് ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിട്ടുകൊണ്ട് മുന്നോട്ടുപോകാനോ ആകുന്ന ഒരവസ്ഥയിലേക്ക് കേരളം ഇപ്പോഴും എത്തിയിട്ടില്ല. നമുക്ക് ആ രീതിയിലേക്ക് മുന്നോട്ടുപോകണമെങ്കിൽ വിദേശ സഹായം വേണം. ധാരാളം നിയന്ത്രണങ്ങൾ ഇനിയും വേണ്ടിവരും. നമ്മൾ ഇതുവരെ തുടർന്നുവന്ന പാതയിൽനിന്ന് വ്യത്യസ്തമായ പാതയിലേക്ക് മുന്നോട്ടു പോകേണ്ടിവരും. അതിന് ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിക്കേണ്ടതുണ്ട്. നമ്മളൊക്കെ ഈ രാജ്യത്തെ ജനങ്ങളോട് പ്രതിബദ്ധതയുള്ളവരാണെന്ന ബോധം പ്രതിപക്ഷത്തിനുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരുമിച്ച് നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. കേരളത്തെ രക്ഷപ്പെടുത്താൻ പുതിയ സാഹചര്യത്തിൽ ജിം കൊണ്ടുവന്നു. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ദോഷങ്ങൾ ഒഴിവാക്കി അതിന്റെ ഗുണഫലങ്ങൾ നേടിയെടുക്കുവാൻവേണ്ടിയാണ് ജിം നടപ്പാക്കിയത്. വളരെയേറെ പ്രതീക്ഷ ആ രംഗത്ത് ഉയർന്നതാണ്. പക്ഷേ പിന്നീടുണ്ടായ കലുഷമായ രാഷ്ട്രീയ അന്തരീക്ഷം വിദേശ നിക്ഷേപം ഇവിടെ വരുന്നതിൽ തടസ്സമുണ്ടായി എന്നത് ശരിയാണ്. അത് ആർക്കും നിഷേധിക്കുവാൻ കഴിയില്ല. പ്രതിപക്ഷം ഒരുകാര്യം മനസ്സിലാക്കണം. നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകണം. ഒന്നും ഒന്നും രണ്ട് എന്നതിനുപകരം മുഹമ്മദ് ബഷീറിന്റെ കഥയിലെ കഥാപാത്രം പറഞ്ഞതുപോലെ ഒന്നും ഒന്നും ഇമ്മിണി ബലിയ ഒന്നായി മാറേണ്ടതുണ്ട്. എങ്കിൽ മാത്രമേ കേരളത്തെ മുന്നോട്ട് നയിക്കുവാൻ കഴിയൂ.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട മെമ്പർ സംസ്ഥാന താൽപ്പര്യത്തിനുവേണ്ടി ഒരുമിച്ച് നിൽക്കുന്നതിനെക്കുറിച്ചാണ് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ രണ്ടേമുക്കാൽ കൊല്ലംകൊണ്ട് ഭരിച്ചുകൊണ്ടിരിക്കുന്ന യു. ഡി. എഫ്. ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന മുഖ്യമന്ത്രിയുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവനയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധിച്ച് ബഹുമാനപ്പെട്ട മെമ്പർ എറണാകുളം ഉപതെരഞ്ഞെടുപ്പിൽ അങ്ങോട്ട് പോയില്ല എന്ന കാര്യം അങ്ങേക്ക് ഓർമ്മയുണ്ടോ? യു.ഡി.എഫ്.-ൽപോലും ഒരുമ ഉണ്ടാക്കുവാൻ കഴിയാത്തവരാണോ സംസ്ഥാനത്തിന്റെ ഐക്യത്തിനുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കുവാൻ ശ്രമിക്കുന്നത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അസത്യംകൊണ്ട് മാത്രമേ ഇവർക്ക് നിൽക്കുവാൻ കഴിയൂ. ഞാൻ അവിടെപോയിരുന്നു എന്ന കാര്യം ഇവർക്കൊക്കെ അറിയാവുന്നതാണ്. എന്നിട്ട് സത്യവിരുദ്ധമായി പറയുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: അദ്ദേഹം പോയതുകൊണ്ടാണ് എറണാകുളത്ത് ഈ ദുഃസ്ഥിതി ഉണ്ടായത്. അത് ശ്രീ. പി. ജയരാജന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവില്ല. എനിക്ക് പറയുവാനുള്ളത്, അങ്ങും അങ്ങയുടെ വ്യവസായ വകുപ്പുമന്ത്രിയും പറയാറുണ്ട്, mind set മാറണമെന്ന്. ആരുടെ mind set ആണ് മാറേണ്ടത് എന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നമ്മുടെ ഒക്കെ mind set മാറണമെന്നാണ് അദ്ദേഹം വ്യക്തമായി പറയുന്നത്. പക്ഷേ എന്ത് പറഞ്ഞാലും മനസ്സിലാകാത്ത എന്റെ സുഹൃത്ത് ശ്രീ. ദേവകുമാറിനെ ഇത് പറഞ്ഞ് മനസ്സിലാക്കുവാൻ പറ്റില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി എറണാകുളത്ത് പോയില്ല എന്നുപറഞ്ഞത് സത്യവിരുദ്ധമാണ്. പള്ളുരുത്തിയിലും എറണാകുളത്തും അദ്ദേഹം പ്രസംഗിച്ചതാണ്. അവിടെ യു.ഡി.എഫ്. ലീഡ് ചെയ്ത കാര്യം ഇവർ മറന്നുപോയോ?

ശ്രീ. സി. മോയിൻകുട്ടി: ബഹുമാനപ്പെട്ട ദേവകുമാർ ചോദിച്ചത് തമിഴ്നാട്ടിൽ മുഖ്യമന്ത്രിയുടെ പാർട്ടിയും ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെ പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒരുമിച്ച് നിൽക്കുകയാണ് എന്നത് അദ്ദേഹത്തിന് അറിയാമോ? അതാണ് mind set.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എറണാകുളത്തും പള്ളുരുത്തിയിലും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പ്രസംഗിച്ചതുകൊണ്ട് ലീഡ് ചെയ്ത കാര്യം സൂചിപ്പിച്ചു. തിരുവല്ലയിൽ മുസ്ലീംലീഗിന്റെ ചാർജ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് കൊടുത്തതുകൊണ്ടും അദ്ദേഹം പ്രസംഗിച്ചതുകൊണ്ടുമാണ് തിരുവല്ലയിൽ വിജയം ഉണ്ടായത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എനിക്ക് അവരോട് പറയുവാനുള്ളത്, പുറം ലോകത്ത് ഉണ്ടാകുന്നതൊന്നും ഇവർ അറിയുന്നില്ല. ആ തെരഞ്ഞെടുപ്പിലെ വിജയം കണക്കുകൂട്ടിയിട്ടാണ് പാർട്ടിയുടെ നിലനിൽപ്പ് അല്ലെങ്കിൽ പാർട്ടിയുടെ പുരോഗതി വിലയിരുത്തുന്നതെങ്കിൽ ഇവരെ പിരിച്ചുവിടണ്ടേ? കേരളത്തിന്റെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക, സാമൂഹ്യ അവസ്ഥ അതിനെ ഉൾക്കൊള്ളുന്ന വിശാലമായ സാമ്പത്തിക സാമൂഹ്യലോകത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. വിശാലമായ പുറംലോകമാകട്ടെ ചില നിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ടതാണ്. വിപണിയുടെ നിയമങ്ങളാണ്. മലയാളിയെ ഇതിൽനിന്ന് ഒറ്റപ്പെടുത്താൻ സാധ്യമല്ല. കേരളത്തിന്റെ വിഭവങ്ങളും കഴിവുകളും കാര്യമായി ഉപയോഗിച്ച് അപകടങ്ങൾ ഒഴിവാക്കി ആഗോളവൽക്കരണത്തേയും ഉദാരവൽക്കരണത്തേയും എങ്ങനെ നിർമ്മാണാത്മകമായി നേരിടാം എന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. കേരളത്തെ തെരഞ്ഞെടുക്കുവാൻ ലഭ്യമായ വഴികളും അത്ര എളുപ്പമുള്ളതല്ല. അവിടെയൊക്കെ അപായസാധ്യതകളില്ലാത്തതാണെന്ന്, ഞാൻ പറയുന്നില്ല. ഉദാഹരണം, ലോകവിപണിയെ അടിസ്ഥാനപരമായി തിരസ്കരിച്ചാൽ മലയാളികൾ മൂന്നാം ലോകത്തിന്റെ പിന്നാംപുറത്ത് മരംവെട്ടിയും വെള്ളംകോരിയും കഴിയേണ്ടിവരും. അവർക്ക് പുതിയ ഒരു ലോകത്തെക്കുറിച്ച് ആശിക്കുവാൻ അർഹതയുണ്ട്. അതുകൊണ്ട് പുതിയ സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ കഴിയണം.

Mr. Chairman (Shri. Thiruvanchoor Radhakrishnan): ..... Your time is getting over.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഒന്നുരണ്ട് കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. ഇവിടെ സാമ്പത്തിക പ്രതിസന്ധിമൂലം നിയന്ത്രണങ്ങൾ സ്വീകരിക്കുമ്പോൾ അതിന്റെ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കേണ്ടത് വളരെ സൂക്ഷിച്ചായിരിക്കണം. യുക്തിപൂർവ്വമല്ലെങ്കിൽ നാം ഇതുവരെ നേടിയെടുത്ത നേട്ടങ്ങളെല്ലാം ഒരുപക്ഷേ നമുക്ക് നഷ്ടമാകും. നിയന്ത്രണങ്ങൾ വയ്ക്കുമ്പോൾ ഏതിനെയൊക്കെ നിയന്ത്രിക്കണമെന്ന് തീരുമാനിക്കേണ്ടത് അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റും പ്ലാനിംഗ് ബോർഡും ഇത്ര പണം വയ്ക്കണമെന്ന് നിബന്ധന വയ്ക്കണം.

മി. ചെയർമാൻ (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആ പോയിന്റുകൂടെ പറഞ്ഞ് നിർത്തണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പിന്നോക്ക ജനവിഭാഗങ്ങളോട് കുറച്ച് നീതി കാണിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. വളരെ ഖേദത്തോടുകൂടിയാണ് ഞാൻ ഇവിടെ പറയുന്നത്. കഴിഞ്ഞ ഗവൺമെന്റ് രൂപീകരിക്കുവാൻ ഉത്തരവിട്ട പിന്നോക്ക വർഗ്ഗത്തിനുവേണ്ടിയുള്ള ക്ഷേമവകുപ്പ് ഈ ഗവൺമെന്റ് സാമ്പത്തിക പ്രയാസം പറഞ്ഞ് നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ അങ്ങനെ ഒരു വകുപ്പ് വേണ്ട എന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഇത് ശരിയല്ല. പിന്നോക്ക വിഭാഗങ്ങൾക്ക് ധാരാളം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് അത് രൂപീകരിക്കുവാൻ നടപടി ഉണ്ടാകണം. അതോടൊപ്പം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള പിന്നോക്കക്കാർക്ക് ഉദ്യോഗത്തിലുള്ള കുറവ് നികത്താനുള്ള നടപടിക്ക് ഇനിയും കാലതാമസം ഉണ്ടാകരുത്.

അവർക്ക് നഷ്ടപ്പെട്ടത് തീർച്ചയായും കൊടുക്കണമെന്നതാണ് അവർ ആവശ്യപ്പെടുന്നത്. അല്ലാതെ ആരുടേയും അവകാശങ്ങൾ പിടിച്ചെടുക്കുകയല്ല. അവർക്ക് നഷ്ടപ്പെട്ടത് തിരിച്ചുകിട്ടുവാൻ ഗവൺമെന്റ് ധൃതഗതിയിൽ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. യു. ഡി. എഫ്. സർക്കാരിന്റെ നേതൃത്വത്തിലുള്ള സംസ്ഥാനത്ത് സമ്പദ് വ്യവസ്ഥ ക്രമാനുഗതമായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. എൽ. ഡി. എഫ്. സർക്കാർ കുടിശ്ശികയാക്കിയ 90 ശതമാനവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തു. സാമ്പത്തിക വളർച്ച ദേശീയ ശരാശരിയെക്കാൾ രണ്ട് ശതമാനം വർദ്ധിച്ചു. 6.1 ശതമാനമായിട്ടാണ് ഇപ്പോൾ നിൽക്കുന്നത്. അതുപോലെതന്നെ വായ്പാ നിക്ഷേപാനുപാതം 52.4 ശതമാനം വർദ്ധിച്ചു. 4 ശതമാനം വർദ്ധനവാണ് ഒന്നര വർഷത്തിനുള്ളിൽ വായ്പാ നിക്ഷേപാനുപാതത്തിൽ ഉണ്ടായിരുന്നത്. 2007-ാം ആണ്ടോടെ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ രണ്ട് ശതമാനമായി കുറച്ച് റവന്യൂ ബഡ്ജറ്റ് കമ്മി സന്തുലിതമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അത് വളരെ സ്വാഗതാർഹമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 9-ാം പദ്ധതിക്കാലത്ത് ഇൻഡ്യാ മഹാരാജ്യത്ത് ആകെ 36195 കോടി രൂപയുടെ വിദേശ ധനസഹായം ലഭിച്ചപ്പോൾ നമ്മുടെ ഗവൺമെന്റിന് ലഭിച്ചത് 295 കോടി രൂപയാണ്. അതായത് 0.8 ശതമാനം മാത്രമാണ് എന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് നമ്മൾ വിദേശസഹായം സ്വീകരിക്കുവാനുള്ള മുൻ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ തുടർച്ചയായി എ. ഡി. ബി.-യുടെ സഹായം ഏറ്റെടുക്കുവാൻ തീരുമാനിച്ചത്. ഇന്ന് അതിനെ അവർ എതിർക്കുകയാണ്. എല്ലാ കാര്യങ്ങളും അങ്ങനെയാണ്. മാർക്സിസ്റ്റുകാർ ചെയ്താൽ എല്ലാം കൊള്ളാം. മാർക്സിസ്റ്റുകാർ വായ്പ എടുത്താൽ അത് നല്ലത്.

"തൈലാത വസ്തുക്കളശുദ്ധമായാൽ
പൗലോസ് തൊട്ടാലത് ശുദ്ധമാകും"

എന്നുപറഞ്ഞതുപോലെ മാർക്സിസ്റ്റുകാർ എന്ത് ചെയ്താലും കൊള്ളാമെന്നാണ് അവരുടെ വാദം. എ.ഡി.ബി.-യിൽ നിന്ന് 3500 കോടി രൂപയാണ് വായ്പ എടുക്കുന്നത്. ഈ വായ്പാ പദ്ധതിയിൽ 600 കോടി രൂപ എൽ.ഡി.എഫ്. സർക്കാർ വരുത്തിവച്ച കടം തീർക്കുവാൻവേണ്ടിയാണ് വിനിയോഗിച്ചത്. ഈ വർഷം നമുക്ക് വിദേശ സഹായം 1151 കോടി രൂപ ലഭിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അതിൽ തന്നെ എ. ഡി. ബി.-യുടെ രണ്ടാം ഗഡുവായ 600 കോടി രൂപ നമ്മുടെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വാങ്ങുന്നത്. എ. ഡി. ബി. വായ്പയുടെ 30 ശതമാനം ഗ്രാന്റായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എ. ഡി. ബി.-യുടെ പലിശ തന്നെ നമുക്ക് 5 ശതമാനം മാത്രമേ ആകുന്നുള്ളൂ. ക്ഷേമരംഗത്ത് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് പണം വിനിയോഗിക്കാൻ പോകുന്നതെന്നാണ് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതൊക്കെ പ്രചരിപ്പിക്കുമ്പോൾ ഇടതുപക്ഷക്കാരുടെ എന്തെല്ലാം തരത്തിലുള്ള കുപ്രചരണങ്ങളാണ് നടക്കുന്നത്? സ്കൂളുകളെല്ലാം പൂട്ടുന്നു എന്നാണ് അവർ പറഞ്ഞിട്ടുള്ളത്. സത്യത്തിൽ 1988-ൽ uneconomic എന്നു പറഞ്ഞ് ഒരു സ്കൂൾ ആദ്യമായി പൂട്ടിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. പത്തനംതിട്ട ജില്ലയിലെ കാരക്കാട് എൽ. പി. സ്കൂളാണ് uneconomic എന്നു പറഞ്ഞ് ആദ്യമായി പൂട്ടിയത്. തിരുവനന്തപുരം കെൽട്രോണിൽ വി. ആർ. എസ്. ആദ്യമായി നടപ്പാക്കിയത് എൽ. ഡി. എഫ്. ഗവൺമെന്റാണ്. മട്ടാഞ്ചേരി B.O.T. പാലം ഇവരുടെ കാലത്താണ് പ്രാവർത്തികമാക്കിയത്. ഇതെല്ലാം നടപ്പാക്കിയതിനുശേഷം നമ്മുടെ മുമ്പിൽ വന്ന് "എന്നെ കണ്ടാൽ കിണ്ണം കട്ടെന്ന് തോന്നുമോ" എന്ന മട്ടിൽ ചോദിക്കുകയാണ്. അഭിനവ ദുശ്ശാസനനെപ്പോലെ അരങ്ങ് തകർത്താടുന്നു. നമ്മൾ മുമ്പും വിദേശ സഹായങ്ങൾ വാങ്ങിയിട്ടുണ്ട്. എന്തെല്ലാം നല്ല കാര്യങ്ങൾക്ക് നമ്മൾ വിദേശ സഹായം സ്വീകരിച്ചിട്ടുണ്ട്. ധവള വിപ്ലവത്തിനുവേണ്ടി മാട്ടുപ്പെട്ടിയിലെ Indo-Swiss Project, മൽസ്യബന്ധനത്തിനുവേണ്ടിയുള്ള Indo-Norwegian Project, കാനഡയുടെ സഹായത്തോടെയുള്ള ഇടുക്കി പ്രോജക്ട്, ചേർത്തല-ആലുവ നാലുവരിപ്പാത പൂർത്തിയാക്കിയത് ഇതെല്ലാം എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരല്ലേ ഡി. പി. ഇ. പി.-ക്കു വേണ്ടി ഏറ്റവും കൂടുതൽ തുക ലോകബാങ്കിൽ നിന്നും വായ്പ എടുത്തത്? എ. ഡി. ബി.-യിൽ നിന്ന് ലോകത്ത് ഏറ്റവും കൂടുതൽ വായ്പ എടുക്കുന്ന ഏറ്റവും വലിയ രാജ്യം ചൈനയാണ്. പക്ഷേ ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർക്ക് യു. ഡി. എഫ്. സർക്കാർ വായ്പ നേടി ഈ രാജ്യത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ ശ്രമിക്കുന്നത് ഒട്ടും സഹിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് നിർദ്ദിഷ്ട കാര്യത്തിനാണോ ഇത് ചെലവഴിക്കുന്നതെന്നു പരിശോധിക്കാൻ കൺസൾട്ടന്റിനെ വച്ചിട്ടുള്ളത്. മാനവീയം നമ്മൾ കണ്ടതല്ലേ? അനവധി കുപ്രചരണങ്ങളുടെ കൂട്ടത്തിലാണ് നമ്മുടെ വികേന്ദ്രീകരണ പ്രക്രിയയെക്കുറിച്ചുള്ള യു. ഡി. എഫ്-ന്റെ കാഴ്ച്ചപ്പാടിനെ ഇവർ പരാമർശിക്കുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവസാനം എഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് ലോക ബാങ്ക് പദ്ധതിയും നാലാം ലോക പദ്ധതിയും തമ്മിൽ തിരിച്ചറിയാൻ പറ്റാത്ത സാമ്യമുണ്ടെന്നാണ്. യഥാർത്ഥ നളനെ ദമയന്തിക്കുപോലും തിരിച്ചറിയാൻ കഴിയുന്നില്ലായെന്നും അതല്ല, സാക്ഷാൽ നളനുപോലും കഴിയുന്നില്ലായെന്നും അദ്ദേഹം ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് ഏതു നളനെ ഉദ്ദേശിച്ചാണ് എന്ന് അങ്ങേക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വികസന പ്രച്ഛന്നവേഷ മൽസരത്തിൽ യഥാർത്ഥ നളനെ ദമയന്തിക്കുപോലുമല്ല, നളനുപോലും തിരിച്ചറിയാൻ കഴിയില്ലായെന്നാണ് ശ്രീ. വി.എസ്. അച്ചുതാനന്ദൻപോലും വിലപിക്കുന്നത്. വികേന്ദ്രീകരണ പ്രക്രിയയോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ ഫലമായിട്ടാണ് 1350 കോടി രൂപ പദ്ധതി സഹായത്തിനു പുറമേ, സംസ്ഥാനത്തിന് രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം നമ്മുടെ മൊത്തം നികുതിവരുമാനത്തിന്റെ 3.5 ശതമാനത്തിന് തുല്യമായ 205.32 കോടി രൂപ വിവിധോദ്ദേശ്യ സഹായമായും 5.5 ശതമാനത്തിന് തുല്യമായ 325.79 കോടി രൂപ ധനപരിപാലനത്തിനുള്ള സഹായമായും നൽകാൻ നമ്മൾ നിർദ്ദേശം സമർപ്പിച്ചിരിക്കുന്നത്. പത്താം പദ്ധതിയിലൂടെ നമ്മൾ ലക്ഷ്യമിടുന്ന മൊത്തം വളർച്ചാനിരക്കായ 6.5 ശതമാനം നേടാൻ വേണ്ടിയാണിത്. കാർഷികമേഖലയിൽ 3.5 ശതമാനവും, വ്യവസായ മേഖലയിൽ 5.89 ശതമാനവും സേവനമേഖലയിൽ 8.17 ശതമാനവുമാണ് വളർച്ചാ നിരക്ക്. എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത്, 2000-01-ൽ റവന്യൂ കളക്ഷൻ 6529.34 കോടി രൂപയായിരുന്നത് 2002-03-ൽ 7980 കോടി രൂപയായി വർദ്ധിച്ചു. 1450 കോടി രൂപ ഒറ്റ വർഷം കൊണ്ട് വർദ്ധിച്ചു. ഇത് എക്കാലത്തേയും ഒരു റിക്കാർഡാണ്. നികുതി പിരിച്ചെടുക്കാൻവേണ്ടി ആ വർഷം വിനിയോഗിച്ചത് 4.2 ശതമാനം മാത്രമാണ്. നികുതി വരുമാനവും വർദ്ധിച്ചു. നികുതി വരുമാനത്തിൽ 2002-03-ൽ 5619 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. റവന്യൂ വരവും റവന്യൂ കമ്മിയും തമ്മിലുള്ള റേഷ്യോ 1999-2000-ത്തിൽ 45.6 ആയിരുന്നത് 2001-02-ൽ 28.77 ആയി കുറയ്ക്കാൻ കഴിഞ്ഞു. പദ്ധതി ചെലവിൽ 2000-01-ൽ 2521.51 കോടി രൂപയുടെ സ്ഥാനത്ത് 2001-02-ൽ, അതായത് യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ 1211.4 കോടി രൂപയുടെ വർദ്ധനവുണ്ടായി. സംസ്ഥാനത്തിലെ പലിശാനിരക്ക് 11.8 ശതമാനമായി പിടിച്ചുനിർത്തി. വിവിധ ക്ഷേമ പെൻഷനുകളെല്ലാംകൂടി 606 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിശ്ശികയായിരുന്നു. കോൺട്രാക്ടർമാർക്ക് ഇതുവരെ 1704 കോടി രൂപ കൊടുത്തുതീർത്തു. എൽ.ഡി.എഫ്. സർക്കാർ വരുത്തിവച്ച എല്ലാ കടവും വീട്ടിയശേഷം പ്ലസ് ടു അദ്ധ്യാപകർക്ക് തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകി. ഈ ഗവൺമെന്റ് സർക്കാർ ജീവനക്കാർക്ക് 32 മാസത്തിനുള്ളിൽ 27 ശതമാനം ഡി.എ. ആണ് അനുവദിച്ചത്. മുൻ സർക്കാർ കുടിശ്ശികയാക്കിയ മുഴുവൻ ഡി.എ.-യും കൊടുത്തുതീർത്തു. എൽ. ഡി. എഫ്. സർക്കാർ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണത്തിലെ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിച്ചിരുന്നത് ഏകദേശം 800 കോടിയോളം രൂപ വരും. അത് 2002 ഒക്ടോബർ മുതൽ ഈ സാമ്പത്തിക പ്രതിസന്ധിക്കു നടുവിലും പണമായി നൽകിക്കൊണ്ടിരിക്കുകയാണ്. 2002-03-ലെ കാർഷികാദായ നികുതി മുഴുവൻ ഒഴിവാക്കി കർഷകരെ സഹായിച്ചു. 2003-04-ലെ ബഡ്ജറ്റിൽ കാർഷിക വികസന ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കേരളാ മോഡലിനെക്കുറിച്ച് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

വാനോളം പുകഴ്ത്തിയിരിക്കുന്നത്. നമ്മൾ അഭിമാനിച്ചിരുന്ന മാസ്റ്റർ പീസാണ്. വികസന പ്രചരണ വർഷത്തിൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ പോലും വിലപിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രസ്താവന ശ്രീ. തോമസ് ഉണ്ണിയാടൻ പുണ്ടിക്കാണിച്ചതുപോലെ നമ്മൾ കഴിഞ്ഞ ദിവസം കണ്ടതാണ്. ജനകീയാസൂത്രണം ഒരു C.I.A. sponsored Programme ആണെന്നുള്ള തിരിച്ചറിവ് സത്യത്തിൽ നമ്മെ നാണിപ്പിക്കുകയല്ലേ? ഡച്ച് സർക്കാരും സി. ഐ. എ.-യും ഗവേഷണ ഫണ്ടും എൻ. ജി. ഒ-മാരും ചേർന്ന് കേരളത്തിന്റെ ചോരയൂറ്റാൻ, ഈ പരിഷ്കരണവാദികളോട് നാം എന്തു തെറ്റാണ് ചെയ്തത് എന്നുള്ളത് അവരോടാണ് ചോദിക്കാനുള്ളത്. ഇതൊക്കെ കണ്ടിട്ട് അവർ തിരിഞ്ഞിരിക്കുകയാണ്. കുമാരനാശാന്റെ മണിമാല എന്ന കവിതാസമാഹാരത്തിൽ "പണം" എന്ന പേരിൽ ഒരു കവിത അദ്ദേഹം എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നത്,

"വിരവിൽ വിഹിതവ്യത്തിയേതുകൊണ്ടും
പരമിഹ നേടുക, എന്നെ നീ- പണത്തെ" എന്നാണ്.

പക്ഷേ സി. പി. ഐ. (എം.) പണം നേടുന്നുണ്ട്. സി. പി. ഐ. (എം.) ആണ് ഏറ്റവും കൂടുതൽ പണം നേടുന്ന പാർട്ടി. പക്ഷേ ആ പണം നേടുന്നത് ആശാൻ പറഞ്ഞതുപോലെ വിഹിതവ്യത്തി വഴിയല്ല, അവിഹിതവ്യത്തി വഴിയാണ്. പണക്കാർക്കുവേണ്ടി പണക്കാർ നയിക്കുന്ന പണക്കാരുടെ സംഘടന എന്നാണ് സി. പി. ഐ. (എം.)-നെക്കുറിച്ച് നാട്ടുകാർ പറയുന്നത്. ശ്രീ. കുഞ്ഞനന്തൻ നായർ മുഴുവൻ പറയാതിരുന്നത് ഗ്രോ വാസു ജനുവരി 12-ാം തീയതി മാധ്യമത്തിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നത്, "ലക്ഷങ്ങളുടെ മണിമന്ദിരങ്ങൾ നിർമ്മിച്ച് സുഖലോലുപതയിൽ ജീവിതം നയിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളും എ.സി. റൂമിൽ നിന്നും എ.സി. കാറിൽ നിന്നും പുറത്തിറങ്ങാൻ പ്രയാസപ്പെടുന്ന വിപ്ലവനേതാക്കളും അങ്ങോളമിങ്ങോളം കണ്ടുകൊണ്ടിരിക്കുന്നു" എന്നാണ്. മാതൃഭൂമിയിൽ കുഞ്ഞനന്തൻനായർ സി. ഐ. എ.-യെക്കുറിച്ച് എഴുതിയ ലേഖനമുണ്ട്. അതിൽ മാർക്സിസം കാലഹരണപ്പെട്ടു എന്നും പോസ്റ്റ് മാർക്സിസ്റ്റുകാരൻ സോഷ്യലിസത്തിനു നേരെ പിറന്നു എന്നും സോഷ്യൽ ഡെമോക്രസിയെ ഉയർത്തിപ്പിടിക്കണമെന്നു കരുതുന്ന പലരും മെക്കയായി കാണുന്നത് അമേരിക്കയെയാണ് എന്നുമാണ്. ഈയിടെ ഈ മെക്കയിലേക്ക് അവർ തീർത്ഥയാത്ര നടത്തി. പലരുടേയും മക്കൾ അവിടെത്തന്നെ ഉപരിപഠനം നടത്തുന്നു, പലർക്കും അവിടത്തെ പൗരത്വം പോലുമുണ്ട്. ആ രീതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഇന്ന് സി. പി. ഐ. (എം.)-നെക്കുറിച്ച് നാട്ടുകാർ പറയുന്ന നിർവ്വചനം, "പണക്കാർക്കുവേണ്ടി പണക്കാർ നയിക്കുന്ന പണക്കാരുടെ സംഘം" എന്നാണ്. ഈ പണം മദ്യ മാഫിയകളും സി. ഐ. എ.-യും ഡച്ച് സർക്കാരും നൽകുന്ന പണമാണെന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. പണ്ട് കർഷകത്തൊഴിലാളികളുടെ ഒട്ടിയ വയറിനേയും കുഴിഞ്ഞ കണ്ണിനേയും കുറിച്ചാണ് ഇവർ പ്രസംഗിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ലെനിൻ ഡ്യൂമയിൽ പോയതുപോലെ തന്നെയാണ് ശ്രീ. പിണറായി വിജയൻ ദുബായിൽ പോയതെന്ന് മാർക്സിസ്റ്റ് പാർട്ടി വിലയിരുത്തിയത് അങ്ങേയ്ക്കറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഡ്യൂമ എന്നു പറയുന്നത് റഷ്യൻ പാർലമെന്റിന്റെ പേരാണ്. പക്ഷേ ദുബായിൽ പോകുന്നത് അതിനല്ല പെട്ടിയുമായിട്ടാണ് പോയത്. ചാനലിന് വേണ്ടി പണം പിരിക്കാൻ പോയി എന്നാണ് പറയുന്നത്. ഞങ്ങളുടെ കാർഡിന് അരിയില്ലെങ്കിൽ നിങ്ങൾക്കെന്തേ കോൺഗ്രസ്സേ എന്നാണ് മുമ്പ് ഇവർ വിളിച്ചിരുന്നത്. ഇപ്പോൾ ഇവർ പറയുന്നത് അങ്ങനെയല്ല കേരളത്തിലെ കുറേ മന്ദബുദ്ധികളെ ഞങ്ങൾ രക്തസാക്ഷികളാക്കിയാൽ നിങ്ങൾക്കെന്താ അന്തോണീ എന്നാണ്. രക്തസാക്ഷികൾ ആരാണെന്ന് അറിയാമല്ലോ? നാലാം ലോകവാദികളെയാണ് മന്ദബുദ്ധികളാക്കി പുറത്താക്കുന്നത്. ഇന്നലെ അവിടെയിരുന്നവർ ഇന്ന് ഇവിടെ ഇരിക്കുന്നു. ഇവിടെ ശ്രീമതി ഗൗരിയമ്മയെ കാണുന്നു, ശ്രീ. എം.വി. രാഘവനെ കാണുന്നു, ശ്രീ. ഷാജു, ശ്രീ. രാജൻബാബു എന്നിവർ ഇരിക്കുന്നു. നാളെ അപ്പുറത്തിരിക്കുന്ന ആരൊക്കെയാണ് ഇപ്പുറത്തിരിക്കാൻ പോകുന്നത് എന്നുള്ളതിനെക്കുറിച്ച് എനിക്ക് ഒരു നിശ്ചയവുമില്ല.

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദിശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാലോക രഹസ്യമാർക്കുമേ."

എന്ന് ആശാൻ പറഞ്ഞതുപോലെ ഒന്നും പിടി കിട്ടാൻ പറ്റാത്ത പരുവത്തിലാണ് ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ പോക്ക്. അതായത് ആരംഭിച്ച സ്ഥലത്തു തന്നെ എത്തിപ്പെടാനുള്ള വ്യഗ്രതയാണ്. ഒരു ഉദയവും ഒരു അസ്തമയവുംകൊണ്ട് അവസാനിക്കുന്നില്ല ഈ കാലഘട്ടഭ്രമണം എന്നെങ്കിലും മാർക്സിസ്റ്റുകാർ മനസ്സിലാക്കും. മുട്ടനാടിനു പിന്നാലെ നടക്കുന്ന കുറുക്കനെപ്പോലെ കോൺഗ്രസ്സുകാരുടെ പുറകേ നടന്ന് കുറേയാളുകളെ വിശ്വസിച്ച് പുറകേ നടന്നത് ഗതികേടെന്നുള്ളത് കണ്ടോ? "മല എലിയെ പ്രസവിച്ചതുപോലെയല്ലേ" ഇന്ന് രാവിലെ ഇവിടെ ഒരു പ്രമേയം വന്നത്? സ്പീക്കർക്കെതിരായിട്ടുള്ള പ്രമേയമാണ്. എന്തായി? നഷ്ടബോധത്തിൽ നിന്നുടലെടുത്ത, മാനസികവിഭ്രാന്തിയിൽ നിന്നുണ്ടായ ആ പ്രമേയം നനഞ്ഞ പടക്കം പോലെ, ചീറ്റിയ പടക്കം പോലെ നമ്മുടെ മുമ്പിൽ കണ്ടു. ഇവരുടെ മോഹങ്ങളും വ്യാമോഹങ്ങളും എവിടെ? ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലെ കെട്ടടങ്ങിയില്ലേ? കോഴി കോട്ടുവായിട്ടതുപോലെ തീർന്നില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഗ്രൂപ്പ് വഴക്കിന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പറുടെ കുടൽ ഐ-ക്കാർ കുത്തിപ്പൊട്ടിച്ച് ഇപ്പോൾ നീളം കുറഞ്ഞു. അതിന്റെ വിഷമത ഇപ്പോഴും ബഹുമാനപ്പെട്ട മെമ്പറുടെ മനസ്സിലുണ്ടോ, അതു മാറിയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ആ ദുഃഖം എന്റെ സ്വകാര്യ ദുഃഖമായി ുന്നോട്ടെ. അത് നമുക്ക് പിന്നീട് സംസാരിക്കാം. ഈ മണ്ടന്മാർ ഇത്രയായിട്ടും പാഠം പഠിക്കുന്നില്ലല്ലോ, ദൈവമേ ഇവർക്ക് സൽബുദ്ധി തോന്നിപ്പിക്കണമേ എന്നാണ് എനിക്ക് പറയാനുള്ളത്. വിപ്ലവം തോക്കിൻകുഴലിലൂടെയും മുളവടി യിലൂടെയുമൊന്നുമല്ല വരുന്നത്. ശ്രീ. എ. കെ. ആന്റണി നയിക്കുന്ന യു. ഡി. എഫ്. സർക്കാരിലൂടെയാണ് ഇന്നത് കേരളത്തിൽ നടപ്പിലായിക്കൊണ്ടിരിക്കുന്നത്. എല്ലാം വിപ്ലവകരമായ പരിഷ്ക്കാരങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്. ഇതുവരെ കേരള സംസ്ഥാനം ഇത്രയും ധീരവും ഇച്ഛാശക്തിയോടുംകൂടിയുള്ള നിലപാടുകൾ എടുത്ത് മുന്നോട്ട് നീങ്ങിയിട്ടില്ല. എനിക്ക് - നിങ്ങളോട് പറയാനുള്ളത് നിങ്ങൾ എത്ര കല്ലെറിഞ്ഞ് തകർക്കാൻ ശ്രമിച്ചാലും, കടപുഴകി എറിയാൻ ശ്രമിച്ചാലും നിങ്ങൾക്ക് കൈ കുഴഞ്ഞ് പിന്മാറാം എന്നുള്ളതല്ലാതെ ആന്റണി സർക്കാരിന് ഒരു പോറൽ പോലും ഏൽപ്പിക്കാൻ നിങ്ങൾക്ക് കഴിയില്ലായെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ന് ഇവിടെ നടന്ന പ്രമേയ ചർച്ച അടക്കമുള്ള കാര്യങ്ങൾ. നിങ്ങൾ ഇനിയെങ്കിലും അത് മനസ്സിലാക്കണം. കോൺഗ്രസ്സിൽ അഭിപ്രായ ഭിന്നതയുണ്ടായപ്പോൾ എ.കെ.ജി. സെന്ററിൽനിന്നും കോൺഗ്രസ് നേതാക്കന്മാരുടെയടുത്ത് നളദമയന്തി കഥയിൽ ഹംസത്തിനെ ദൂതുവിട്ടതുപോലെ ദൂതുവിട്ടു. വായിൽ വെള്ളമിറക്കി കാത്തിരുന്ന ദൂതന്മാരൊക്കെ ഇന്ന് മുഖം കുനിച്ചിരിക്കുകയാണ്. നേരെപോലും നടക്കുന്നില്ല, നാണംകൊണ്ട് അവരുടെയെല്ലാം മുഖം കുനിയുകയാണ്. ഇന്നിവിടെ എന്തോ സംഭവിക്കുമെന്നുപറഞ്ഞ് പലരും നാടുവിട്ടിരിക്കുകയാണ്, അതിന്റെ രഹസ്യം നമ്മൾ കണ്ടുപിടിക്കേണ്ടിയിരിക്കുകയാണ്. ഇനിയും എന്തിനാണ് ഇത്തരം പാഴ്വേലകൾ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. സ്വതന്ത്ര കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ പോക്കണംകേടിന്റെ ഇരുണ്ട കഥകളല്ലേ സഖാക്കളേ നിങ്ങൾ കളിച്ചത്? ശ്രീ. വി. എസ്. അച്ചുതാനന്ദനോടും ഡോ. തോമസ് ഐസക്കിനോടും എനിക്കു ചോദിക്കാനുള്ളത് "കയറുപിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമര കഥ, അക്കഥ പറയുവ എന്നുടെ നാടിന്നഭിമാനിക്കാൻ വകയില്ലേ" എന്നുപാടി ആലപ്പുഴവഴി നടന്ന നിങ്ങളാരെങ്കിലും ഇന്നങ്ങനെ പാടാറില്ലല്ലോ? ഡോ. തോമസ് ഐസക് അതിനെക്കുറിച്ച് ഒരിക്കലും പാടുമെന്ന് എനിക്ക് തോന്നുന്നില്ല. നിങ്ങളിപ്പോൾ പാടുന്നത് നേരത്തേ ഞാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ്. നാലാം ലോക സിദ്ധാന്തം, എന്താണ് ഈ നാലാം ലോകസിദ്ധാന്തം? നിങ്ങൾ അതൊന്ന് വിശദീകരിച്ചുതരണം. ഞങ്ങൾക്ക് മനസ്സിലാകുന്നില്ല, ക്യാപിറ്റലിസത്തേയും സോഷ്യലിസത്തേയും മിക്സഡ് എക്കോണമിയേയും കുറിച്ച് മാത്രമേ ഞങ്ങൾ കേട്ടിട്ടുള്ളൂ. നാലാമത് വേറൊരു ലോകത്തെക്കുറിച്ച് ഒരു വിശദീകരണം നൽകുവാൻ ബഹുമാനപ്പെട്ട സി. പി. എം. മെമ്പർമാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരള ജനത എന്നേ മനസാ വരിച്ചുകഴിഞ്ഞ ആദർശഗോപുരത്തെനോക്കി ഇനിയും നിങ്ങൾ കൊഞ്ഞനംകുത്തേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയനുള്ളത്. കേരളം

വികസനത്തിന്റെ പാതയിലാണ്. അതുപോലെതന്നെ ഇവിടെ ദ്രൗപതിയുടെ വസ്ത്രാക്ഷേപത്തെപ്പറ്റി പരാമർശിച്ചു, നിങ്ങളിൽ പലരും ദ്രൗപതിയുടെ വസ്ത്രാക്ഷേപം കണ്ടുകളയാമെന്ന് കൊതിച്ചിരുന്നവരല്ലേ? പക്ഷേ നിങ്ങൾക്കതിനു കഴിഞ്ഞില്ല. എന്നാൽ എല്ലാ സ്വമനസ്സുകളും പ്രാർത്ഥിച്ചത് ദൈവമേ ഈ പാവം പെണ്ണിന്റെ മാനം കാക്കേണമേ എന്നാണ്. അതുപോലെയാണ് കേരളത്തിലെ ജനങ്ങൾ, കേരളത്തിലെ ജനങ്ങൾ ഈ സർക്കാർ മുന്നോട്ടുപോകേണമേ, ഈ സർക്കാർ ഈ രാജ്യത്തെ നയിക്കേണമേ എന്ന് പ്രാർത്ഥിച്ചതുകൊണ്ടാണ് ആ അദ്ധ്യായമെല്ലാം വളരെ ഭംഗിയായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നത്. അതുപോലെതന്നെ മുഴുവൻ ജനതയുടെ പ്രാർത്ഥനയും സംരക്ഷണവും നമുക്കുണ്ട്. "കെട്ടിലമ്മ ചാടിയാൽ കൊട്ടിയമ്പലംവരെ" എന്ന് പറഞ്ഞതുപോലെ ഇവർക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ഇന്ന് നമ്മൾ കണ്ടതല്ലേ? 40 fixed deposit-കളുള്ളതിൽ ഇന്നവിടെ draw ചെയ്തു കഴിഞ്ഞപ്പോൾ 36 മാത്രമേയുള്ളൂ എന്നുകണ്ടു. അടുത്തതിന് അതിലും താഴോട്ടുപോകും. അതിന് ഈറ്റയെടുക്കാൻ വന്നവൾ ഇരട്ടപെറ്റു എന്നുപറഞ്ഞതുപോലെ പടയെപ്പേടിച്ച് പന്തളത്തു ചെന്നപ്പോൾ പടയോടുപട, ചൂട്ടുംകൊളുത്തിപ്പട എന്നു പറഞ്ഞതുപോലെ മാർക്സിസ്റ്റ് പാർട്ടിയിലല്ലേ ഇപ്പോൾ ഗ്രൂപ്പിസം കൂടുതൽ? ഏറ്റവും കൂടുതൽ വായ്ത്താരി ഇപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നുമല്ലേ? നിയമസഭാ സ്പീക്കറെക്കുറിച്ചാണ് ഇവർക്കൊക്കെ പരാതി. ആരെയെങ്കിലും മുറിപ്പെടുത്താൻവേണ്ടി അദ്ദേഹം ഒരിക്കലും ഒന്നും പറഞ്ഞിട്ടില്ല. പത്രങ്ങളിലെല്ലാം അച്ചടിച്ചുവന്ന അദ്ദേഹത്തിന്റെ അഭിമുഖങ്ങളെല്ലാം നമ്മൾ കേട്ടതാണ്; നമ്മളെല്ലാം മനസ്സിലാക്കിയതാണ്. പക്ഷേ അതുകൊണ്ടൊന്നും ഇവർ സമ്മതിക്കില്ല. ഇതുകാണുമ്പോൾ എനിക്കുതോന്നുന്നത്, അയ്യപ്പപ്പണിക്കരുടെ സമ്പൂർണ്ണ കൃതികൾ മൂന്നാം വാല്യത്തിൽ 'ഗുരുവായൂരപ്പാ നിന്റെ മായാവിലാസങ്ങൾ' എന്നുപറഞ്ഞ് ഒരു കവിതയുണ്ട്. പലപല പ്രകോപനങ്ങളിലും സ്വയം നിയന്ത്രിച്ച്നിർത്തിയ നായകൻ ഒടുവിൽ ലഘുവായി ഒന്നു പ്രതികരിച്ചുപോയി. ദേഷ്യപ്പെടാൻ പാടില്ലെന്ന് ഡോക്ടർ പറഞ്ഞതുകൊണ്ട് ദേഷ്യപ്പെട്ടില്ല, എങ്കിലും കാമാക്ഷിയേയുംകൊണ്ട് വീട്ടുമുറ്റത്തു കയറിയപ്പോൾ "എന്റെ ഗുരുവായൂരപ്പാ നിന്റെ മായാവിലാസങ്ങൾ" എന്ന് പറഞ്ഞുപോയി എന്നു പറഞ്ഞതുപോലെയാണ് ആ കഥ സംഭവിച്ചിരിക്കുന്നത്. ഈ അവസരത്തിൽ തെറ്റുകൾ തിരുത്തി ഇനിയെങ്കിലും വികസനത്തെ സഹായിക്കാൻ സി. പി. ഐ. (എം.)-കാരോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ ഈ vote-on-account-നെ അനുകൂലിക്കുന്നു. ഇവിടെ 5342,60,11,000 രൂപയുടെ vote-on-account ആണ് അവതരിപ്പിച്ചത്. 42 ഹെഡ്ഡുകളിലായി അവതരിപ്പിച്ചിട്ടുള്ള ഈ vote-on-account നാലുമാസത്തേക്ക് പണം ചെലവഴിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇതിനെ തീർച്ചയായും അഭിമാനപൂർവ്വം പിന്താങ്ങാതിരിക്കാൻ സാധ്യമല്ല. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം നടക്കുന്ന ഈ vote-on-account ചർച്ചയിൽ ബഡ്ജറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനങ്ങളെ സംബന്ധിച്ച് എന്റെ സ്നേഹിതന്മാർ ഇവിടെ സംസാരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ എല്ലാവിഭാഗം ആളുകളേയും സഹായിച്ചു. ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും വളരെയധികം ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ള ഒരു ബഡ്ജറ്റാണിതെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് വളരെയധികം ആരോപണങ്ങൾ എന്റെ ബഹുമാനപ്പെട്ട ഇടതുപക്ഷ സുഹൃത്തുക്കൾ വച്ചതിൽ ഒന്ന് ഞാൻ ഓർത്തു പോവുകയാണ്. ഈ ബഡ്ജറ്റിൽ ഭരണപക്ഷത്തെ അപൂർവ്വം ചിലയാളുകൾക്കുമാത്രം ആനുകൂല്യങ്ങൾ കൊടുക്കുകയും മറ്റുള്ളവരെ പ്രത്യേകിച്ചും പ്രതിപക്ഷാംഗങ്ങളെ ബഡ്ജറ്റിന്റെ വിഹിതത്തിൽ നിന്നും മാറ്റിനിർത്തുകയും ചെയ്തു എന്നുള്ള നിലയിലുള്ള ആരോപണങ്ങൾ വയ്ക്കുകയുണ്ടായി. ഞാൻ ഒരു അന്വേഷണത്തിന്റെ ഭാഗമായി ഈ ബഡ്ജറ്റിലെ കുറച്ചു പേജുകൾ മറിച്ചുനോക്കിയപ്പോൾ എനിക്കു കാണാൻ കഴിഞ്ഞത് അവാസ്തവമായിട്ടുള്ള പ്രസ്താവനയാണ് ബഹുമാനപ്പെട്ട ഇടതുപക്ഷ സ്നേഹിതന്മാർ നടത്തിയതെന്നാണ്. പ്രത്യേകിച്ച് മരാമത്ത് പണികളുടെ കാര്യം പറഞ്ഞിട്ടുള്ള ഓരോ പേജും മറിച്ചു നോക്കുന്തോറും എന്നിൽ വലിയവലിയ അത്ഭുതങ്ങളാണുണ്ടാക്കിയത്. ഞാൻ ഓരോ ജില്ലയെ സംബന്ധിച്ചും നോക്കിയപ്പോൾ കണ്ണൂർ ജില്ലയിൽ, ബഹുമാന്യയായ പി. കെ. ശ്രീമതി ടീച്ചറിന്റെ നിയോജകമണ്ഡലത്തിൽ പയ്യന്നൂർ കോടതി കെട്ടിടത്തിന് 87,50,000 രൂപ നീക്കിവച്ചതായി കാണാൻ കഴിഞ്ഞു. അതുപോലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ നിയോജകമണ്ഡലത്തിലെ തളിപ്പറമ്പിൽ റെസ്റ്റ് ഹൗസിന്റെ additional block നിർമ്മാണത്തിനുവേണ്ടി 16,67,000 രൂപ ധനകാര്യവകുപ്പുമന്ത്രി മാറ്റിവച്ചിരിക്കുകയാണ്. അതുപോലെതന്നെ ശ്രീ. പി. ജയരാജന്റെ നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പിൽ റെസ്റ്റ് ഹൗസ് നിർമ്മാണത്തിന് 15 ലക്ഷം രൂപ അനുവദിച്ചു കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് യാതൊരു മടിയുമുണ്ടായില്ല. ബഹുമാന്യനായ ശ്രീ. കെ. പി. രാജേന്ദ്രന്റെ നിയോജകമണ്ഡലത്തിൽ ഒരു സിവിൽ സ്റ്റേഷനുവേണ്ടി 11 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപോലെ വീടുകൾ നിർമ്മിക്കാനായി തുക കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നിയോജക മണ്ഡലത്തിൽ പാലക്കാട്-മലമ്പുഴ റോഡിന് 10 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ശ്രീമതി ഗിരിജാ സുരേന്ദ്രന്റെ നിയോജകമണ്ഡലത്തിൽ റോഡ് വികസനത്തിന് 10 ലക്ഷം രൂപ. ശ്രീ. ടി. കെ. ദേവകുമാറിന്റെ നിയോജകമണ്ഡലത്തിനു നൽകിയ വർക്കുകളെ സംബന്ധിച്ച് വേണമെങ്കിൽ ഞാൻ പറയാം, സമയക്കുറവുകൊണ്ട് ഞാനതിലേക്ക് കടക്കുന്നില്ല. അതൊക്കെ എണ്ണിയെണ്ണി പറയാൻ ഞാൻ തയ്യാറാണ്. അനാവശ്യമായ, അവാസ്തവമായ പ്രസ്താവന നടത്തരുതെന്നു മാത്രമേ ആ കാര്യത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഇവിടെ വളരെയധികം ആനുകൂല്യങ്ങൾ നൽകി എന്നുള്ളത് അഭിമാനകരമാണ്. അതുസംബന്ധിച്ച് എനിക്കു പറയാനുള്ള മറ്റൊരുകാര്യം, ഇതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചില modification നടത്തിക്കൊണ്ട് ചില കാര്യങ്ങൾ ഇവിടെ നിർദ്ദേശിക്കുകയുണ്ടായി. അതിൽ പലതിനേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. കയർ മേഖലയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി 5 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ മാറ്റിവച്ചതും ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് 20 കോടി രൂപ മാറ്റിവച്ചതുമൊക്കെ ഞാൻ അനുമോദിക്കുകയാണ്. മണ്ണെണ്ണയുടെ കാര്യത്തിൽ കാണിച്ച നടപടി അഭിനന്ദനാർഹമാണ്. പുനഃപ്രഖ്യാപനം നടത്തിയ കാർഷിക നികുതിയെ സംബന്ധിച്ച് എനിക്ക് അല്പം വിഷമം തോന്നുന്ന സാഹചര്യമുണ്ട്, ഞാനത് തുറന്നുപറയുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ 44-ാമത്തെ പേജിൽ ഇൻകം ടാക്സ് ചട്ടങ്ങളിൽ ഈയിടെ വരുത്തിയ ചട്ടങ്ങൾ പ്രകാരം റബ്ബറിൽ നിന്നുള്ള വരുമാനത്തിന്റെ 65 ശതമാനവും കാപ്പിയിൽ നിന്നുള്ള വരുമാനത്തിന്റെ 60 ശതമാനവും മാത്രമാണ് കാർഷികാദായ നികുതിക്കായി കണക്കാക്കുന്നത്. ഇതിനനുസൃതമായ മാറ്റങ്ങൾ കാർഷികാദായ നികുതി നിയമത്തിലെ 39-ാം വകുപ്പിൽ വരുത്താനുദ്ദേശിക്കുന്നു എന്നാണ് പറയുന്നത്. അതായത് രണ്ട് കോടി രൂപയുടെ വരുമാന നഷ്ടം പ്രതീക്ഷിച്ചുകൊണ്ടാണ്. ഈ ഷെഡ്യൂളിൽ നിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത് നേരത്തെ 12.5 ഏക്കർ വരെ സ്ഥലമുള്ള കർഷകരെ പൂർണ്ണമായും ഈ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. 12.5 ഏക്കറിനു മുകളിൽ സ്ഥലമുള്ള കൃഷിക്കാർക്കു മാത്രമാണ് നികുതി കൊടുക്കേണ്ട സാഹചര്യമുണ്ടായിരുന്നത്. അങ്ങനെ വരുമ്പോൾ 40,000 രൂപവരെ വരുമാനമുള്ള ആളുകൾക്ക് നേരത്തേ ഒരുതരത്തിലുമുള്ള ടാക്സും കൊടുക്കേണ്ടിവന്നിരുന്നില്ല. അതിപ്പോഴും നിലനിർത്തിയിരിക്കുകയാണ്. രണ്ടാമത് അതിനുശേഷം 40,000 രൂപ മുതൽ 50,000 രൂപവരെ ഒരു ഷെഡ്യൂളും 50,000 -രൂപ മുതൽ 60,000 രൂപവരെ ഒരു ഷെഡ്യൂളും എന്ന നിലയിലാണ് വച്ചിരുന്നത്. അന്ന് 40,000 രൂപ മുതൽ 60,000 രൂപവരെ വരുമാനമുള്ള കർഷകൻ കൊടുക്കേണ്ടിയിരുന്ന ടാക്സ് 5000 രൂപയായിരുന്നു. ഇപ്പോൾ 40,000 രൂപ മുതൽ 60,000 രൂപവരെ ഒരു ഷെഡ്യൂളാക്കുകയും അവർക്ക് കേവലം 10 ശതമാനം ടാക്സ് ഏർപ്പെടുത്തുകയും ചെയ്തതുവഴി കേവലം 2000 രൂപ മാത്രമാണ് കൊടുക്കേണ്ടിവന്നത്. അങ്ങനെ വന്നപ്പോൾ ആ പട്ടികവരെയുള്ള ആളുകൾക്ക് 3000 രൂപയുടെ ലാഭമുണ്ടായിരിക്കുന്നു. അതുപോലെ 60,000 രൂപ മുതൽ 1,00,000 രൂപവരെ വരുമാനമുള്ള കൃഷിക്കാർ നേരത്തേ കൊടുക്കേണ്ടിയിരുന്നത് 20,000 രൂപയായിരുന്നുവെങ്കിൽ അത് ഇപ്പോഴത്തെ ബഡ്ജറ്റ് പ്രകാരം 10,000 രൂപയായി കുറച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ രണ്ട് കോടി രൂപയുടെ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് നൽകിയിരുന്നു. ജനങ്ങൾക്ക് നൽകിയിരുന്ന രണ്ട്കോടി

3 P.M.] രൂപയുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും ഇല്ലാതായിരിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ വന്നുചേർന്നിരിക്കുന്നത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പുനഃപരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ ക്ഷീരകർഷകർ ഒരുപാട് കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നുണ്ട്. പുറത്തുനിന്നുവരുന്ന പാലിന് ടാക്സ് കുറച്ചതിൽ സാധാരണക്കാരായ കർഷകർ പ്രകടിപ്പിച്ച ആശങ്കയും വികാരവും ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ സദുദ്ദേശത്തോടുകൂടിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചതെങ്കിലും ഈ ചെറിയ കാര്യത്തിലുണ്ടായ ന്യൂനത പരിഹരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് ടൂറിസം മേഖല അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. ടൂറിസം മേഖലയിൽ ലോകത്തിനുതന്നെ മാതൃകയായി കേരളം മാറിയിരിക്കുകയാണ്. അന്താരാഷ്ട്ര ടൂറിസ്റ്റുകളുടെ വരവിൽ 11.37 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 6.27 ശതമാനവും വർദ്ധനവ് ഉണ്ടായി. 30 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിയെന്നതാണ് അതിനർത്ഥം. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും വളർച്ചയില്ല. ടൂറിസം മേഖലയിൽ കേരളം ഒന്നാകെ വളരുകയാണ്. ഈയവസരത്തിൽ, എന്റെ നിയോജക മണ്ഡലമായ ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യ ക്ഷേത്രത്തെ തീർത്ഥാടന പട്ടികയിൽപ്പെടുത്തി ടൂറിസം മാപ്പിൽ ചേർക്കുകയുണ്ടായി. അതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. ഭരത പ്രതിഷ്ഠയുള്ള ഇന്ത്യയിലെ ഏക ക്ഷേത്രമാണ് ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യ ക്ഷേത്രം. അതോടൊപ്പംതന്നെ ഭരതന്റെ മറ്റൊരു സഹോദരനായ ശത്രുഘ്നന്റെ ക്ഷേത്രവും അവിടെ സ്ഥിതി ചെയ്യുന്നുണ്ട്. അതിന്റെ തൊട്ടടുത്ത് ശ്രീരാമക്ഷേത്രവും ലക്ഷ്മണ ക്ഷേത്രവും സ്ഥിതി ചെയ്യുന്നുണ്ട്. ഈ സഹോദരൻമാരുടെ ക്ഷേത്രം ഇത്രയടുത്ത് സ്ഥിതി ചെയ്യുന്നത് ഇൻഡ്യയിൽ മറ്റൊരിടത്തുമില്ല. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അവിടെ ഒരു പ്രത്യേക ടൂറിസം പാക്കേജ് പദ്ധതി നടപ്പിലാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ഉണ്ണായിവാര്യരുടെ ജന്മനാടായ ഇരിങ്ങാലക്കുടയ്ക്ക് ടൂറിസം പദ്ധതിയിൽപ്പെടുത്തി ഒരു പ്രത്യേക സ്ഥാനം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോടതികളെ സംബന്ധിച്ചിടത്തോളം ഇവിടെ ഒന്നുരണ്ടു പരാമർശങ്ങളുണ്ടായി. ഗുജറാത്തിൽ ഒരു മജിസ്ട്രേറ്റ് 40,000 രൂപ കൈക്കൂലി വാങ്ങിക്കൊണ്ട് ഒരു പരാതിപോലും വാങ്ങാതെ ഇൻഡ്യൻ പ്രസിഡന്റ്, ചീഫ് ജസ്റ്റിസ്, ഒരു സീനിയർ ജഡ്ജി, ഒരു സീനിയർ അഭിഭാഷകൻ എന്നിവർക്കെതിരെ വാറണ്ട് പുറപ്പെടുവിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഇത് നീതിന്യായ രംഗത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അപരാധമായി നിലനിൽക്കുകയാണ്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, മണലെടുപ്പിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുമൊക്കെ ശക്തമായ നടപടിയുണ്ടായിട്ടും എന്റെ നിയോജകമണ്ഡലത്തിലെ പല സ്ഥലങ്ങളിൽനിന്നും യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുമില്ലാതെ മണലെടുക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവു നൽകിക്കൊണ്ടിരിക്കുകയാണ്. നിർബാധം മണ്ണെടുക്കാൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഇത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് അറിയില്ല. ഇത് അങ്ങേയറ്റം ദുഃഖകരമായ കാര്യമാണ്. ഒരു നിയമനിർമ്മാണസഭ എന്നുള്ള നിലയിൽ ഈ സംഭവത്തെ വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മളെ സംബന്ധിച്ചിടത്തോളം ഒരു വലിയ മാറ്റത്തിന്റെ കാലഘട്ടമാണ്. ആ മാറ്റത്തിനനുസരിച്ച് നീങ്ങാൻ ബഹുമാനപ്പെട്ട ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ച് സി. പി. ഐ. (എം.)-ന്റെ സുഹൃത്തുക്കൾ തയ്യാറാകണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കാനുള്ളത്. 'ജിം'-ന്റെ കാര്യം പറഞ്ഞ് അപഹസിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ട ഒരു കാലഘട്ടമല്ല ഇപ്പോഴുള്ളത്. മറിച്ച് തെറ്റായ കാര്യങ്ങൾ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ കൂട്ടായ സമന്വയത്തിലൂടെ പരിഹരിക്കുകയാണ് വേണ്ടത്. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ കേരളത്തെ വളരെ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. ആ പ്രതീക്ഷയ്ക്കനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ തീർച്ചയായും നമ്മൾ അതിനനുസരിച്ച് മാനസികമായി തയ്യാറെടുക്കേണ്ടതായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമുള്ള എല്ലാ സ്ഥലങ്ങളിലും അത് തകരുന്നതായി കാണാൻ കഴിയും. ആ തകർച്ചയ്ക്കുള്ള പ്രധാന ധാർമ്മികത്വം എന്താണ്? അതിൽനിന്ന് ഒരു പാഠം പഠിക്കണ്ടേ? സോവിയറ്റ് ജർമ്മനി, യൂഗോസ്ലോവാക്കിയ, ഹോളണ്ട്, റുമേനിയ എന്നുവേണ്ട എല്ലാ സ്ഥലങ്ങളിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തകർന്നു. എന്തുകൊണ്ടാണ് അവിടെയൊക്കെ ഇത് തകരുന്നത് എന്നതിനെ സംബന്ധിച്ച് ഒരു വിലയിരുത്തലിന് തയ്യാറാകണം. ചൈനയിലും അൽബേനിയയിലും തകർന്നിട്ടില്ല. അവിടെ തകരാതിരുന്നതിനു കാരണം സ്വകാര്യമേഖല കടന്നുവരുന്നതിനുവേണ്ടിയുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു. മുതലാളിത്ത ന്യൂനപക്ഷം ഉൾക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് യഥാർത്ഥ വശം. ഇങ്ങനെയുള്ള മാറ്റങ്ങൾ ലോകത്തിന്റെ എല്ലായിടത്തും ഉണ്ടായിരിക്കുന്നു. ബംഗാളിലും ഉണ്ടായിരിക്കുന്നു. ഈ മാറ്റങ്ങൾ ഉൾക്കൊള്ളണം. സൈമൺ ബ്രിട്ടോയെ സംബന്ധിച്ച് ഇടതുപക്ഷ നേതാക്കൻമാർക്ക് അറിയാം. സൈമൺ ബ്രിട്ടോ മഹാരാജാസ് കോളേജിൽവച്ച് കുത്തേറ്റ് ശരീരം മുഴുവൻ തളർന്ന ആളാണ്. സൈമൺ ബ്രിട്ടോയുടെ ലേഖനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? എല്ലാവരേയും കമ്മ്യൂണിസ്റ്റുകാരാക്കി രാജ്യം നന്നാക്കാൻ നടക്കുന്ന ആളുകളാണല്ലോ. അദ്ദേഹം പറഞ്ഞിരിക്കുന്നത്; ഇൻഡ്യയിലെ കാമ്പസ്സുകളിൽ കുട്ടികളിൽ നൂറിൽ നൂറും എസ്.എഫ്.ഐ. അംഗമാക്കാമെന്ന ധാരണയിലാണ് ഞാൻ പ്രവർത്തനത്തിന് ഇറങ്ങിയത്. അത് മൗഢ്യമാണെന്ന് മനസ്സിലാക്കാൻ 10 വർഷം വേണ്ടിവന്നു. ഒരിക്കലും നടക്കാത്ത കാര്യമാണെന്ന് ലോകത്തിന്റെ പുനർവായനയിലാണ് എനിക്ക് മനസ്സിലായത്. നന്മ നിറഞ്ഞ ഒരു പൗരസമൂഹമാണ് നമ്മുടെ ലക്ഷ്യമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. എസ്. എഫ്. ഐ. ബഹുമാനിക്കുന്ന ഒരാളാണ് അദ്ദേഹം. മാറ്റങ്ങൾക്കുവേണ്ടി എല്ലാപേരും തയ്യാറാകണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, 2004-2005 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള സർക്കാരിന്റെ ചെലവുകൾക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. കാമ്പോ കഴമ്പോ അർത്ഥമോ സത്യസന്ധതയോ ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് സ്വന്തം ശൈലികൾ ബൂമറാങ്ങുപോലെ തിരിച്ചുവരുന്നത് ഭയപ്പെട്ടുകൊണ്ട് മൂന്ന് ദിവസമായി ബഡ്ജറ്റിനെ ചൊല്ലി ഇവിടെ നടന്ന അധര വ്യായാമങ്ങൾക്ക് മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പെരുമ്പറയുടെ മുഖത്തുനിന്നു പോലും വരുന്ന ശബ്ദം

LIBRARY ARCHIVES Kerala Legislative Assembly

ധനമാണെന്ന് ഒരു സംസ്കൃത കാവ്യത്തിൽ പറയുന്നുണ്ട്. പണത്തിന്റെ മണിയൊച്ച പരമാനന്ദകരമായ സംഗീതമായി കരുതുന്ന ഒരു സാഹചര്യത്തിൽ ധനമില്ലാതെ ഒരു ധനകാര്യവകുപ്പുമന്ത്രിക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ധനികൻമാരേക്കാൾ ധനത്തെക്കുറിച്ച് ചിന്തിക്കുന്നത് പാവങ്ങളാണെന്ന് വിശ്വവിഖ്യാത ചിന്തകൻ ഓസ്കാർ വൈൽഡ് പറഞ്ഞിട്ടുണ്ട്. ഓസ്കാർ വൈൽഡിനെപ്പോലെ ഈ ബഡ്ജറ്റ് തയ്യാറാക്കിയപ്പോൾ ധനികൻമാരേക്കാൾ പാവങ്ങളെക്കുറിച്ച് ചിന്തിച്ച ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. 1989-1990 മുതൽ 1998-1999 വരെയുള്ള അധിക ഗ്രാന്റിന് ഇവിടെ നടന്ന ചർച്ച ഭരണഘടനയുടെ ആർട്ടിക്കിൾ 205 പ്രകാരം പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ്. എന്നാൽ 1996 മുതൽ 2001 വരെ ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ച മൂന്ന് വർഷത്തെ കണക്കുകളെക്കുറിച്ചു പോലും ചോദ്യം ചെയ്തവരാണ് പ്രതിപക്ഷം എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. കടം വാങ്ങാതെ ഒരു ഗവൺമെന്റിനും ഇന്നത്തെ സന്ദർഭത്തിൽ മുന്നോട്ടുപോകാൻ സാധിക്കുകയില്ല. "കടം വികടം ചോദിച്ചാൽ സങ്കടം വാങ്ങിയാൽ അപകടം" എന്ന നാട്ടിൻപുറത്തെ ചായക്കടക്കാരൻ ചുമരിൽ എഴുതിവയ്ക്കുന്ന ആപ്തവാക്യത്തിൽ വിശ്വസിച്ച് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് കടം വാങ്ങി അഞ്ച് കൊല്ലം ദീപാളി കുളിച്ച ഒരു മന്ത്രിസഭയുടെ തുടർച്ചയെന്നുള്ള നിലയിൽ പ്രത്യേകിച്ചും. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും തമ്മിലുള്ള ഒരു പ്രത്യേകതയെന്നു പറയുന്നത് രണ്ട് ധനകാര്യവകുപ്പുമന്ത്രിമാരും പാലക്കാട്ടുകാരാണ് എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിലെ ധനകാര്യവകുപ്പുമന്ത്രിയെ എനിക്ക് നന്നായിട്ട് അറിയാം. അദ്ദേഹം സഹൃദയനാണ്, ശൈലീവല്ലഭനാണ്. പക്ഷേ പൊട്ടൻ പറഞ്ഞതേ ഭട്ടതിരി വിധിക്കൂ എന്നു പറഞ്ഞതുപോലെ എ. കെ. ജി. സെന്ററിൽനിന്ന് പറഞ്ഞതേ അദ്ദേഹം കേട്ടിട്ടുള്ളൂ. എന്നാൽ ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശൂന്യതയിൽനിന്ന് ഭസ്മമുണ്ടാക്കുന്ന സത്യസായിബാവയുടെ അത്ഭുതസിദ്ധിയൊന്നും കൈവശമില്ലെങ്കിലും കാര്യങ്ങൾ സംബന്ധിച്ച് പരമാവധി പഠിച്ച് കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ച ആളാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ "ഏഴര ശനിയുടെ വരവാണെങ്കിലും അത് വരവല്ലേ ചെലവല്ലല്ലോ" എന്ന് സമാധാനിച്ച് ബഡ്ജറ്റ് തയ്യാറാക്കിയപ്പോൾ, യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുകയും ഉള്ളതു ഉള്ളതുപോലെ തുറന്നുപറയുകയും ഉള്ളതുവച്ച് ഓണംപോലെ കഴിയാൻ കേരളത്തിലെ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്ത ഈ ധനകാര്യവകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. 2001-ലെ പൊതുക്കടം 23,918 കോടി രൂപയായിരുന്നു. 31-3-2004-ൽ അത് 35,984 കോടി രൂപയായി വർദ്ധിച്ചു. 12,071 കോടി രൂപ വർദ്ധിച്ചുവെന്ന് ആക്ഷേപിക്കുന്നത് ഞാൻ കേട്ടു. എന്തുകൊണ്ട് വർദ്ധിച്ചു എന്നതിനെ സംബന്ധിച്ച് ഒരു ആത്മപരിശോധന നടത്താൻ എന്റെ സുഹൃത്തുക്കൾ തയ്യാറാകണം. എൽ. ഡി. എഫ്-ന്റേയും യു. ഡി. എഫ്-ന്റേയും ഭരണം തമ്മിലുള്ള പ്രധാന വ്യത്യാസം,

LIBRARY ARCHIVES Kerala Legislative Assembly

എൽ. ഡി. എഫ്-ന്റെ കാലത്ത് 1996-2001 വരെ പദ്ധതി ചെലവിന്റെ 20 ശതമാനം ടി. പി. അക്കൗണ്ടിൽ ട്രാൻസ്ഫർ നടത്തിയ കടലാസ് ചെലവുകളാണ്. യഥാർത്ഥ ചെലവല്ല കടലാസ് ചെലവുകളായിരുന്നു എന്നുള്ളതാണ് വസ്തുത. എന്നാൽ ഈ ഗവൺമെന്റ് ആ കടലാസ് ചെലവുകൾ നിർത്തി. ചെലവുകൾ യഥാർത്ഥമാണ്. ഏട്ടിലെ പശു പുല്ല് തിന്നുകയില്ലായെന്ന് നമുക്ക് അറിയാം. 1996-ൽ പബ്ളിക് അക്കൗണ്ട് 670.71 കോടി രൂപ ആയിരുന്നത് 1999-2000-ൽ 2870.68 കോടി രൂപയായി വർദ്ധിച്ചു. അത് വിമർശകൻമാർ കണ്ടില്ല. 2003-04-ൽ അത് 1279.04 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. റവന്യൂ കമ്മി 1990-91-ൽ യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 424 കോടി രൂപയായിരുന്നു. 1995-96-ൽ യു. ഡി. എഫ്. ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ 402 കോടി രൂപയായിരുന്നു. 1996-2001-ൽ എൽ. ഡി. എഫ്. അധികാരം ഒഴിയുമ്പോൾ റവന്യൂ കമ്മി 3622 കോടി രൂപയായിരുന്നു. കെ. എസ്. ഇ. ബി. സബ്സിഡി കൊടുത്ത 556 കോടി രൂപ, വൈദ്യുതി ബോർഡ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകാനുള്ള 1158 കോടി രൂപ, സർക്കാർ ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നൽകിയ 1000 കോടി രൂപ, 1997-ൽ എൽ. ഡി. എഫ്. നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിലൂടെ കൊടുത്ത 800 കോടി രൂപ ഇതിനെയൊക്കെ സംബന്ധിച്ച് പലരും ഇവിടെ ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 2003-04-ൽ 17 ശതമാനം ക്ഷാമബത്ത നൽകിയിട്ടും റവന്യൂ കമ്മി 3676 കോടി രൂപയായി പിടിച്ചുനിർത്താൻ ഈ സർക്കാരിന് കഴിഞ്ഞു. 4800 കോടി രൂപയുടെ പദ്ധതി അടങ്കലിൽ 3000 കോടി രൂപ റവന്യൂ ചെലവാണ്. അതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 1350 കോടി രൂപ കൊടുത്തു. കേരളത്തിൽ പകുതിയിലധികം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഭരിക്കുന്നത് എൽ. ഡി. എഫ്. ആണെന്ന കാര്യം വിസ്മരിക്കരുത്. 1040.84 കോടി രൂപയുടെ പലിശ വർദ്ധനവ് ഉണ്ടായി. ഈ പ്രതിസന്ധിയിൽനിന്നാണ് യു. ഡി. എഫ്-ന് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. 2003-ലെ സാമ്പത്തിക ഉത്തരവാദിത്ത നിയമം ഒരു വലിയ കാൽവയ്പായിരുന്നു. ധനകമ്മി ആഭ്യന്തര ഉല്പാദനത്തിന്റെ രണ്ട് ശതമാനമായി 2007-ൽ കുറയ്ക്കുമെന്ന് ഈ ഗവൺമെന്റ് വാഗ്ദാനം ചെയ്തിരിക്കുകയാണ്. പത്താം ധനകാര്യ കമ്മിഷൻ 3.5 ശതമാനമാണ് കേരളത്തിന്റെ വിഹിതം നൽകിയതെങ്കിൽ പതിനൊന്നാം ധനകാര്യ കമ്മിഷന്റെ കാലത്തും 3.01 ശതമാനമാണ് ലഭിച്ചത്. ഈ സന്ദർഭത്തിൽ ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ കേരളത്തോട് കാണിച്ച, ഒരിക്കലും പൊറുക്കാൻ കഴിയാത്ത അവഗണനയ്ക്കെതിരെ ഈ സഭ ഒന്നടങ്കം ശബ്ദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 12-ാം ധനകാര്യ കമ്മിഷനു മുന്നിൽ കേരളത്തിന്റെ കേസ് നന്നായി വാദിച്ചതിന് ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ആഭ്യന്തര ഉല്പാദനം 6.1 ശതമാനമായി വർദ്ധിപ്പിക്കാനും വായ്പാനിക്ഷേപാനുപാതം 52.4 ശതമാനത്തിൽ എത്തിക്കാനും 2001-ൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം 44.3 ശതമാനത്തിൽനിന്ന് 38.3 ശതമാനമായി കുറയ്ക്കാനും ഈ സർക്കാരിന് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജറ്റിൽ എണ്ണിയാലൊടുങ്ങാത്ത ജനോപകാരപ്രദമായ പദ്ധതികളുണ്ട്. ഇന്ത്യയിലെ ജനസംഖ്യയിൽ 3.5 ശതമാനം വരുന്ന കേരളത്തിൽ 15 ശതമാനം ഉപഭോഗ വസ്തുക്കൾ ഉപയോഗിക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് വിസ്മരിച്ചുകൂടാ. 1999-2000-ലെ കണക്കുപ്രകാരം കേരളത്തിൽ വാങ്ങിക്കുന്ന ഡിറ്റർജന്റ് മാത്രം 355 കോടി രൂപയ്ക്കാണ് 269 കോടി രൂപയുടെ കുളിക്കുന്ന സോപ്പും 237 കോടി രൂപയുടെ പാദരക്ഷകളും 225 കോടി രൂപയുടെ സൗന്ദര്യവർദ്ധക വസ്തുക്കളുമാണ് വാങ്ങിക്കുന്നത്. തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രൈസസ്, കൾച്ചർ ആന്റ് എന്റ്രപ്രിന്യുവർഷിപ്പ് ഡെവലപ്മെന്റ് തിരുവനന്തപുരം നഗരത്തിൽ നടത്തിയ സർവ്വേയിൽ തിരുവനന്തപുരത്തെ മാർക്കറ്റിൽ വില്പന നടത്തുന്ന 90 ശതമാനം സാധനങ്ങളും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തവയാണ് എന്ന് കാണാൻ കഴിഞ്ഞു. 2003-ലെ കണക്കു പ്രകാരം കേരളത്തിലെ ബാങ്ക് നിക്ഷേപം 83,399 കോടി രൂപയുള്ളപ്പോൾ ഇവിടെ വായ്പ 45 ശതമാനം മാത്രമേയുള്ളൂ. വ്യവസായം നടത്തി പച്ചപിടിച്ചവരുടെ മാതൃക കേരളത്തിൽ അധികം പേർക്കില്ല. അങ്ങനെയുള്ള റോൾ മോഡലുകളുമില്ല. ആത്മഹത്യ ചെയ്തവരുടേയും ജപ്തി നടന്നവരുടേയും റോൾ മോഡലുകളാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. ഈറച്ചിക്കോഴികളെപ്പോലെ ഇടംവലം തിരിയാതെ അറിവ് മാത്രം ഭക്ഷിക്കുന്ന കോംപ്ലാൻ ബോയ്കളേയും കോംപ്ലാൻ ഗേളുകളേയും സൃഷ്ടിക്കുന്ന നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം കഴിഞ്ഞ് ബിരുദം നേടിവരുന്ന വിദ്യാർത്ഥികൾ കേരളത്തിലെ ഉപഭോക്തൃ സംസ്കാരത്തിൽനിന്ന് മാറ്റം വരുത്തി വ്യവസായം തുടങ്ങാനോ വ്യാപാരം തുടങ്ങാനോ തയ്യാറാകുന്നില്ല. സമ്പദ് ഉല്പാദന പ്രക്രിയയെ മിച്ചമൂല്യത്തിന്റെ ചൂഷണമായി മാത്രം കണ്ട സി. പി. ഐ. (എം)-നെപ്പോലെയുള്ള പാർട്ടികൾ ഈ കാര്യത്തിൽ വ്യക്തികളുടെ പങ്ക് അവഗണിക്കുകയാണ് ചെയ്തത്. മിച്ചമൂല്യം ഉണ്ടായാലേ ചൂഷണം നടക്കുകയുള്ളൂ എന്നവർ കരുതി. ഇന്നലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടത്തെ പ്രതികൂല സാഹചര്യങ്ങളെ സംബന്ധിച്ച് ഹൃദയംപൊട്ടി പറഞ്ഞു. ഇൻഡ്യയിലെ വ്യവസായ ആകർഷകത്വ പാരാമീറ്ററുകളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. നിയമം, നീതിവാഴ്ച എന്നിവയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്താണ്. നിക്ഷേപ ആകർഷകത്വത്തിൽ കേരളം അഞ്ചാം സ്ഥാനത്താണ്. പക്ഷേ നിക്ഷേപ കാലാവസ്ഥ 13-ാം സ്ഥാനത്താണെന്നുള്ള കാര്യം മറക്കരുത്. എങ്ങനെയാണ് വ്യവസായം വരിക? ഞാൻ കൊക്കകോളയ്ക്കും പെപ്സിക്കും എതിരല്ല. പക്ഷേ കൊക്കകോളയും പെപ്സിയും കേരളത്തിന് അനുയോജ്യമല്ല എന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. നാലു രൂപയ്ക്ക് ഇളനീർ വെട്ടിയിറക്കുമ്പോൾ ബഹുരാഷ്ട്ര കുത്തകയുടെ കൊക്കകോളയും പെപ്സിയും പ്രചരിപ്പിക്കുന്നത് ശരിയുമല്ല. പക്ഷേ ഇവിടേക്കു വിളിച്ചുവരുത്തി വ്യവസായം തുടങ്ങാൻ അനുവാദം കൊടുത്ത് കോടിക്കണക്കിന് രൂപ ഇവിടെ നിക്ഷേപിച്ച് സൃഷ്ടി നടത്തിയവർതന്നെ സംഹാരം നടത്തുന്ന ഒരു സംസ്ഥാനത്തിൽ ആരെ വിശ്വസിച്ചാണ് വ്യവസായികൾ ഇവിടെ വരിക? കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം നമ്മുടെ ശീലങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരുത്താൻ നമ്മൾ തയ്യാറായില്ലെങ്കിൽ ഈ രാജ്യത്ത് പുരോഗതി വരുത്താൻ സാധിക്കുകയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നതുപോലെ ശൈലിയിൽ മാറ്റം വരുത്താൻ നമ്മൾ തയ്യാറാകണം. കൊക്കകോളയും പെപ്സിയും വന്നപ്പോൾ ആദ്യനോട്ടത്തിൽത്തന്നെ അനുരാഗവിവശരായി അവർക്കു സ്ഥലവും സൗകര്യവും അനുവദിച്ചുകൊടുത്തവർ തന്നെ ആ ചെയ്തികൾക്ക് പരസ്യമായി മാപ്പ് പറഞ്ഞിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് ഇപ്പോൾ തൊടുന്നതിലെല്ലാം പിഴവ് പറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് പൊളിയുമെന്ന് വ്യാമോഹിച്ചു. ഗവൺമെന്റ് പൊളിഞ്ഞില്ലായെന്നു മാത്രമല്ല അവസാനം ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ അവിശ്വാസ പ്രമേയം കൊടുത്തു. അവർക്കുതന്നെ അറിയാം പാസ്സാകുകയില്ലായെന്ന്. പക്ഷേ കുളിച്ചില്ലെങ്കിലും കൗപീനം പുരപ്പുറത്തുകിടക്കട്ടെയെന്ന മട്ടിൽ ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. പണ്ടൊരു മര്യാദരാമനായ പുരുഷോത്തമനെ 14 കൊല്ലം വനവാസത്തിനയച്ച കഥ നമ്മുടെ ഇതിഹാസത്തിലുണ്ട്. വനവാസം കഴിഞ്ഞ് സാമ്രാജ്യത്വത്തിന്റെ അധികാരമേറ്റെടുത്ത് സിംഹാസനത്തിൽ ഇരുന്നപ്പോൾ, അന്ന് വനവാസത്തിന് അയക്കേണ്ടിവന്നതിൽ ദശരഥമഹാരാജാവ് വളരെയധികം ഖേദം പ്രകടിപ്പിച്ചിരുന്നതായും ഞാൻ കേട്ടിട്ടുണ്ട്. അതുപോലെ ഇന്ന് ഒരു മഹാനായ പുരുഷോത്തമനെ ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറുടെ കസേരയിൽ രണ്ട് മണിക്കൂർ നേരം ഇരുത്തി. അതിനുശേഷം അദ്ദേഹം വീണ്ടും സ്പീക്കറുടെ ചെയറിൽ കയറിയിരുന്നു. മര്യാദരാമനായ ശ്രീരാമനെ വനവാസത്തിന് അയച്ച് അവസാനം ദശരഥമഹാരാജാവ് ഖേദം പ്രകടിപ്പിച്ചതുപോലെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ഇതിനു ഖേദം പ്രകടിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ സഹൃദയനും പ്രതിഭാശാലിയുമാണ്. ഇത്തരത്തിലുള്ള ഒരു പാപകർമ്മത്തിന് അദ്ദേഹത്തെത്തന്നെ ചുമതലപ്പെടുത്തിയതിൽ എനിക്ക് ഖേദമുണ്ട്. മാർക്സിസ്റ്റുപാർട്ടി ഇന്ന് വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. ഇവിടെ ഇന്ന് നാലാം ലോകത്തെക്കുറിച്ചുള്ള ചർച്ചയാണ്. ഇത് മാവേലി വാണ നാടാണ്. "മാവേലി നാടു വാണീടും കാലം, മാനുഷരെല്ലാരും ഒന്നുപോലെ" എല്ലാ മനുഷ്യരേയും ഒന്നായി കണ്ട "വസുദൈവ കുടുംബകം, ലോകാഃ സമസ്താഃ സുഖിനോ ഭവന്തു, യത്ര വിശ്വം ഭവത് ഏകനീഡം" എന്ന യജുർവ്വേദ മന്ത്രമൊക്കെ കേട്ടു പഠിച്ച നമ്മുടെ രാജ്യത്ത് ഇപ്പോൾ നാലാം ലോകത്തെക്കുറിച്ചുള്ള ചർച്ചയാണ്. ഇതുവരെ ശാസ്ത്ര സാഹിത്യ പരിഷത്ത്, ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നു പറഞ്ഞ് നടന്നവർ ഇപ്പോൾ ശാസ്ത്ര സാഹിത്യ ഭവിഷത്ത് എന്നു പറഞ്ഞാണ് നടക്കുന്നത്. നിവൃത്തിയില്ല. എന്തു പറഞ്ഞാലും അത് പിറ്റേ ദിവസം വിഴുങ്ങാനുള്ള അപാരമായ കഴിവുകൊണ്ട് അനുഗ്രഹീതരാണ് മാർക്സിസ്റ്റ് പാർട്ടിയുടെ സുഹൃത്തുക്കൾ എന്നുള്ള കാര്യത്തിൽ ഒരു സംശയവും ഇല്ല. അതുകൊണ്ടാണ് ആ പാർട്ടി വളരാത്തത്. ആ പാർട്ടി ഇപ്പോൾ ബോൺസായി

LIBRARY ARCHIVES Kerala Legislative Assembly

വൃക്ഷം പോലെയാണ്. അതിനു പഴക്കമുണ്ട്; വലിപ്പമില്ല. അതുകൊണ്ട് വളരെ വർഷത്തെ പാരമ്പര്യം ഇൻഡ്യയിൽ ഉണ്ടായിട്ടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ വളരാതെ കല്പാന്തകാലത്തോളം ബോൺസായി വൃക്ഷംപോലെ നിൽക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല.

ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എത്രയോ തവണ ആവർത്തിച്ച് ഈ സഭയിൽ ഉന്നയിച്ച ഒരു കാര്യമുണ്ട്. കേരളത്തിലെ നദികളുടെ വരൾച്ചയെ സംബന്ധിച്ച് പാലക്കാട് ജില്ലയിലെ വരൾച്ചയെക്കുറിച്ച് പ്രതിപക്ഷനേതാവുൾപ്പെടെ പല എം. എൽ. എ.-മാരും വളരെ സജീവമായി ഉന്നയിച്ച ഒരു കാര്യമാണ്. വരൾച്ച വരുമ്പോൾ യോഗം കൂടുകയും അതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുമെന്നല്ലാതെ മറ്റൊന്നും തന്നെ ചെയ്യാറില്ല. ജലസേചന വകുപ്പുമന്ത്രി ഇക്കാര്യത്തിൽ എടുക്കുന്ന താല്പര്യത്തോട് എനിക്ക് വളരെയധികം ബഹുമാനമുണ്ട്. നിളാനദിയെ സംബന്ധിച്ച് എത്രയോ തവണ ഉന്നയിച്ചതാണ്. വ്യക്തിപരമായി എന്റെ ഒരു ദൗർബല്യമായി അതിനെ കരുതരുത് എന്ന് വളരെ വിനീതമായി ഞാൻ അപേക്ഷിക്കുകയാണ്. മലമ്പുഴ ഡാമിൽ ഇപ്പോൾ വെള്ളമില്ല. ആ നദിയുടെ പൊന്നാനി വരെയുള്ള ഏതാണ്ട് അഴിമുഖത്തു മാത്രം അല്പം വെള്ളമുണ്ട്. ഇന്ന് ഏതൊരു മനുഷ്യനും ആ കാഴ്ചകണ്ടാൽ ഇടനെഞ്ച് പൊട്ടിപ്പോകും. ആ നദിയിൽ മഴക്കാലത്ത് ഒഴുകിപ്പോകുന്ന, പാഴായിപ്പോകുന്ന ജലം തടഞ്ഞുനിർത്തി കുടിവെള്ളമെങ്കിലും കൊടുക്കാനുള്ള പദ്ധതിക്കുവേണ്ടി ഞാൻ മൂന്നു വർഷമായി ഈ നിയമസഭയിൽ ഉന്നയിക്കുകയാണ്. പ്ലാനിംഗ് ബോർഡിലെ സാമ്പത്തിക വിശാരഥന്മാരുടെ അഭിപ്രായമെന്താണ് എന്നെനിക്കറിയില്ല, അടുത്ത കൊല്ലവും വരൾച്ചയുണ്ടാകും. അപ്പോൾ വെള്ളത്തിനുവേണ്ടി പാടുപെടും. അപ്പോഴും കോൺഫറൻസ് വിളിച്ചു കൂട്ടും. അതുപോലെ കുന്തിപ്പുഴ പോലെയുള്ള നദികളിലും ജലസേചന പദ്ധതികൾക്ക് മുൻഗണന കൊടുക്കണം. ഈ ഗവൺമെന്റ് 32 മാസത്തിനിടയ്ക്ക് ഒരുപാടു കാര്യങ്ങൾ ചെയ്തു. ആദർശം പടുതിരി കത്തുന്ന ഇൻഡ്യൻ രാഷ്ട്രീയത്തിൽ വ്യക്തിപരമായി സത്യത്തെ നിലനിർത്തുന്ന ഏറ്റവും നല്ലൊരു മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഒരു പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ അദ്ദേഹത്തോടൊപ്പം ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയേയും ഈ മന്ത്രിസഭയിലെ മുഴുവൻ അംഗങ്ങളേയും ഹൃദയം തുറന്ന് അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റ് ഭാവി കേരളത്തിന്റെ നല്ല ചുണ്ടുപലകയാകട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. വനത്തിൽ കയറിയാലും കരിയില മാത്രം കാണുന്നവരാണ് പ്രതിപക്ഷം. പടർന്ന് പന്തലിച്ചുനിൽക്കുന്ന വടവൃക്ഷത്തെ കാണാതെ കൊഴിഞ്ഞു കിടക്കുന്ന കരിയില കണ്ടിട്ട് വനത്തിൽ എല്ലാം കരിയിലയാണെന്ന് തൃപ്തിപ്പെടുന്ന ഒരു നയമാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിന്റേത്. കാരണം കഴിഞ്ഞ രണ്ടര വർഷം മുമ്പ് 27,000 കോടി രൂപയുടെ കടവും കാലിഖജനാവുമായി അധികാരത്തിൽ കയറിയ ഗവൺമെന്റ് ഏതാണ്ട് 2001-02-ൽ 9 കോടി രൂപയായിരുന്ന റവന്യൂ വരുമാനം 2002-ൽ 10,000 കോടി രൂപയായും 2003-ൽ 12,000 കോടി രൂപയായും ഇപ്പോൾ 14,000 കോടിയിൽപ്പരം രൂപയായും പ്രതീക്ഷിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ടാക്സ് റവന്യൂ ഇനത്തിൽ 23 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നോൺ ടാക്സ് റവന്യൂവിൽ 24.7 ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അങ്ങനെ വരുമാനം വർദ്ധിച്ചു. റിക്കാർഡ് കളക്ഷനാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. അങ്ങനെ വരുമാനം വർദ്ധിപ്പിച്ച് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന കടങ്ങളെല്ലാം വീട്ടി. ഈ ചുരുങ്ങിയ കാലംകൊണ്ട് പൊതുക്കടം വീണ്ടും വർദ്ധിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. 27,000 കോടി രൂപ പൊതുക്കടമായി അവശേഷിപ്പിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നുപോകുമ്പോൾ അവർ കൊടുത്തുതീർക്കാനുള്ള കുറേ കടങ്ങൾ വേറേയും ഉണ്ടായിരുന്നു; അയ്യായിരം കോടി രൂപയിലേറെ ഉണ്ടായിരുന്നു. അതിൽ 1065 കോടി രൂപ കരാറുകാർക്ക് കൊടുക്കേണ്ടിവന്നു. ഹഡ്കോ, ഹൗസിംഗ് സ്കീം ലോൺ ഇല്ലാതാക്കി. 1997 മുതൽ പ്ലസ് ടു സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ചിട്ട് ശമ്പളം കൊടുക്കാതെയിരുന്ന കുടിശ്ശിക വേറെയാണ്. ഡി. എ. ഡിക്ളെയർ ചെയ്തുവെങ്കിലും അതും കുടിശ്ശികയാക്കി വരുംകാല ഗവൺമെന്റിന്റെ തലയിൽ വയ്ക്കുകയും മോട്ടോർ വെഹിക്കിൾ ടാക്സിൽ അമെന്റ്മെന്റ് വരുത്തി ഭാവിയിലെ 15 കൊല്ലത്തെ ടാക്സ്കൂടി അവരുടെ ഭരണകാലത്തു പിരിച്ചെടുക്കുകയും ചെയ്തിരുന്ന ഭരണരീതിയിൽ നിന്നും ഇപ്പോൾ ഈ സ്ഥിതിയിലേയ്ക്ക് എത്തിച്ച ധനകാര്യവകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

200 കോടിയോളം രൂപ കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഒഴുകിക്കൊണ്ടിരുന്നത് ഈ സംസ്ഥാനത്തിലേയ്ക്ക് പിടിച്ചുനിർത്തിയത് ഈ ഗവൺമെന്റാണ്. ഉന്നത വിദ്യാഭ്യാസത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പറിച്ചുനട്ടു എന്നുള്ളതുമാത്രം മതി വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് നേടിയ നേട്ടങ്ങളെ വിലയിരുത്താൻ. ഇന്ന് രാവിലെ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. എം. വി. ജയരാജൻ 78 ബി. എഡ്. കോളേജുകൾ അനുവദിച്ചതിലെ ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് വായിക്കുകയുണ്ടായി. 360 ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചതിനെ സംബന്ധിച്ചുള്ള ഹൈക്കോടതി ജഡ്ജ്മെന്റ്. 196 സ്കൂളുകൾ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തതിനെ സംബന്ധിച്ച ഹൈക്കോടതി ജഡ്ജ്മെന്റ് കൂടെ ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. 360 ഹയർ സെക്കന്ററി സ്കൂളുകൾ വഴിവിട്ടും അഴിമതിയിൽക്കൂടിയുമാണെന്നുള്ള പരാതിയുമായി ഹൈക്കോടതിയിൽ എത്തിയപ്പോൾ അഡ്വക്കേറ്റ് ജനറൽ അതു സാധൂകരിക്കുന്നതിനായി കുറച്ചു പേപ്പർ കോടതിയുടെ മുമ്പാകെ വച്ചു. ഞാൻ ആ ഭാഗമൊന്നു വായിക്കുകയാണ്. ഇത് ഡിവിഷൻ ബഞ്ചിന്റെ വിധിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

At this stage learned Advocate General produced the compilation of the sheets purporting to show that for the .....grant of 360 applications procedure is followed. അവിടെ അതു പരിശോധിച്ചിട്ട് ചീഫ്ജസ്റ്റീസ് ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ചിന്റെ ഒബ്സർവേഷൻ We find that this document has no authenticity, seems to be a hand written sheet prepared without any seal. It does not inspire any confidence in us. ഒരു നടപടിയും എടുക്കാതെ കൊടുത്തത്..... Government Officers' signatures and seals..... Last compilation sheet lacks any of the necessary attributes of the Government record. It is not possible to know who is the Officer and who had signed it. None of the signature is there. We do not wish to comment further more. അതിനുശേഷം our conclusion indicated above is that State Government has acted arbitrarily in selecting 360 out of total 1429 Schools which have applied. The consequence would be that Government will have to reconsider all these applications. അങ്ങനെ 360 സ്കൂളുകൾ നൽകിയതിനു ഉപോൽബലകമായി ഹാജരാക്കിയ റിക്കാർഡുകളൊന്നും ഗവൺമെന്റ് റിക്കാർഡുകളാണെന്നു ബോദ്ധ്യപ്പെടുത്താൻപ്പോലും സാധിക്കാതിരിക്കുന്ന ആ രീതിയിൽ.....

ശ്രീ. ടി. കെ. ദേവകുമാർ: ഇവിടെ സ്ഥിരമായി ജെ. എസ്. എസ്.-ന്റെ പേരിൽ പ്രസംഗിക്കാൻ കിട്ടുന്ന എല്ലാ സന്ദർഭവും മറ്റു രണ്ടുപേർക്കും കൊടുക്കാതെ അങ്ങു തന്നെയാണ് മുതലാക്കുന്നത്. നല്ല കാര്യം. പത്രവാർത്തയിലെ ഒരു സംശയമാണ് എനിക്കു ചോദിക്കുവാനുള്ളത്. ഇങ്ങനെ ശക്തമായി ഒരു കോടതി വിധി ഉന്നയിച്ച അങ്ങ് ഇവിടെ വാദിക്കുന്ന പക്ഷത്തിനു നേരെ എതിർവശമല്ലേ കോടതിയിൽ സാധാരണ വാദിക്കാറുള്ളത്? അതുമാത്രമല്ല, അങ്ങ് മന്ത്രിസ്ഥാനം കൂടി മനോട്ടമിട്ടിരിക്കുന്നു എന്ന് ഒരു പത്രവാർത്ത കൂടി വന്നിട്ടുണ്ട്. അതിനെക്കുറിച്ച് എന്ത് പറയുന്നു?

ശ്രീ. എ. എൻ. രാജൻ ബാബു: പാർട്ടിയിൽ സ്ഥിരം മുഖ്യമന്ത്രി യായിരിക്കുകയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാതിരിക്കുകയും എന്നാൽ ഭൂരിപക്ഷം കിട്ടുമ്പോൾ വീണ്ടും മന്ത്രിയായി വരുന്ന പ്രക്രിയ മാർക്സിസ്റ്റ് പാർട്ടിയിലേയുള്ളു. ജെ.എസ്.എസ്.-ൽ ഇല്ല.

ശ്രീ. കെ. കെ. ഷാജു: അപ്പുറത്തിരിക്കുന്ന ആളുകൾ സമയം വീതം വയ്ക്കുന്നത് ഗ്രൂപ്പ് അടിസ്ഥാനത്തിലായതുകൊണ്ട് ശ്രീ. ടി. കെ ദേവകുമാറിന് സമയം കിട്ടാതെ വന്നതിന്റെ ക്ഷീണം തീർക്കാനല്ലേ ഇതൊക്കെ പറയുന്നത്?

മിസ്റ്റർ ചെയർമാൻ (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): Shri Rajan Babu, please conclude.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞ കോടതി വിധി ഞാൻ ശ്രദ്ധിച്ചു. Massive investments are made by the self financial colleges not just as a social service എന്നുപറഞ്ഞുകൊണ്ടാണ് കോടതി ഈ കാര്യങ്ങൾ വിവരിക്കുന്നത്. എന്നിട്ട് കോടതി അഡീഷണലായി പറയുന്നത് ഇത് ഒരു കാരണവശാലും റിപ്പീറ്റ് ചെയ്യാൻ പാടില്ല എന്നാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: കോളേജിന്റെ കാര്യത്തിൽ ശ്രീ. നാലകത്ത് സൂപ്പി പണം കൊടുത്തെന്നോ പണം വാങ്ങിയെന്നോ ബിഷപ്പിനുപോലും ഒരു കേസില്ല. പക്ഷേ നിങ്ങൾ 360 സ്കൂളുകൾ വഴിവിട്ട് അനുവദിച്ചത് അഴിമതി യാണെന്ന് ഹൈക്കോടതി പറഞ്ഞിട്ട് ഒരു മന്ത്രിയുടെ കാർ തടയാൻ ഒരു എസ്. എഫ്. ഐ.-കാരനേയും ഒരു ഡി. വൈ. എഫ്.ഐ-കാരനേയും കണ്ടില്ല എന്നുള്ള ഒരു ദുഃഖം മാത്രമേ എനിക്കുള്ളു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അദ്ദേഹം പണം വാങ്ങിയിട്ടുമില്ല, പണം കൊടുത്തിട്ടുമില്ലെന്നിരിക്കെ വിദ്യാഭ്യാസ മന്ത്രിയെ തടയാൻ ശ്രമിച്ചവരാണ് നിങ്ങൾ. സ്കൂളുകൾ വഴിവിട്ട് അനുവദിച്ചത് വീണ്ടും നിങ്ങൾ കൺസിഡർ ചെയ്യണമെന്നുള്ള ഉത്തരവ് വന്നപ്പോൾ നിങ്ങൾ എവിടെ പോയിരുന്നു? നിങ്ങൾക്ക് ഒരു ചെറുവിരൽ അനക്കാൻ സാധിച്ചിട്ടുണ്ടോ? അന്ന് നിങ്ങളുടെ ധാർമ്മികരോഷം എവിടെപ്പോയി. നിങ്ങൾ ഒരു മന്ത്രിയുടെ വീട്ടിലേയ്ക്ക് പോയോ? നിങ്ങളൊരു കരിങ്കൊടി ഉയർത്തിയോ? അപ്പുറത്തിരിക്കുമ്പോൾ ധാർമ്മികരോഷം ഉണ്ടായിരിക്കുകയും ഇപ്പുറത്തിരിക്കുമ്പോൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ?

ശ്രീ. മത്തായി ചാക്കോ: ബിഷപ്പിന്റെ പരാതി ഇല്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ? മലങ്കര യാക്കോബായ സിറിയൻ ചർച്ചിന്റെ മെത്രാപ്പൊലീത്ത മുഖ്യമന്ത്രിക്ക് കൊടുത്ത കത്തിൽ പറയുന്നത് പി. സി അഹമ്മദ്ബത്തേരി, പി. പി. വി. മൂസ, എം. മമ്മൂട്ടി എന്നിവർ നേരിട്ട് അരമനയിൽ വന്ന് മലപ്പുറത്ത് ലീഗ് ഹൗസ് പണിയാൻ വേണ്ടി രണ്ട്ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും സഭാധ്യക്ഷനെന്ന നിലയ്ക്ക്.....

ശ്രീ. എ. എൻ. രാജൻ ബാബു: പണം വാങ്ങിച്ചോ? പണം കൊടുത്തിട്ടുമില്ല ആരും പണം വാങ്ങിച്ചിട്ടുമില്ല. ഞാൻ ഇവിടെ പറഞ്ഞത് പണം കൊടുത്തുവെന്നും അഴിമതി കാട്ടിയെന്നുംപറഞ്ഞ് 360 സ്കൂളുകൾ റദ്ദാക്കിയപ്പോൾ, അഡ്വക്കേറ്റ് ജനറൽ ഹാജരാക്കിയ പേപ്പറുകൾ, അതുപോലെ ഗവൺമെന്റ് റിക്കാർഡുകൾ കാണിച്ചപ്പോൾ എന്താണുണ്ടായത്? ശ്രീ. നാലകത്ത് സൂപ്പി പണം കൊടുത്തിട്ടുമില്ല, പണം വാങ്ങിയിട്ടുമില്ലെന്നിരിക്കെ അദ്ദേഹത്തിന്റെ കാർ തടയാനും മറ്റും നടന്നു. എന്നാൽ 360 സ്കൂളുകളുടെ കാര്യത്തിൽ കോടതി വിധിയുണ്ടായിട്ട് ഒരു സ്കൂളുപോലും കൊടുക്കാതെ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു ഒരു അഭിഭാഷകൻ കൂടിയായതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, സ്കൂളുകൾ, ബി.എഡ്. കോളേജുകൾ എന്നിവ അനുവദിക്കുന്നത് മന്ത്രിസഭയും മന്ത്രിസഭയിലെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ട്രസ്റ്റുമാണ്. ആ മന്ത്രിസഭയിലെ അംഗങ്ങൾ തന്നെ ചേർന്നുകൊണ്ട് കോളേജ് അനുവദിച്ചത് എങ്ങനെ നീതീകരിക്കാൻ കഴിയും?

ശ്രീ. എ. എൻ. രാജൻ ബാബു: കേരളത്തിലെ യാതൊരു പൗരനും സ്കൂളുകൾക്ക് അപേക്ഷിക്കുമ്പോൾ നിയമാനുസൃതമായി അവർക്ക് സ്കൂളുകൾ കിട്ടാൻ അർഹതയുണ്ട്. പണ്ട് എം. എൻ. ഗോവിന്ദൻ നായരുടെ അനുജന് ഇൻഡസ്ട്രിയുടെ ലൈസൻസ് കൊടുത്തതിനെ സംബന്ധിച്ച് പരാതിയുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ആരോപണങ്ങൾ എല്ലാകാലത്തുമുണ്ടാകും. ശ്രീ. നാലകത്ത് സൂപ്പിയുടെ സഹോദരനായതുകൊണ്ട് സ്കൂളിനപേക്ഷിക്കാൻ അർഹതയില്ല എന്നുപറയുന്നതിൽ അർത്ഥമില്ല.

ശ്രീ. എം. വി. ജയരാജൻ: ഏറ്റവും ഒടുവിൽ 64 ബി. എഡ്. കോളേജുകൾക്കാണ് എൻ. ഒ. സി. കൊടുത്തത്. അതും ഹൈക്കോടതി റദ്ദാക്കിയതിനെത്തുടർന്ന് കാശ് കൊടുത്ത തൃശ്ശൂരിലെ കുന്നംകുളത്തെ പ്രൊഫസർ ലക്ഷ്മണൻ, കൊല്ലത്തുള്ള ബി. എഡ്. ട്രസ്റ്റിന്റെ ആളുകൾ, തിരുവനന്തപുരത്തുള്ള ആളുകൾ എന്നിവർ കാശ് തിരിയെ തരാൻ ആവശ്യപ്പെട്ട കാര്യം അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. എൻ. രാജൻ ബാബു: ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീ. പി. സി. ജോർജ് പ്രസ് കോൺഫറൻസിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൈസ വാങ്ങിയിട്ടുള്ളത് കൊടുത്തിട്ടില്ലായെന്ന് പറഞ്ഞത് കേട്ടിട്ടുണ്ട്.

മി. ചെയർമാൻ (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): Shri Rajan Babu please.....ചെയറുമായി സഹകരിക്കൂ.

ശ്രീ. എ. എൻ. രാജൻ ബാബു: ഞാൻ ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം. യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയനുസരിച്ച് ചാരായത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. അങ്ങനെ ജോലി നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് Abkari Shops Disposal Act അനുസരിച്ച് പ്രൊവിഷൻ വച്ചിട്ടുണ്ട്, അതുകൊണ്ട് ആ ചാരായത്തൊഴിലാളികളെ നിയമിക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത നിലനിൽക്കുകയാണ്. അതനുസരിച്ചുള്ള ലിസ്റ്റ് ഫൈനലൈസ് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്ന്പ്രകടന പത്രികയിൽ പറഞ്ഞതനുസരിച്ച് അവരെ പുനരധിവസിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ സെറികൾച്ചർ രംഗത്തുള്ള ജീവനക്കാർക്ക് കഴിഞ്ഞ ആറ്മാസമായി ശമ്പളം കൊടുത്തിട്ടില്ല. പത്തും പതിമൂന്നും വർഷംവരെ

സർവ്വീസിലിരുന്നിട്ട് അവർക്ക് ഇൻക്രിമെന്റ് കിട്ടിയിട്ടില്ല, അതുപോലെ ഡി. എ. കുടിശ്ശികയുണ്ട്. ഇതൊരു മാനുഷിക പ്രശ്നമായി മാറിയിരിക്കുകയാണ്. ഇവർ സമരവും നടത്തിയിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് കുടിശ്ശികയുള്ള ശമ്പളം കൊടുക്കുന്നതിനും അവരെ ഖാദി ബോർഡിന്റെ ഭാഗമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. എനിക്കൊരു അപേക്ഷയുണ്ട്. ഇത് നാലാമത്തെ ബഡ്ജറ്റാണ്. ഈ നാല് ബഡ്ജറ്റിലും ഒരുപാട് വാഗ്ദാനങ്ങൾ കൊടുത്തിട്ടുണ്ട്. അതൊന്നുംതന്നെ നടപ്പിലായിട്ടില്ല എന്നാണ് കാണാൻ സാധിച്ചത്. അതൊക്കെ നടപ്പിലാക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. കടബാദ്ധ്യതകൾ തീർക്കാൻ സ്ഥിരം നിധികളുണ്ടാക്കുമെന്ന് പറഞ്ഞു. അത് നടപ്പിലായിട്ടില്ല. കാർഷിക സ്ഥിരം ഫണ്ടുണ്ടാക്കുമെന്ന് പറഞ്ഞു. അത് രൂപീകരിച്ചിട്ടില്ല. പരമ്പരാഗത വ്യവസായ നിധി രൂപീകരിക്കുമെന്ന് പറഞ്ഞു, അതിപ്പോഴും പഠനത്തിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പിൽ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. കാർഷിക പാക്കേജ് എവിടെയാണുള്ളതെന്നറിയില്ല. കോൾഡ് സ്റ്റോറേജിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഭരണനവീകരണ പരിപാടിയും ഇതുപോലെതന്നെ. ആ രീതിയിലാണ് മുന്നോട്ടു പോകുന്നത്. സംസ്ഥാനത്തെ പാവപ്പെട്ടവരെ ദ്രോഹിക്കുന്ന നയങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പാവപ്പെട്ടവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയാത്ത വിധത്തിലുള്ള പ്രവർത്തന ങ്ങളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. അതുപോലെ രജിസ്ട്രാർ ഓഫീസുകൾ പൂട്ടേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. രജിസ്ട്രാർ ആഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ആരും വരുന്നില്ല. ഒരുലക്ഷം രൂപയുടെ സ്ഥാനത്ത് രണ്ടര ലക്ഷം രൂപയുടെ വാല്യൂ ആണ് കാണിക്കേണ്ടിവരുന്നത്. അതൊക്കെ നല്ല രീതിയിൽ കൊണ്ടുപോകാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ പഞ്ചായത്തുകൾ അധികാരങ്ങൾ കവർന്നെടുത്തു. ഇപ്പോൾ വരൾച്ചയാണ് വരാൻ പോകുന്നത്. വരൾച്ചാ സമയത്ത് അവരെ സഹായിക്കാൻ ഫണ്ടുകൾ നൽകണം. കഴിഞ്ഞ വർഷം പഞ്ചായത്തുകൾക്ക് ഒരുപാട് പണം ചെലവാക്കേണ്ടി വന്നു. അതൊന്നുംതന്നെ തിരിച്ചുകൊടുത്തിട്ടില്ല. അതിപ്പോഴും കടമായിട്ട് നിൽക്കുകയാണ്. അതുകൊണ്ട് പഞ്ചായത്തുകൾക്ക് ആ പണം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ ആദ്യം മുതലേ ആവശ്യപ്പെടുന്ന ഒരു കാര്യമാണ് എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കണ മെന്നുള്ളത്. അവിടെ ഒരു തീപിടിത്തമുണ്ടായാൽ 30 കിലോമീറ്റർ താണ്ടിവേണം വാഹനമെത്താൻ. അതുകൊണ്ട് അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം. അവിടെ ട്രഷറിയുണ്ട് പക്ഷെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കു ന്നത്. അതുകൊണ്ട് പുതിയ ട്രഷറി കെട്ടിടം കെട്ടാൻ ഫണ്ട് അനുവദിക്കണം. കൂടുതൽ സമയമില്ലാത്തതുകൊണ്ട് ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഐ. റ്റി. എന്നും ബി. റ്റി. എന്നും എത്ര ഉറച്ച് വിളിച്ചു കൂവിയാലും കേരളത്തിലെ സമ്പദ്ഘടനയുടെ നട്ടെല്ല് കൃഷി തന്നെയാണ്. ഈ സർക്കാർ കൃഷിയെ പൂർണ്ണമായി മൊഴിചൊല്ലിയിരിക്കുകയാണ്. കൃഷി വകുപ്പിനെ ക്രൂരമായി അവഗണിച്ചിരിക്കുകയാണ്. ഇൻഫാമിന്റെ വടക്കേമുറിയച്ചനെ ളോഹ ഊരി ജയിലിലിട്ടപോലെ കൃഷി വകുപ്പിനെ ഇപ്പോൾ തുറുങ്കിൽ അടച്ചിരിക്കുകയാണ്. പിള്ള സാറിന്റെ കെ. എസ്. ആർ. ടി. സി.-ക്കും മാണി സാറിന്റെ ഹൗസിംഗ് ബോർഡിനും കടവൂർ സാറിന്റെ കെ. എസ്. ഇ. ബി.-ക്കും വെറും എച്ചിൽ കഷ്ണങ്ങൾ മാത്രമാണ് കൊടുത്തിട്ടുള്ളത്. സർക്കാരിന്റെ ബഡ്ജറ്റ് സപ്പോർട്ട് ഇല്ലെങ്കിൽ ഒന്നുകിൽ ഈ ഡിപ്പാർട്ടുമെന്റുകളൊക്കെ പൂട്ടേണ്ടിവരും. അല്ലെങ്കിൽ ഇലക്ഷനുശേഷം അധികം ചാർജ്ജ് വാങ്ങി കൊള്ളയടിക്കേണ്ടിവരും. ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ സിംഹഭാഗവും നീക്കിവച്ചിരിക്കുന്നത് നാല് ലീഗ് മന്ത്രിമാർക്കാണ്. അതേ സമയം കോൺഗ്രസ്സിന്റെ വനം നശീകരണ വകുപ്പിനും ആദിവാസി ദ്രോഹവകുപ്പിനും വരാൻ പോകുന്ന കീടനാശിനി വകുപ്പിനും ഒന്നും തന്നെ നീക്കിവച്ചിട്ടില്ല. ഈ ധനാഭ്യർത്ഥനയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ലീഗിന്റെ മന്ത്രിമാരും അവരുടെ കുറച്ച് എർത്തുകളുമാണ്. സാധാരണക്കാരായ മുസ്ലീം ജനലക്ഷങ്ങളിൽ ഭൂരിഭാഗവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. മുസ്ലീം സമുദായത്തിന്റെ മൊത്തക്കച്ചവടം ലീഗിന് ആണെന്നാണ് മുഖ്യമന്ത്രിയുടെ ധാരണ. അദ്ദേഹം പാണക്കാട് പോയി തൗബ ചെയ്തതുകൊണ്ടൊന്നും ന്യൂനപക്ഷങ്ങളുടെ മനസ്സിലെ മുറിവ് ഉണങ്ങുകയില്ല. ഈ ഭരണം കൊണ്ട് ലീഗിന്റെ സില്പന്തികൾക്കല്ലാതെ ആർക്കാണ് പ്രയോജനം കിട്ടുന്നത്? കുറേയേറെ മുസ്ലീങ്ങൾ ഗൾഫിൽ പോയി ചോര നീരാക്കി പണിയെടുക്കുന്നതുകൊണ്ട് അവരൊക്കെ പട്ടിണി കൂടാതെ കഞ്ഞി കുടിച്ച് കഴിയുന്നു. അല്ലാതെ അവരാരും അവിടെ ഭീകര പ്രവർത്തനത്തിനോ തീവ്രവാദ പ്രവർത്തനം നടത്താനോ അല്ല പോകുന്നത്. ഞാൻ ലീഗ് അല്ലാത്തതുകൊണ്ട് എന്റെ മണ്ഡലമായ മങ്കട ലീഗ് മന്ത്രിമാർക്ക് കേരളത്തിന് പുറത്താണ്, അത് കേരളത്തിന്റെ ഭാഗമല്ല, മാഹിയെപ്പോലെയാണ് അതിനെ കണക്കാക്കുന്നത്. ബി. ജെ. പി. ഗവൺമെന്റ് കേരളത്തെ വേറെ നാടായി കണക്കാക്കുന്നു എന്ന് ഇന്ന് രാവിലെ പറഞ്ഞില്ലേ? അതുപോലെയാണ് മങ്കടയെ കണക്കാക്കുന്നത്. അവിടെ ഒരുതരത്തിലുള്ള വികസന പ്രവർത്തനവും നടക്കില്ല, കഴിയുംവിധത്തിലൊക്കെ മങ്കടയെ അവഗണിക്കുന്നു. എതായാലും ചെയ്യാവുന്നിടത്തോളം അവർ ഭരിക്കില്ല എന്നാണ് എന്റെ ഏക സമാധാനം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്, മുസ്ലീങ്ങൾ അടക്കമുള്ള പിന്നോക്കക്കാരിൽ 18,000 പേർക്കാണ് സർക്കാർ ജോലി കിട്ടാതെ പോയത് എന്നാണ്. ഇ. ടി.-യും സി. ടി-യും ഡബിൾ കുട്ടിയുമെല്ലാം മുഷ്ടി പുറത്ത് ചുരുട്ടുന്നുണ്ടെങ്കിലും അകത്തു വന്ന് മുഖ്യമന്ത്രിയെ കാണുമ്പോൾ കവാത്ത് മറക്കുകയാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞ എൻ. എസ്. എസ്.-മായുള്ള ചർച്ച എവിടെ വരെ എത്തി? ശ്രീ. കരുണാകരൻ കണ്ണുരുട്ടുമ്പോൾ എങ്ങനെയാണ്

എൻ.എസ്.എസ്.-നെ പിണക്കുന്നത്? അത് അവർക്ക് കഴിയില്ല. ഈ സർക്കാർ ഖജനാവും പണവും അധികാരവുമെല്ലാം ഓരോരുത്തർക്കായി വീതിച്ചുകൊടുത്തിരിക്കുകയാണ്. .ഈ പങ്കുവയ്ക്കൽ രാഷ്ട്രീയം കൊണ്ട് ഗുണം കിട്ടുന്നത് കേരളത്തിലെ ജനങ്ങൾക്കല്ല മറിച്ച് അവരെ ചൂഷണം ചെയ്യുന്ന ജാതിമത ശക്തികളുടെ നേതാക്കൻമാർക്കാണ്. അവരുടെ ഒരു റിമോട്ട് കൺട്രോൾ ഭരണമാണ് അവിടെ നടക്കുന്നത്. India may be shining which I don't know, but one thing I am sure that Kerala is burning.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ പലതും കടലാസ്സിൽ വിശ്രമിക്കുകയാണ്. എന്റെ ജില്ലയായ കൊല്ലത്ത് വ്യവസായ സ്ഥാപനം അടച്ചു പൂട്ടൽ മൂലം വലിയ പ്രതിസന്ധിയിലാണ്. പുനലൂർ പേപ്പർ മിൽ, ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, എച്ച്. &.സി, പുനലൂർ പ്ലൈവുഡ്, ചവറ പൈപ്പ് ഫാക്ടറി എന്നിവയെല്ലാംതന്നെ പൂട്ടിക്കിടക്കുകയാണ്. ആകെ ഉണ്ടായിരുന്നത് കശുവണ്ടി ഫാക്ടറികൾ മാത്രമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിൽ 44 ഫാക്ടറികൾ ഉണ്ടായിരുന്നു. 27,500 തൊഴിലാളികൾ പണിയെടുക്കുന്നതായിരുന്നു. ജില്ലയുടെ നാടിമിടിപ്പ് തന്നെ കശുവണ്ടി വ്യവസായമായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ കശുവണ്ടി വ്യവസായത്തെ സഹായിക്കുമെന്നായിരുന്നു സൂചിപ്പിച്ചത്. 105 കോടി രൂപയുടെ ബാങ്ക് ബാധ്യത ഏറ്റെടുക്കുമെന്നാണ് അന്ന് നിയമസഭയിൽ പറഞ്ഞത്. കശുവണ്ടി വികസന കോർപ്പറേഷനിലെ ഇനിയുള്ള തൊഴിലാളികൾക്ക് ഉഷാറായിട്ട് തൊഴിൽ ലഭിക്കും എന്ന് പ്രഖ്യാപിച്ചിട്ട് ഓണക്കാലത്ത് 17 ദിവസം ജോലി കൊടുത്തു, വീണ്ടും കണ്ണുംപൂട്ടിക്കിടക്കുകയാണ്. അത് തുറന്നിട്ടില്ല. 27,500 തൊഴിലാളികൾ പട്ടിണിയിലാണ്. കൊല്ലം ജില്ലയിലെ പരമ്പരാഗതമായ മറ്റ് വ്യവസായസ്ഥാപനങ്ങളുടെ അടച്ചുപൂട്ടലും കശുവണ്ടി വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടലും കാരണം ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. പട്ടിണി മരണങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. വരൾച്ചനേരിട്ടിരിക്കുന്ന ഈ ഘട്ടത്തിൽ തകരാറിലാകുന്ന ട്യൂബ് വെല്ലുകളും ബോർവെല്ലുകളും റിപ്പയർ ചെയ്യാൻ വാട്ടർ അതോറിറ്റിയുടെ കയ്യിൽ കാൽ കാശ് കാണില്ല എന്ന് പറയുന്നു. അതുപോലെ തന്നെ കുടിവെള്ളം എത്തിക്കാൻ വേണ്ടി ഒരു ചാൺ പൈപ്പ് നീട്ടണമെങ്കിൽ പഞ്ചായത്തുകൾ കാശ് കൊടുക്കണം. അല്ലെങ്കിൽ ജനപ്രതിനിധികൾ കാശ് കൊടുക്കണം. ഇതിനൊന്നും വാട്ടർ അതോറിറ്റിയുടെ കയ്യിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ കയ്യിലും കാശില്ല. കൊല്ലം ജില്ലയിലെ രൂക്ഷമായ വരൾച്ച നേരിടുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനും വാട്ടർ അതോറിറ്റിക്കും ആവശ്യമായി പണം നൽകാൻ തയ്യാറാകണം. കൊല്ലം ജില്ലയെ പിന്നോക്ക ജില്ലയായി പ്രഖ്യാപിക്കണം.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു. ഇതിനെ പിൻതാങ്ങിയില്ലെങ്കിൽ മറ്റ് എന്താണ് പിൻതാങ്ങുക? കാരണം കേരളത്തെ സംബന്ധിച്ചിടത്തോളം വെളിച്ചം കത്തിക്കുന്ന പാവപ്പെട്ട മുഴുവൻ ആളുകളും ഈ വോട്ട് ഓൺ അക്കൗണ്ടിനും ഗവൺമെന്റിനും വേണ്ടി പ്രാർത്ഥിക്കുകയാണ്. ബി. പി. എൽ.-ലുള്ള 1,40,000 പേർക്ക് 140 സെക്ഷനിലായി വൈദ്യുതി കണക്ഷൻ കൊടുത്ത ഗവൺമെന്റാണിത്. ഒരു കിലോ റബ്ബറിന് 23 രൂപയായിരുന്നു. ഇപ്പോൾ റബ്ബർ കർഷകർക്ക് കൈ നിറയെ പണമാണ്. അവർ ഈ ഗവൺമെന്റിനു വേണ്ടി പ്രാർത്ഥിക്കുന്നു. നാളികേരത്തിന്റെ പര്യായം പുല്ലായിരുന്നു. ആ പുല്ല് എന്ന് പറയുന്ന നാളികേരത്തിന് നല്ല വില കിട്ടിയപ്പോൾ നാളികേര കർഷകരും ഈ ഗവൺമെന്റിനുവേണ്ടി പ്രാർത്ഥിക്കുന്നു. പീഡിത പിന്നോക്ക വിഭാഗങ്ങളുള്ള മലബാറിനെ ഏറ്റവുംകൂടുതൽ സ്നേഹിച്ച മന്ത്രിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. ആ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ എത്ര നല്ല കാര്യങ്ങളാണുള്ളത്. ശ്രീ. ദേവകുമാറിന്റെ പ്രസംഗം കേട്ടാൽ കഥയറിയാതെ ആട്ടം കാണുന്നവനെപ്പോലെ തോന്നും. ആട് അറിയുമോ അങ്ങാടി വാണിഭം. ദയവ് ചെയ്ത് ശ്രീ. ദേവകുമാർ ബഡ്ജറ്റ് ഒന്ന് വായിച്ചു നോക്കണം. എന്റെ സുഹൃത്ത് ശ്രീ. വി. കെ ചന്ദ്രന് 50 കോടി രൂപയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നൽകിയത്. അതുപോലെ തന്നെ എന്റെ സഹോദരി ശ്രീമതി ഗിരിജാ സുരേന്ദ്രന് മുറിയൻകണ്ണി പാലത്തിന് വേണ്ടി 21,00,000 രൂപയാണ് നൽകിയത്. അതുപോലെ തന്നെ എന്റെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്, വാളയാർ ചെക്ക്പോസ്റ്റിന് 65,000 രൂപയാണ് നൽകിയത്. എന്റെ സുഹൃത്ത് ആലത്തൂർ മെമ്പർ ശ്രീ. ചെന്താമരാക്ഷന് 10,00,000 രൂപയാണ് നൽകിയത്. എന്റെ സുഹൃത്ത് ബഹുമാന്യനായ ശ്രീ. എ. കെ. ബാലന് കുഴൽമന്ദത്ത് ട്രഷറിക്ക് വേണ്ടി 12,00,000 രൂപ നൽകി. അതുപോലെ വടക്കാഞ്ചേരിക്ക് 10,00,000 രൂപ നൽകി ശ്രീ. ചെന്താമരാക്ഷന് സിവിൽ സ്റ്റേഷനുവേണ്ടി 1,03,00,000 രൂപ നൽകി. അങ്ങനെ എന്തൊക്കെയാണ് നൽകിയത്?

പാവപ്പെട്ട മുസ്ലീങ്ങളെക്കുറിച്ച് പറയാൻ എന്താണ് ശ്രീ. മഞ്ഞളാംകുഴി അലിക്ക് അവകാശമുള്ളത്? എന്റെ കുടുംബക്കാരനാണ് ശ്രീ. കെ. പി. മുഹമ്മദ് മാഷ്. അവിടെ നിർത്തിയത് 9 കടകളാണ്. എത്രയെത്ര പാവപ്പെട്ട ചുമട്ടുതൊഴിലാളികൾ, പീടിക തൊഴിലാളികൾ കോഴിക്കോട് ഉണ്ട്. അവരെയാണോ നിങ്ങൾ നിർത്തിയത്? അതുകൊണ്ട് സാധാരണക്കാരായ മുസ്ലീങ്ങളുടെ കാര്യങ്ങൾ ഒന്നും പറയാൻ ശ്രീ. മഞ്ഞളാംകുഴി അലിക്കും ശ്രീ. വി. കെ. സി.-ക്കും അധികാരമില്ല.

ശ്രീ. സി. മോയീൻ കുട്ടി: കേരളത്തിന്റെ റവന്യൂ വരുമാനം ഉപയോഗിച്ച് മണ്ഡലത്തിൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ സ്വന്തം ഫണ്ട് ഉപയോഗിച്ച് ആ വെല്ലുവിളി നേരിടാൻ തയ്യാറായ ആളാണ് ശ്രീ മഞ്ഞളാംകുഴി അലി എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: തീർച്ചയായും. ഇലക്ഷൻ കാലഘട്ടത്തിലൊക്കെ കക്കൂസുകളും കുളിമുറികളുമൊക്കെ സ്വന്തം ചെലവിൽ ആളുകൾക്ക് നിർമ്മിച്ചു കൊടുത്ത, സ്വന്തമായി കൂര നിർമ്മിച്ചു കൊടുത്ത, സ്വന്തമായി ഓട് മേഞ്ഞു കൊടുത്ത ദാനശീലനാണ് ശ്രീ. മഞ്ഞളാംകുഴി അലി എന്ന് എനിക്ക് നല്ലവണ്ണം അറിയാം. ഞാൻ പറഞ്ഞു വരുന്നത് ചില പ്രധാനപ്പെട്ട കാര്യങ്ങളാണ്. എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്തെ ഷോളയാർ, പുതൂർ പഞ്ചായത്തുകളിൽ അവിടങ്ങളിൽ തമിഴ്നാട് അന്യായമായി സ്ഥലങ്ങൾ കയ്യേറുകയാണ്. നിങ്ങൾക്കറിയാം. കിണ്ണക്കര എന്ന് പറയുന്ന പ്രദേശം, കേരളത്തിന്റെ ഭൂമി തമിഴ്നാട്ടിലെ തേയില കൃഷിക്കാർ കയ്യേറിയിരിക്കുകയാണ്. തമിഴ്നാട് തേയില കൃഷിക്കാർ കയ്യേറിയതുകൊണ്ട് കേരളത്തിന് ആവശ്യമായ നികുതി ലഭിക്കുന്നില്ല. കേരളത്തിലെ കയ്യേറിയ കിണ്ണക്കരയിലെ പ്രദേശം റവന്യൂ ഡിപ്പാർട്ട്മെന്റ് പ്രത്യേകമായി ശ്രദ്ധിക്കണം. അതുപോലെതന്നെ പുത്തൂർ വില്ലേജിലെ മുള്ളിഭാഗത്തും കേരളാ ഗവൺമെന്റിന്റെ സ്ഥലം തമിഴ്നാട് കയ്യേറിയിരിക്കുകയാണ്. കേരളാ-തമിഴ്നാട് അതിർത്തിയിൽ ആനകെട്ടിപ്രദേശത്ത് കേരളാ ഗവൺമെന്റിന്റെ 100 മീറ്റർ സ്ഥലം തമിഴ്നാട് കയ്യേറിയിരിക്കുകയാണ്. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ അതിർത്തികൾ മുഴുവനും അവർ പിഴുതെറിഞ്ഞുപോയി. അവിടത്തെ വീരപാണ്ഡി പഞ്ചായത്തിൽ കറണ്ടും വെള്ളവും കൊടുത്തു, അവിടെ ഒരു അമ്പലവും നിർമ്മിച്ചു. ഗവൺമെന്റ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ ഇടതുപക്ഷ സർക്കാർ ആദിവാസികൾക്ക് പതിച്ചുകൊടുത്ത വെച്ചുപ്പതിയിലും വെള്ളംകുളത്തും ഉള്ള കുറേ ഭൂമിക്ക് തമിഴ്നാട് അവകാശവാദം ഉന്നയിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് സൈലന്റ്വാലി നാഷണൽ പാർക്ക്. എന്റെ നിയോജകമണ്ഡലത്തിലാണ് ഭവാനി നദി ഒഴുകുന്നത്. എന്റെ നിയോജകമണ്ഡലത്തിലൂടെയാണ് ശിരുവാണി നദി ഒഴുകുന്നത്. ശിരുവാണി കരാർ 2004 ൽ പുതുക്കേണ്ടതാണ്. 2004-ൽ പുതുക്കുമ്പോൾ പാലക്കാട് ജില്ലയ്ക്കാവശ്യമായ വെള്ളം കിട്ടുന്ന കാര്യത്തിൽ ഒരു ഹോംവർക്ക് മുന്നൊരുക്കം കേരളാ ഗവൺമെന്റ് ചെയ്യണം. അതോടൊപ്പം തന്നെ ഭവാനിപ്രദേശത്ത് മുക്കാലി അണക്കെട്ട് വന്നു. ആ മുക്കാലി തടയണ വന്നപ്പോൾ അതിനെതിരായി സമരം ചെയ്തത് സി. പി. ഐ. (എം.) ആണ്. ആ സമരത്തിന് നേതൃത്വം കൊടുത്ത നേതാവ് സി. പി. ഐ. (എം.)-ന്റെ അട്ടപ്പാടി ഏരിയ സെക്രട്ടറി ഗോപാലൻ ആണ്. അതിനെതിരായി സമരം ചെയ്തത് സി. പി. ഐ. ആണ്. അതിന് നേതൃത്വം കൊടുത്ത നേതാവ് അവരുടെ ജില്ലാ പഞ്ചായത്ത് മെമ്പർ കെ. വി. ഇബ്രാഹിം ആണ്. ബി. ജെ. പി.-യുടെ കൂടെയാണ് ഇവർ മുക്കാലി പദ്ധതിക്കെതിരെ സമരം ചെയ്തത്. മുക്കാലി പദ്ധതി വന്നാൽ തീർച്ചയായിട്ടും അവിടത്തെ ആദിവാസികളിൽ ആശങ്കയുണ്ട്. തോട്ടമുപ്പൻ ബഹുമാനപ്പെട്ട അച്ചുതാനന്ദനോട് അക്കാര്യം പറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ മുക്കാലി പദ്ധതി വരുന്നതിനുമുമ്പായി ഭവാനി പുഴയിൽ ആയിരക്കണക്കിന് മോട്ടോറുകൾ ഉപയോഗിച്ച് വെള്ളം എടുക്കുന്ന കൃഷിക്കാരുടെ ആശങ്ക തീർക്കണം. അതുപോലെ അട്ടപ്പാടിയിൽ

എ. വി. ഐ. പി. നടപ്പാക്കിയാൽ കിഴക്കൻ അട്ടപ്പാടിക്ക് മുഴുവനും കുടിവെള്ളം കൊടുക്കാൻ കഴിയും. അതുപോലെതന്നെ ശിരുവാണി പദ്ധതിയിൽനിന്നു തരുന്ന 2.5 ടി. എം. സി. വെള്ളം നമുക്ക് ഏറെക്കുറെ ഉപയോഗിക്കാൻ കഴിയും. ഫണ്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, 219 കോടി രൂപയുടെ അഹാർഡ്സിന്റെ ഒരു പ്രോജക്ട് അവിടെയുണ്ട്. അതുകൊണ്ട് തീർച്ചയായും ആ പദ്ധതി നടപ്പാക്കണം. പാലക്കാട് ജില്ലയിലെ മലയോര മേഖലയിലുള്ള നിരവധി കൃഷിക്കാർക്ക് പട്ടയം ലഭിച്ചിട്ടില്ല. 1970 കാലത്ത് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ആഭ്യന്തര വകുപ്പുമന്ത്രിയും ശ്രീ. ഡി. ബാബുപോൾ പാലക്കാട് കളക്ടർ ആയിരുന്ന കാലത്ത് കുടിയിറക്കാൻ ശ്രമിച്ച കൃഷിക്കാർക്ക് ഇന്നും പട്ടയം കിട്ടിയിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അവർക്ക് പട്ടയം കൊടുക്കാൻ നടപടി എടുക്കണം. ഏതായാലും ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. മണ്ണാർക്കാട് താലൂക്കിൽ ഒരുപാട് നദികളുണ്ട്, ജലസമൃദ്ധമാണ്. സൈലന്റ് വാലിയിൽ നിന്ന് ഉൽഭവിക്കുന്ന നദികളാണ്. ആ നദികളൊക്കെ വ്യക്തമായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ മലബാറിന് മുഴുവനും വെള്ളം കൊടുക്കാൻ കഴിയും. അതുകൊണ്ട് മലബാറിന് മുഴുവനും വെള്ളം കൊടുക്കാൻ കഴിയുന്ന എന്റെ താലൂക്കിലെ അഞ്ച് നദികളെക്കുറിച്ച് പഠിക്കാനും അതിനെ സംരക്ഷിക്കാനുമുള്ള ഒരു സ്കീം കേരളാ ഗവൺമെന്റ് തയ്യാറാക്കണം. അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളേയും അട്ടപ്പാടി ബ്ലോക്കിനെയും ഐ. ടി. ഡി. പി.-യെയും, അഹാർഡ്സിനേയും ബന്ധിപ്പിച്ചുകൊണ്ട് അട്ടപ്പാടി വികസന അതോറിറ്റി രൂപീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതാങ്ങുന്നു. സംസ്ഥാനത്ത് പതിവിന് വിരുദ്ധമായി ഒരു ഫുൾ ബഡ്ജറ്റ് അവതരിപ്പിക്കാനാണ് ഈ ഗവൺമെന്റ് പ്ലാൻ ചെയ്തിരിക്കുന്നത് എങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ സമഗ്രമായ പുരോഗതിയും വികസനവും ലക്ഷ്യമാക്കുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഓരോ മേഖലയുടേയും സമഗ്ര വികസനത്തിന് പണം മാറ്റിവയ്ക്കാൻ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് 195.97 കോടി രൂപ, ഗ്രാമവികസനത്തിന് 379.37 കോടി രൂപ, വൈദ്യുതിക്ക് 704 കോടി രൂപ, വിനോദസഞ്ചാരത്തിന് 74 കോടി രൂപ, വ്യവസായത്തിന് 205 കോടി രൂപ, ഐ.ടി. മേഖലക്ക് 78 കോടി രൂപ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 1309 കോടി രൂപ അങ്ങനെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ വമ്പിച്ച പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചതിനു ശേഷമാണ് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിന്റെ കൂടി പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചുള്ള പരാമർശം ശ്രീ. കോടിയേരി ബാലകൃഷ്ണൻ രാവിലെ ഇവിടെ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ നിലപാട് വിശദീകരിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ സർവ്വ മേഖലകളേയും അവഗണിച്ചിരിക്കുകയാണ്. നേരത്തെ അവതരിപ്പിച്ച റയിൽവേ ബഡ്ജറ്റിലും ഇന്നലെ അവതരിപ്പിച്ച പൊതു ബഡ്ജറ്റിലൂടെയും ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായിട്ടുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വിനോദസഞ്ചാര രംഗത്ത് ഇന്ത്യയിൽ ഏറ്റവും മികച്ച സംസ്ഥാനം എന്നുള്ള അവാർഡ് ലഭിച്ചത് കേരളത്തിനാണ്. ദേശീയ അവാർഡുകൾ മാത്രമല്ല, അന്തർദേശീയ അവാർഡുകളും കേരളത്തിന് ലഭിക്കുകയുണ്ടായി. പക്ഷെ വിനോദസഞ്ചാരികളെ കൂടി ആകർഷിക്കത്തക്ക വിധത്തിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച .convention സെന്ററുകൾ ഒന്നുപോലും കേരളത്തിന് അനുവദിച്ചിട്ടില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല എങ്കിലും സംസ്ഥാന ഗവൺമെന്റ് കടം എടുത്തായാലും International convention centre തിരുവനന്തപുരത്ത് സ്ഥാപിക്കാനുള്ള പരിപാടിയുമായി മുന്നോട്ടുപോകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിലൂടെ സർക്കാർ ജീവനക്കാരെ തെരഞ്ഞെടുപ്പിൽ സ്വാധീനിക്കാനുള്ള വലിയ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. 50 ശതമാനത്തിൽ കൂടുതൽ ഡി. എ. അടിസ്ഥാന ശമ്പളത്തിൽ മെർജ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി പെൻഷനും ആനുകൂല്യങ്ങളും വർദ്ധിക്കും. ജീവനക്കാർക്ക് അടിസ്ഥാനശമ്പളം വർദ്ധിക്കും. പെൻഷൻ വർദ്ധിക്കും; ആനുകൂല്യങ്ങളൊക്കെ വർദ്ധിക്കും. ഇതിൽ നമുക്ക് സന്തോഷമുണ്ട്, സ്വാഗതാർഹമാണ്. എങ്കിലും കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് ഇത് താങ്ങാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് ആശങ്കയാണുള്ളത്. അതുകൊണ്ട് ഇത്തരം പ്രഖ്യാപനത്തിലൂടെ വരുന്ന സാമ്പത്തിക ഭാരം നികത്തിത്തരാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടത് ആവശ്യമാണ്. വരുമാനത്തിൽ 94 ശതമാനത്തോളം ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളുമെല്ലാം കൊടുക്കേണ്ടിവരുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നിലനിൽക്കാൻ പറ്റാത്ത സാഹചര്യം ഉയർന്നുവന്നിട്ടുള്ളതുകൊണ്ട് കേരളം മുൻകയ്യെടുത്ത് മറ്റ് സംസ്ഥാനങ്ങളെക്കൂടി കോ-ഓർഡിനേറ്റ് ചെയ്ത് ഇത്തരം കാര്യങ്ങളിൽ എന്ത് നിലപാട് വേണം എന്ന് ആലോചിക്കേണ്ടതാണ്. വാറ്റ് കൊണ്ടുവരുന്നതിനുവേണ്ടി ബംഗാൾ ധനകാര്യമന്ത്രി കൺവീനറായി ചില നീക്കങ്ങൾ നടത്തുകയുണ്ടായി. ഇതുപോലുള്ള പ്രശ്നങ്ങളിലും സാമ്പത്തികമായി തകർച്ച നേരിടുന്ന സംസ്ഥാനങ്ങൾ പൊതുവായി ആലോചിക്കേണ്ട ആവശ്യമുണ്ട്. ഏറ്റവും പ്രധാനമായി ഇതിനുള്ള പരിഹാരം അടുത്തുവരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കേന്ദ്രത്തിൽ ഒരു ഭരണമാറ്റം സൃഷ്ടിക്കുന്നതിന് നമുക്ക് യോജിച്ച് പ്രവർത്തിക്കാൻ കഴിയുമോ എന്നുള്ളതു മാത്രമാണ്. കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നമുക്ക് 3500 കോടി രൂപ നഷ്ടം വന്നു,

LIBRARY ARCHIVES Kerala Legislative Assembly

ഇത്തവണ അത് make up ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും കേന്ദ്ര ഗവൺമെന്റ് അവഗണിച്ചിരിക്കുകയാണ്. വല്ലാർപാടം ടെർമിനൽ ഉൾപ്പെടെയുള്ള കേരളത്തിന്റെ പൊതുവായ പദ്ധതികൾപോലും തഴഞ്ഞിരിക്കുകയാണ്. ഇതിനെതിരായി ശക്തമായ യോജിച്ച മുന്നേറ്റം ആവശ്യമാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഇതിനുവേണ്ടി പ്രതിപക്ഷവും ഈ ഗവൺമെന്റുമായി സഹകരിക്കും എന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് എതിരായുള്ള ഒരു അവിശ്വാസ പ്രമേയത്തിന്റെ പശ്ചാത്തലത്തിലാണ് ഇപ്പോൾ ധനകാര്യപ്രശ്നങ്ങൾ നമ്മൾ ചർച്ച ചെയ്യുന്നത്. പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ അതിജീവിച്ച് കാവാലം ചുണ്ടനെപ്പോലെ വിജയഭേരി മുഴക്കിയ ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ അനുമോദിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: നിഷ്പക്ഷമായി, വിപ്പ് ഇല്ലാതെ രഹസ്യമായി ഈ സഭയിൽ ഒരു വോട്ടിംഗ് നടന്നിരുന്നു എങ്കിൽ 100 ശതമാനം പിൻതുണയോടുകൂടി ശ്രീ. കോടിയേരിയുടെ പ്രമേയം പാസാകുമായിരുന്നു എന്ന കാര്യത്തിൽ ശ്രീ. ബാബുവിന് സംശയമുണ്ടോ?

ശ്രീ. കെ. ബാബു: എനിക്ക് വേറെ ഒരു കാര്യമാണ് ഓർമ്മ വരുന്നത്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ വിലക്ക് ഇല്ലായിരുന്നു എങ്കിൽ ശ്രീ. ജോർജും ബഹുമാനപ്പെട്ട സ്പീക്കർക്ക് അനുകൂലമായി വോട്ട് ചെയ്യുമായിരുന്നു. അത് എനിക്കറിയാം. ശ്രീ. ജോർജിനുപോലും ബഹുമാനപ്പെട്ട സ്പീക്കറോട് ബഹുമാനമാണ്. അപ്പുറത്തിരിക്കുന്ന എല്ലാവർക്കും ബഹുമാനമാണ്. പക്ഷെ മറ്റൊരു രാഷ്ട്രീയ സാഹചര്യത്തിൽ എടുത്തു ചാടിപ്പോയി, എന്തുചെയ്യാൻ പറ്റും? എടുത്തു ചാടിപ്പോയില്ലേ പിൻവലിച്ചുകൊണ്ട് ഓടാൻ പറ്റുമോ? ബഹുമാനപ്പെട്ട കോടിയേരിയുടെയൊക്കെ ഇരിപ്പ് കണ്ടില്ലേ? ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു. ഒന്ന് ആലോചിച്ച് നോക്കൂ.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്,

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു. ഇത് പറയാൻ പാടില്ല. ഇത് unparliamentary-യാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് രേഖയിൽ കാണില്ല, പ്ലീസ്, പ്ലീസ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട ബാബു മാങ്ങയണ്ടിയെക്കുറിച്ചല്ലേ പറഞ്ഞത്? ശ്രീ. കോടിയേരി മാങ്ങയണ്ടി എന്നല്ല കേട്ടത്, അതുകൊണ്ടാണ് പെട്ടെന്ന് ചാടി എണീറ്റത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണനും മാർക്സിസ്റ്റ് പാർട്ടിക്കും ആകെ ആശയക്കുഴപ്പമാണ്. നേരത്തെ പാർലമെന്ററി അല്ല എന്നുപറഞ്ഞതുകൊണ്ട് പറയുന്നതാണ്. പാർലമെന്ററിയാണ് അണ്ണാന്റെ വായിൽ ഇരിക്കുന്നതെന്താണ്? കശുവണ്ടി, അതുപോലെ അണ്ണാനെപ്പോലെ ഇരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ പ്രതിപക്ഷത്തിന് ആകെ ശനിദശയാണ്. വലിയ പ്രതീക്ഷയോടുകൂടിയാണ് ഇത്തവണ നിയമസഭാ സമ്മേളനം ആരംഭിച്ചപ്പോൾ വന്നത്. സർ, ഒരു സിനിമാഗാനമുണ്ട്, "എന്തെന്തു മോഹങ്ങളായിരുന്നു, എത്ര കിനാവുകളായിരുന്നു," "ഒരു മോഹമെങ്കിലും പൂത്തില്ല," പ്രതിപക്ഷത്തിന്റെ സ്ഥിതി അതാണ്. വലിയ പ്രതീക്ഷയോടുകൂടിയാണ് പ്രതിപക്ഷം ഇവിടെ വന്നത്. പക്ഷെ ഒരു മോഹമെങ്കിലും പൂത്തില്ല. യു. ഡി. എഫ്-നേയും കോൺഗ്രസിനേയും നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ലായെന്ന് ഏറ്റവും ഒടുവിൽ ഇന്ന് ഉച്ചയ്ക്ക് നിങ്ങളുടെ പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ ബോദ്ധ്യപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. ശ്രീ. പി. സി. ജോർജിന്റെ മനസ്സിലിരുപ്പ് കണ്ടോ? നിങ്ങൾ പറയുന്നത് വർഗ്ഗീയ ഫാസിസത്തെ തകർക്കണം എന്നാണ്. ശ്രീ. പി. സി. ജോർജ് പറയുന്നത് ജനം ചെയ്തുകൊള്ളുമെന്നാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടെന്താണ് എന്ന് മനസ്സിലായില്ലേ? ഡൽഹിയിൽ ശ്രീമതി സോണിയാഗാന്ധിയെ പിൻതാങ്ങും, കോൺഗ്രസിന് അനുകൂലം, കേരളത്തിൽ കോൺഗ്രസിനെ എതിർക്കും, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലും ത്രിപുരയിലും ബംഗാളിലും കോൺഗ്രസിനെ എതിർക്കും, മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസിനെ പിൻതാങ്ങും എന്ന്. ഇതാണ് നിങ്ങളുടെ നിലപാട്. ഞാൻ കഴിഞ്ഞ ദിവസം നിങ്ങളോട് ചോദിച്ച ചോദ്യം വീണ്ടും ആവർത്തിക്കുകയാണ്. കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തിന് പ്രസക്തിയുണ്ടോ? ഉണ്ട്, അതല്ലേ അതിന്റെ അർത്ഥം? ബംഗാളിലും ത്രിപുരയിലും കേരളത്തിലും കോൺഗ്രസിനെ എതിർക്കും എന്നുപറഞ്ഞാൽ കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തിന് ഇപ്പോഴും പ്രസക്തിയുണ്ട് എന്നതല്ലേ? ഇതാണ് നിങ്ങളുടെ നിലപാട്. മറ്റ് ചിലയിടത്തൊക്കെ കോൺഗ്രസ് രാഷ്ട്രീയത്തിന് പ്രസക്തി നഷ്ടപ്പെട്ടുവെന്ന് പറഞ്ഞാലും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്നല്ലേ ബോദ്ധ്യമാകുന്നത്? അതല്ലേ നിങ്ങളുടെ ഹൈദ്രാബാദിലെ ഏറ്റവും ഒടുവിലത്തെ തീരുമാനം? മുസ്ലീം ലീഗിനെ നിങ്ങൾ വർഗ്ഗീയ കക്ഷിയായി കാണുന്നു. രാവിലേയും അതിനെക്കുറിച്ച് സംസാരിച്ചതാണ്. തമിഴ്നാട്ടിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് മാത്രമല്ല, ഐ. എൻ. എ.-യും നിങ്ങളോടൊപ്പമാണ്. നിങ്ങളുടെ മുന്നണിയിലാണ്. കാഷ്മീരിലോ? കാഷ്മീരിൽ ശ്രീ. ഗുലാംനബിആസാദ് കൺവീനറായിട്ടുള്ള മുന്നണിയിലാണ് മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.-യും.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം ഓർക്കുന്നില്ലേ, എറണാകുളത്ത് വാശിയേറിയ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നപ്പോൾ ശിവസേന പരസ്യമായി ഇവർക്ക് പിൻതുണ നൽകുകയും ശിവസേനയുടെ പിൻതുണ വളരെ സന്തോഷപൂർവം ഇവർ സ്വീകരിക്കുകയും ചെയ്ത കാര്യം? അങ്ങ് ഇത് മറന്നുപോയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: കഴിഞ്ഞ ദിവസം ഞാൻ പ്രസംഗിച്ചുകഴിഞ്ഞപ്പോൾ ശ്രീ. മത്തായി ചാക്കോ പറയുകയുണ്ടായി, എറണാകുളം തെരഞ്ഞെടുപ്പ് കഴിഞ്ഞതിൽപ്പിന്നെ ഞാൻ വളരെ ക്ഷീണത്തിലാണെന്ന്. ഒരു തെറ്റിദ്ധാരണയും വേണ്ട, ശ്രീ. മത്തായി ചാക്കോ ഒരു കാര്യം മനസ്സിലാക്കണം, ഞാൻ മൽസരിച്ച മൂന്ന് തെരഞ്ഞെടുപ്പിലും എനിക്ക് പതിനായിരം വോട്ടിന്റെ വീതം ഭൂരിപക്ഷം കിട്ടിയിട്ടുണ്ട്. കൂടിയിട്ടേയുള്ളൂ. ശ്രീ. ആന്റണി ഐസക്കും, ശ്രീ. സെബാസ്റ്റ്യൻ പോളും തമ്മിൽ മൽസരിച്ചപ്പോഴും തൃപ്പൂണിത്തുറ മണ്ഡലത്തിൽ നാലായിരം വോട്ടിന്റെ മൈനസായിരുന്നു. അന്ന് ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടില്ല, ഒറ്റക്കെട്ടായിരുന്നു. കൂടാതെ ഈ ന്യൂനപക്ഷ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നിട്ടും ശ്രീ. ആന്റണി ഐസക്ക് നാലായിരം വോട്ടിന് തൃപ്പുണിത്തുറ നിയോജകമണ്ഡലത്തിൽ താഴെയായിരുന്നു. അതുകഴിഞ്ഞുവന്ന നിയമസഭാ തെരഞ്ഞെടുപ്പിലാണ് എനിക്ക് ഇരുപത്തിയയ്യായിരം വോട്ടിന്റെ ഭൂരിപക്ഷം കിട്ടിയത്. അതുകൊണ്ട് ആർക്കാണ് ധൈര്യമുള്ളത് എന്നുവച്ചാൽ നമുക്കുവേണമെങ്കിൽ ഒന്നു നോക്കാം, എനിക്ക് അത്രയേ പറയാനുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ഈ പറഞ്ഞതിന് അർത്ഥം എറണാകുളം ലോകസഭാ സീറ്റിലെ ഏഴ് മണ്ഡലങ്ങളിൽ അഞ്ച് മണ്ഡലങ്ങളിൽ നിങ്ങൾക്ക് ഭൂരിപക്ഷം കുറഞ്ഞു. തോറ്റു, രണ്ട് മണ്ഡലം ജയിച്ചു. ഒന്ന് ശ്രീ. തോമസിന്റെ സീറ്റിലും, മറ്റേത് ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ സീറ്റിലും, ഈ രണ്ട് സീറ്റിലേയും ആളുകളൊഴിച്ച് അഞ്ച് മണ്ഡലത്തിലെ എം. എൽ. എ.-മാർ ശ്രീ. എം. ഒ. ജോണിനെ കാലുവാരിയതുകൊണ്ടാണോ തോറ്റത്?

ശ്രീ. കെ. ബാബു: ഞാൻ ഒരു കാര്യം ചോദിക്കട്ടെ, 1990-ൽ നടന്ന ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ നിങ്ങളാണ് എല്ലാ സീറ്റിലും ജയിച്ചത്. സംസ്ഥാനത്ത് മലപ്പുറമൊഴികെ എല്ലാ ജില്ലാ കൗൺസിലുകളിലും നിങ്ങൾ ജയിച്ചു, പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. അതിനർത്ഥം നിങ്ങൾ കാലുവാരിയെന്നാണോ? ശ്രീ. അച്ചുതാനന്ദൻ മാരാരിക്കുളത്ത് തോറ്റു, അവിടെ കാലുവാരിയെന്നാണോ? ശ്രീ. കോടിയേരി സമ്മതിക്കുമോ? തെരഞ്ഞെടുപ്പുകളിൽ ജനവിധി മാറിമാറി വരും. കേരളത്തിൽ പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഒരേ തെരഞ്ഞെടുപ്പിൽത്തന്നെ പാർലമെന്റിൽ ഭൂരിപക്ഷം കൂടുകയും, അസംബ്ളിയിൽ കുറയുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകാറുണ്ട്. അതുകൊണ്ട് എറണാകുളം ഉപതെരഞ്ഞെടുപ്പ് കണ്ടുകൊണ്ടാണ് രാഷ്ട്രീയ ലയം തീരുമാനിക്കുന്നതെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണാ നിങ്ങൾ അപകടത്തിലാകുമെന്നു മാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ബാബു ഇവിടെ സംസാരിച്ചപ്പോൾ മുസ്ലീംലീഗ് വർഗ്ഗീയ കക്ഷിയല്ല എന്നൊക്കെ പറഞ്ഞു. ഞാനും ആ അഭിപ്രായക്കാരനാണ്; അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ മഹാനായ സി. എച്ച്. മുഹമ്മദ് കോയയെ തൊപ്പി ഊരിച്ച് ഈ സഭയിൽ സ്പീക്കറാക്കിയത് കോൺഗ്രസ് പാർട്ടിയാണ്. അത് മുസ്ലീം ലീഗ് വർഗീയകക്ഷിയല്ല എന്ന് വരുത്താൻ വേണ്ടിയാണോ?

ശ്രീ. കെ. ബാബു: മുൻപ് ഇതുപോലെ പലതും നടന്നു, ഞാൻ ചോദിക്കട്ടെ, കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുണ്ടാക്കിയ വടക്കലച്ചനെ കൂട്ടി 67-ൽ മാർക്സിസ്റ്റ് പാർട്ടി മുന്നണിയുണ്ടാക്കിയില്ലേ? കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ നേതാവ് ആയിരുന്നില്ലേ വടക്കലച്ചനും, വില്ലിംഗ്ടണും? ഇവർ ഒരുമിച്ച് മുന്നണിയുണ്ടാക്കിയില്ലേ? ശ്രീ. ജോർജ് അവിടെയിരിക്ക്, ശ്രീ. ജോർജ് ആദ്യം മുന്നണിയിൽ കയറാൻ നോക്ക്, ശ്രീ. ജോർജ് ഇതൊക്കെ പറയുന്നത് മുന്നണിയിൽ കയറാൻവേണ്ടിയിട്ടാണെന്ന് എനിക്കറിയാം, അത് അവർ ഉള്ളിടത്തോളം കാലം കയറ്റില്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, സി. എച്ച്. മുഹമ്മദ്കോയയുടെ തൊപ്പി ഊരിച്ചതിനെപ്പറ്റിപറഞ്ഞു, തൊപ്പി ഊരിക്കാതെ ചാക്കീരി അഹമ്മദ് കുട്ടിയേയും മൊയ്തീൻ കുട്ടി ഹാജിയേയും സ്പീക്കറാക്കിയത് അങ്ങേക്കറിയാമോ?

ശ്രീ. കെ. ബാബു: തീർച്ചയായിട്ടും.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സി. എച്ച്. മുഹമ്മദ് കോയ തൊപ്പി ഊരിയിരുന്നില്ല. തൊപ്പി വച്ചുകൊണ്ടുതന്നെയാണ് സ്പീക്കർ സ്ഥാനത്തിരുന്നത്.

ശ്രീ. കെ. ബാബു: നിങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം കണക്കുകൂട്ടലുകൾ ഒന്നും വച്ചുകൊണ്ടുപോകേണ്ട കാര്യമില്ല. നിങ്ങളുടെ സ്ഥിതിയെന്താണ്? ഹൈദ്രാബാദ് പാർട്ടി കോൺഗ്രസിനെക്കുറിച്ചു തന്നെപ്പറയാം. ശ്രീ. പി. ഗോവിന്ദപിള്ള ബ്രിട്ടീഷുകാരുടെ ചാരനാണെന്നാണ് കുഞ്ഞനന്തൻ നായർ ഇപ്പോൾ ആക്ഷേപിച്ചിട്ടുള്ളത്. അപ്പോൾ ശ്രീ. ഗോവിന്ദപിള്ള പറയുന്നതെന്താണ്? കുഞ്ഞനന്തൻ നായർ C.I.A.-യുടേയും, K.G.B.-യുടേയും ചാരനാണ് എന്നാണ്. ഡോ. തോമസ് ഐസക്കിനെക്കുറിച്ചും ശ്രീ. ബേബിയെക്കുറിച്ചും എന്താണ് പറയുന്നത്? സി. ഐ. എ.-യുടെ ചാരനാണെന്നാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ പുസ്തകം, (പുസ്തകം ഉയർത്തിക്കാണിക്കുന്നു) ഉപജാപക സാമ്രാജ്യത്വം സമകാലിക അനുഭവങ്ങൾ, പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ലേഖനം അടങ്ങുന്ന, അവരുടെ ലെഫ്ട് വ്യൂസ് എന്നുപറയുന്ന ഒരു പബ്ളിഷേഴ്സ് പബ്ളിഷ് ചെയ്തതാണ്.

എനിക്ക് പ്രതിപക്ഷ നേതാവിനോട് ചോദിക്കാനുള്ളത് അങ്ങുപറയുന്നു, ഇതൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് വെള്ളം ചേർക്കുന്നു Ford Foundation പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് പണം പറ്റുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കുന്നതിനുവേണ്ടി അകത്തുനിന്നുള്ള സമ്മർദ്ദം ചെലുത്തുന്നു. ഞാൻ അങ്ങിലൂടെ പ്രതിപക്ഷ നേതാവിനോട് ചോദിക്കുന്നു, നിങ്ങൾ പറയുന്ന ഈ പ്രവർത്തനമെല്ലാം നടത്തുന്ന ഡോ. തോമസ് ഐസക്കിനെപ്പോലുള്ള ആളുകളെ പാർട്ടിയിൽ വച്ചുകൊണ്ടിരിക്കുന്നത് ഏത് കമ്മ്യൂണിസമാണ്?

ശ്രീ. കെ. ബാബു: ബഹുമാനപ്പട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉള്ളതുകൊണ്ട് ഞാൻ വഴങ്ങാം. അങ്ങ് ഒന്ന് മറുപടിപറഞ്ഞാൽ—അങ്ങ് ദയവായി ഈ കൺഫ്യൂഷൻ തീർത്തുതന്നാൽ നല്ലത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആര് പറഞ്ഞാലും എഴുന്നേൽക്കുന്ന ആളാണ്, മിണ്ടുന്നില്ല. കാരണം പ്രതിപക്ഷ നേതാവിന്റെ അഭിപ്രായമാണ് ശ്രീ. തിരുവഞ്ചൂർ പറഞ്ഞത് എന്ന് അദ്ദേഹം അംഗീകരിക്കുകയാണ്. സത്യം പറഞ്ഞാൽ നിങ്ങളുടെ ഗതികേടിൽ ഖേദമുണ്ട്. കാരണം മാർക്സിസ്റ്റ് പാർട്ടി ഇതുപോലുള്ള ഗതികേടിൽ ആയിപ്പോയല്ലോ, ടോട്ടൽ കൺഫ്യൂഷൻ,. കമ്മ്യൂണിസ്റ്റ് കൺഫ്യൂഷന്റെ കാലഘട്ടത്തിലാണ് ഈ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ശ്രീ. മുരളീധരന്റെ ഇപ്പോഴത്തെ സ്റ്റേറ്റ്മെന്റും മാറിയേ ഒക്കൂ, മാറ്റിയേ ഒക്കൂ ശ്രീ. ആന്റണിയെ എന്ന് പറഞ്ഞുകൊണ്ടിരുന്നത് ഇപ്പോൾ കീഴടങ്ങി കിട്ടി. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പിതാവിന്റെയും കൂടി സ്ഥിതി മനസ്സിലാക്കിയിട്ട് പോരേ ഈ ഉറഞ്ഞുതുള്ളലെല്ലാം?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): പ്രതിപക്ഷനേതാവിന് ഇനിയും പ്രതീക്ഷ ബാക്കിയുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് മനസ്സിലായോ?

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോഴും ശ്രീ. രാധാകൃഷ്ണൻ പറഞ്ഞതിന് ഉത്തരം പറഞ്ഞില്ല. അങ്ങയുടെ അഭിപ്രായം കേരളത്തിലെ മുഴുവൻ ആളുകൾക്കുമറിയാം. അവർ കള്ളൻമാരാണെന്നുള്ളത് എല്ലാവർക്കുമറിയാം.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങയുടെ ശ്രദ്ധയിൽപ്പെടാൻ വേണ്ടി പറയുന്നു, ശ്രീ. കെ. മുരളീധരന്റെ കൺഫ്യൂഷനെപ്പറ്റി ഇവിടെ പറഞ്ഞു. അതിനൊരു മറുപടി പറയുമോ എന്നുചോദിച്ചു. പ്രതിപക്ഷ നേതാവിനുള്ള മറുപടി ഇന്നലെ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞിട്ടുണ്ട്. ഷാജഹാൻ ഔറംഗസീബിനെ പിടിച്ചുകെട്ടിയിട്ട് രാജാവായ കഥ പറഞ്ഞപ്പോൾ അതിൽ തന്നെ ആ മറുപടിയുണ്ടായിരുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: അത് ഇന്നലെ എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ടതാണ്. ഞാൻ നേരത്തെ പറഞ്ഞല്ലോ, നിങ്ങളുടെ ഈ ഗതികേടിൽ, ഈ കൺഫ്യൂഷനിൽ ഞങ്ങൾക്ക് വളരെ ഖേദമുണ്ട്; ശത്രുവാണെങ്കിലും ഞങ്ങൾക്ക് ദു:ഖമുണ്ട്. കോൺഗ്രസിന് അല്ലെങ്കിൽ യു. ഡി. എഫ്-ന് എന്തെങ്കിലും പോറൽ ഏൽപ്പിക്കാമെന്ന് കരുതി ഇനിയും വെള്ളം വച്ചേക്കണ്ട, അത് വാങ്ങിവച്ചേരെ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ റവന്യൂ കമ്മി രണ്ട് ശതമാനമായി കുറയ്ക്കുമെന്നുള്ളതാണ് നമ്മുടെ പ്രഖ്യാപിതമായ ലക്ഷ്യം. ആ പ്രഖ്യാപിതമായ ലക്ഷ്യം സാധിക്കത്തക്കവിധത്തിൽ ധനകാര്യ മാനേജ്മെന്റ് കൂടുതൽ ഇഫക്ടീവാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. സർച്ചാർജ്ജിന്റെ കോമ്പൗണ്ടിംഗ് 130 ശതമാനമായി ഇപ്പോൾ കുറച്ചിട്ടുണ്ട്. എൽ. ഡി. എഫ്-ന്റെ കാലത്ത് ബഹുമാനപ്പെട്ട അന്നത്തെ ധനകാര്യവകുപ്പുമന്ത്രി 120 ശതമാനമായി കുറച്ചിരുന്നു. 120 ശതമാനമായി കുറച്ചാൽ നമുക്ക് കൂടുതൽ ടാക്സ് കിട്ടുന്നതിനുള്ള സൗകര്യമുണ്ടാകുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഖാദിയുടെ കാര്യത്തിൽ, കഴിഞ്ഞ വർഷം പിരിക്കാത്ത ടാക്സ് കുടിശ്ശികയ്ക്ക് ഇപ്പോൾ നോട്ടീസ് കൊടുത്തു. പല സ്ഥലത്തും ഇപ്പോൾ റിക്കവറി നടന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യം ഗൗരവമായി ആലോചിക്കണം. ഖാദി ഗ്രാമവ്യവസായങ്ങളിൽ പിരിക്കാത്ത പണത്തിന്വേണ്ടി റവന്യൂ റിക്കവറി നടത്തുന്നു. ഇത് നിർത്തിവയ്ക്കണം. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഗവൺമെന്റ് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: ഖാദിയുടെ കാര്യം അങ്ങ് പറഞ്ഞത് നന്നായി. ഖാദി യൂണിറ്റുകൾക്ക് സെയിൽസ് ടാക്സ് ഈടാക്കിയാൽ, നിലവിലുള്ള എക്സംപ്ഷൻ ഒഴിവാക്കിയാൽ പല ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളും പൂട്ടേണ്ടിവരുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടില്ലേ? അതുകൊണ്ട് അത് ഒഴിവാക്കണമെന്ന് പറയുന്നതല്ലേ നല്ലത്?

ശ്രീ. കെ. ബാബു: ഏതായാലും ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കണം. ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ടി. കെ. ബാലൻ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. എനിക്ക് മുൻപ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട ബാബു ഞങ്ങളുടെ പാർട്ടിയെപ്പറ്റിയും അധികാരത്തിന്റെ കൊതിയെപ്പറ്റിയുമൊക്കെ ഒരുപാട് കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഒരു കാര്യം മാത്രമേ പറയാനുള്ളു. അധികാരത്തെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പാർട്ടി വളരെ വ്യക്തമായ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ഒരു വിധി വാങ്ങിക്കൊണ്ടല്ലാതെ ഞങ്ങൾ അധികാരത്തിൽ വരില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതിൽ അങ്ങനെ ഉറച്ചുനിൽക്കുന്ന

ഒരു പാർട്ടിയാണ്, അത്തരത്തിൽ വളരെ ശരിയായ ഒരു നിലപാട് എടുക്കുന്ന ഒരു പാർട്ടിയാണ്. ആ പാർട്ടിയെ നോക്കി ഞങ്ങൾക്ക് ഇപ്പോൾ അധികാര കൊതിയാണ്, നിരാശയാണ് എന്നൊക്കെ പറഞ്ഞു. ഞാനൊരു കാര്യം ശ്രീ. ബാബുവിനോട് പറയാം. ഉപദേശമാണെന്ന് വിചാരിക്കരുത്. ഏതായാലും മന്ത്രിമാർ വർദ്ധിക്കുകയാണല്ലോ? മന്ത്രിമാർ വന്നുകഴിഞ്ഞാൽ പോർട്ട്ഫോളിയോയ്ക്ക് കുറച്ച് വിഷമം കാണും. ഒരു നിർദ്ദേശം പറഞ്ഞാൽ സ്വീകരിക്കുമെന്നാണ് വിചാരിക്കുന്നത്. പ്രൊഫ. കെ. വി. തോമസിന്റെ കയ്യിൽ ഇപ്പോൾ ഫിഷറീസുണ്ടല്ലോ? അദ്ദേഹത്തിന്റെ കയ്യിൽ ഒരുപാട് മത്സ്യവും കാണും. അതുകൊണ്ട് പ്രൊഫസർ കെ. വി. തോമസ് പച്ചമത്സ്യം വച്ചിട്ട് ശ്രീ. മുരളിയ്ക്ക് ഉണക്ക മത്സ്യം കൊടുക്കുന്നതായിരിക്കും നല്ലത്. വളരെ നന്നായിട്ട് നിങ്ങൾക്ക് അത് വീതിക്കാൻ പറ്റും. അതുകൊണ്ട് ഇങ്ങനെ ഇങ്ങോട്ട് നോക്കി കാര്യങ്ങൾ പറയണ്ട. പിന്നെ ശ്രീ. തിരുവഞ്ചൂരിന് ഞാൻ ഈ സഭയിൽ വരുന്ന കാലം മുതലുള്ള ഒരു നല്ല സ്വഭാവമാണ് ബുക്കുകൾ എടുത്തുവച്ച് ഞങ്ങൾക്കെതിരെ ആരോപണം പറയുന്നത്. ഇതിലേറെ സന്തോഷമായിട്ടുള്ള കാര്യം ഇല്ല ശ്രീ. തിരുവഞ്ചൂരിന്. കാരണം ഒരു അഞ്ചെട്ട് വർഷം മുൻപ് ഇ.എം.എസ്.-ന്റെ ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രം പാളയത്ത് വച്ച് കത്തിച്ച യൂത്ത് കോൺഗ്രസ് തലമുറയിൽപ്പെട്ടതല്ലേ നിങ്ങൾ? നിങ്ങൾ ഈ ബുക്ക് ഇപ്പോൾ ഞങ്ങളെ കാണിച്ചിട്ട് അങ്ങനെ പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളു. കേന്ദ്രത്തിൽ തെരഞ്ഞെടുപ്പ് വരികയാണ്. ബി. ജെ. പി. മുദ്രാവാക്യം മാറ്റി. ബി. ജെ. പി. പറയുന്നത്, Feel Good Factor ഞങ്ങളെ രക്ഷിക്കും Shining India ആണ് അവർ പറയുന്നത്. ഇന്നലെ അദ്വാനി പറഞ്ഞത്, ഞാൻ റെയ്മണ്ട് കമ്പനിയുടെ സ്യൂട്ടിൽ feel good കണ്ടു. അങ്ങനെയാണ് ഞങ്ങൾ ഈ പുതിയ മുദ്രാവാക്യം കൊണ്ടുവന്നതെന്ന്. ഞങ്ങൾ വിജയിച്ചു വരുമെന്ന് തന്നെയാണ് പറയുന്നത്. കേരള മുഖ്യമന്ത്രി നിങ്ങളുടെ തെരഞ്ഞെടുപ്പ് വന്നപ്പോൾ മുദ്രാവാക്യം ഉണ്ടാക്കിയില്ലേ? എറണാകുളം ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ നിങ്ങൾ പറഞ്ഞു, ഒരു വോട്ട് വികസനത്തിന്. ഇപ്പോൾ വികസനത്തിന്റെയും സമവായത്തിന്റെയും മുദ്രാവാക്യമാണ് നിങ്ങൾ രണ്ടര കൊല്ലമായിട്ട് ഉയർത്തിക്കൊണ്ടുവരുന്നത്. നിങ്ങൾ എവിടെ എത്തിച്ചു? ഞാനൊന്ന് പറയട്ടെ, നിങ്ങൾ അങ്ങേയറ്റത്തോളം അഭിമാനത്തോടുകൂടി പറഞ്ഞല്ലോ, 50,000 കോടി രൂപയുടെ ജിം വരുന്നുവെന്ന്. അവസാനം അത് 26,000 കോടി രൂപയുടേതായി ധാരണയായി എന്ന് പറഞ്ഞു. ഇപ്പോൾ 121 കോടി രൂപ മാത്രമേ നിങ്ങൾക്ക് കയ്യിൽ കിട്ടുകയുള്ളു. ഞാനൊരു പത്രവാർത്ത വായിക്കട്ടെ, 'ജിം'-ന് വേണ്ടി നിങ്ങളുടെ മുഖ്യമന്ത്രിയും ഐ. റ്റി. മന്ത്രിയും അന്ന് പരിശ്രമിച്ചപ്പോൾ ഒരാൾ ഇവരെയെല്ലാം പിന്നിൽ തള്ളിക്കൊണ്ട് ജിജി തോംസൺ എന്ന ഒരു ഐ. എ. എസ്-കാരൻ മുൻപോട്ട് വന്നില്ലേ? അയാളുടെ പേര് തന്നെ 'ജിം' തോംസൺ എന്നായിരുന്നില്ലേ? ആ 'ജിം' തോംസൺ ഇപ്പോൾ എന്താണ് 'ജിം'—നെപ്പറ്റി പറയുന്നതെന്നറിയാമോ? ഞാൻ അദ്ദേഹത്തിന്റെ വാക്ക് തന്നെ നിങ്ങളുടെ മുൻപിൽ പറയുകയാണ്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരൊക്കെ നിക്ഷേപം കൊണ്ടുവരുന്നു എന്നാൽ കേരള മുഖ്യമന്ത്രി തന്നെ കാണാനെത്തുന്നവർക്ക് മുഖം കൊടുക്കുന്നതുപോലും വിരളം. 'ജിം'-ന്റെ തുടർ നടപടികൾ വൈകിക്കാനാണ് ശ്രമിച്ചുവരുന്നത്. ഞാൻ ചോദിക്കട്ടെ, ഐ. റ്റി. മന്ത്രിയും മുഖ്യമന്ത്രിയും എന്തിനേറെ ഈയിടെ ഒരു ഫംഗ്ഷന് പോയപ്പോൾ ടൂറിസത്തിന്റെ മന്ത്രി പോലും പറഞ്ഞു, ഇവിടെ എപ്പോഴും പ്രകടനമാണ്. ഇവിടെ വിദേശികൾ വന്നാൽ എപ്പോഴും ഇവിടെ ബന്ദാണ്. ഞാൻ ചോദിക്കട്ടെ, ഇതിനെല്ലാം മന്ത്രിയുടെ പിന്നിൽ നിന്ന് ചുക്കാൻപിടിച്ചിട്ടുള്ള ജിജി തോംസൺ എന്ന ഐ. എ. എസ്.-കാരൻ പറയുന്നത് മുഖ്യമന്ത്രി വേണ്ടതീരുമാനങ്ങൾ എടുക്കാത്തതുകൊണ്ടാണ് 'ജിം'-ലെ പരിപാടികൾ പരാജയപ്പെട്ടതെന്നാണ്. അടുത്തതായി ജിജി തോംസണോട് ചോദിച്ചു, വ്യവസായവകുപ്പുമന്ത്രിയുമായി നിങ്ങൾക്ക് വല്ല അഭിപ്രായവ്യത്യാസവുമുണ്ടോ? അദ്ദേഹം പറയുന്നു, അഭിപ്രായവ്യത്യാസം ഇല്ലെന്നല്ല. ഉണ്ട്; അഭിപ്രായവ്യത്യാസമുണ്ട്. വീണ്ടും അദ്ദേഹത്തോട് ചോദിച്ചു, എന്തുകൊണ്ടാണ് ഇവരാരും കാര്യമായിട്ട് ഒരു പദ്ധതിയിലും താൽപ്പര്യമെടുക്കാത്തത്? അദ്ദേഹം പറഞ്ഞു, സത്യം പറഞ്ഞാൽ എനിക്ക് കേരളം മടുത്തു ഒന്നും ഇവിടെ നടക്കില്ല എന്ന തോന്നൽ വന്നിരിക്കുകയാണ്. ഞങ്ങൾ പറയുന്നതല്ല, നിങ്ങൾ കൊട്ടിഘോഷിച്ചിട്ടുള്ള നിങ്ങളുടെ 'ജിം'-നെപ്പറ്റി നിങ്ങളുടെ വിശ്വസ്തനായിട്ടുള്ള ജിജി തോംസൺ പറയുന്നതാണ്. ജിജി തോംസണിനെ ഞങ്ങൾക്ക് അത്ര പിടിത്തമൊന്നുമില്ല. ഞങ്ങൾക്കറിയാം പണ്ടത്തെ പാംഓയിൽ കേസിൽ ഉൾപ്പെട്ട ഒരു ഐ. എ. എസ്. ഓഫീസറാണ്. ആ ജിജി തോംസൺ നിങ്ങൾക്ക് നേരെ ഇന്ന് വിരലുയർത്തുകയാണ്. അവസാനം അദ്ദേഹം പറയുകയാണ്, എന്താണ് മറ്റ് വകുപ്പുകളുടെ സഹായമെന്ന് കേൾക്കണം. മറ്റ് മന്ത്രിമാരുണ്ടല്ലോ. എന്തോന്ന് 'ജിം'. അതൊക്കെ കഴിഞ്ഞുവെന്ന് പറഞ്ഞ മന്ത്രിമാർ വരെയുണ്ട്. എന്നു പറഞ്ഞാൽ മറ്റ് മന്ത്രിമാരും കൈ കഴുകി. മറ്റൊന്ന്, മനഃപൂർവ്വം അഴിമതി വൈകിച്ച മന്ത്രിമാർ വരെയുണ്ട്. മറ്റ് ചില പ്രശ്നങ്ങൾ അവരുടെ പേരിലുള്ളത് ഞാൻ പറയുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളാണോ കുറ്റക്കാർ? 'ജിം' പരാജയപ്പെട്ടത് മറ്റ് ആരെക്കൊണ്ടെങ്കിലും ആണോ? അവസാനം മുഖ്യമന്ത്രിയെപ്പറ്റി കൂടി പറയുന്നു മുഖ്യമന്ത്രി സ്വന്തം നിലയിൽ ആർജ്ജവം കാട്ടേണ്ടതുണ്ട്. ശക്തമായ നിലപാട് അദ്ദേഹം എടുക്കുന്നില്ല. അതിന്റെയൊക്കെ ഭാഗമായി എനിക്ക് ബോധ്യപ്പെട്ടു ഇത് പരാജയപ്പെട്ടുയെന്ന് ശ്രീ. ജിജിതോംസണിന്റെ ഇന്റർവ്യൂതന്നെയാണ് എടുത്ത് കാണിക്കുന്നത്. ഇതല്ലേ ഇവിടുത്തെ സ്ഥിതി? നിങ്ങൾ എന്തിനാണ് അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നപോലെ ഞങ്ങൾക്ക് എതിരായി പറയുന്നത്? നിങ്ങളുടെ വികസനത്തിന്റെ മുദ്രാവാക്യം എവിടെ എത്തിയെന്നുള്ളത് നിങ്ങൾ കാണണം. ഇപ്പോൾ പറയുന്നത് ഇവിടെയൊക്കെ വലിയ തോതിലുള്ള അരാജകാവസ്ഥയാണ്, ബന്ദാണ് എന്നാണ്. മിനിഞ്ഞാന്ന് ഒരു പത്രം എഴുതി ന്യൂയോർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പട്ടണത്തിലോ ലണ്ടൻ പട്ടണത്തിലോ ഉള്ളതിനേക്കാൾ സമാധാനമാണ് കേരളത്തിൽ എന്ന്. ഇവിടെ തൊഴിലാളികൾ പണിമുടക്കുന്നതുകൊണ്ടാണോ? തൊഴിലാളിയും മാനേജ്മെന്റും തമ്മിൽ ഒരു ഉരസലും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നാണ് പത്രം എഴുതിയിരിക്കുന്നത്. ന്യൂയോർക്കിലോ ലണ്ടൻ പട്ടണത്തിലോ ഉള്ളതിനെക്കാൾ നല്ല സമാധാനം ഇവിടെയുണ്ട്, പിന്നെ പ്രകടനം നടത്തുന്നതാണോ, പ്രതിഷേധം നടത്തുന്നതാണോ. ഞാൻ ചോദിക്കട്ടെ ഇവിടെ ബഹുമാനപ്പെട്ട ഹസ്സൻ ഉണ്ടല്ലോ, ഞങ്ങൾ ഭരിക്കുന്ന കാലത്ത് ശ്രീ. ഹസ്സൻ ഇവിടെ എന്തൊക്കെ ചെയ്തു? അത് കഴിഞ്ഞ് ഭരണമാറ്റം വന്നയുടനെ ബന്ദ് പാടില്ല. കോടതി വിധിയെ സ്വാഗതം ചെയ്തു. അദ്ദേഹംതന്നെ പാളയത്ത് സത്യാഗ്രഹം നടത്തി. എന്തിന് ബന്ദും ഹർത്താലും? ഇവ നിരോധിക്കണമെന്നു പറഞ്ഞു. പക്ഷേ അദ്ദേഹംതന്നെ മലക്കം മറിഞ്ഞു, എൽ. ഡി. എഫ്. അധികാരത്തിൽ വന്ന ഉടനെ ഇതൊക്കെ നടത്തുന്നു. ഇതല്ലേ ഇവിടെ നടന്നിട്ടുള്ളത്? ഞാൻ ചോദിക്കട്ടെ വിദേശ രാജ്യങ്ങളിൽ നിന്ന് മൂലധനം വരുന്നില്ല. അമേരിക്കയിൽ നിങ്ങൾക്കറിയുമോ ബുഷിനെതിരായിട്ട് 11 ലക്ഷം ആളുകൾ അവിടുത്തെ ന്യൂയോർക്ക് പട്ടണത്തിലും സാൻഫ്രാൻസിസ്ക്കോയിലും പ്രകടനം നടത്തി. അതുകൊണ്ട് അവിടെ പുരോഗതിയില്ലല്ലോ. ഇംഗ്ലണ്ടിൽ ശ്രീ. ബ്ലെയറിന് എതിരായി അതിശക്തമായിട്ടുള്ള പണിമുടക്ക് നടത്തി. അവിടുത്തെ പ്രൈവറ്റൈസേഷന് എതിരായി രണ്ട് ലക്ഷം തൊഴിലാളികൾ ലണ്ടൻ പട്ടണത്തിൽ പ്രകടനം നടത്തി. അതുകൊണ്ട് അവിടുത്തെ പുരോഗതിക്ക് തടസ്സമുണ്ടായില്ലല്ലോ? അമേരിക്കയുടെ നയപരമായ തീരുമാനം എടുക്കുന്ന സെനറ്റിനെ വളയാൻ അവിടുത്തെ യുവാക്കളും മറ്റ് തൊഴിലാളികളും നിരന്തരം ശ്രമിച്ചതിന്റെ കഥകളുണ്ട്. അതുകൊണ്ടല്ലേ പുരോഗതി ഇല്ലാതായത്? അവിടെയെല്ലാം ജനാധിപത്യമുണ്ട്. അവിടെയെല്ലാം പ്രകടനത്തിന് അവകാശമുണ്ട്. അതെല്ലാം ചൂണ്ടിക്കാട്ടിയാണോ നിങ്ങൾ ഇവിടെ പ്രകടനം നിരോധിക്കണം, ഇവിടെ പ്രക്ഷോഭം പാടില്ല എന്ന് പറയുന്നത്? അതുകൊണ്ടാണ് ഇവിടെ മൂലധനം വർദ്ധിക്കാത്തത്, പുരോഗതി വരാത്തത് എന്ന് ബഹുമാനപ്പെട്ട ഐ. ടി. മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം പറയുന്നു. എന്നിട്ട് നമ്മുടെ മൈന്റ് സെറ്റ് ഒന്ന് മാറ്റണം. രാഷ്ട്രീയമായ നമ്മുടെ ദർശനം മാറ്റണം. ഞാൻ ചോദിക്കട്ടെ നിങ്ങൾ എവിടെ നിന്നാണ് ഇത് പഠിച്ചിട്ടുള്ളത്? അങ്ങനെയാണെങ്കിൽ ഈ പറയുന്ന വളരെയധികം പുരോഗമിച്ച രാജ്യങ്ങളിൽ എങ്ങനെ പുരോഗതിയുണ്ടാകും? അവിടെയൊക്കെ ഇത്തരത്തിലുള്ള പ്രാഥമികമായ ജനാധിപത്യാവകാശങ്ങൾ ഇല്ലാതാക്കിയിട്ടുണ്ടോ? നിങ്ങൾ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് പ്രതിപക്ഷത്തിന്റെ മൈന്റ് സെറ്റ് മാറണമെന്ന്; അവരുടെ രാഷ്ട്രീയമായ കാഴ്ചപ്പാട് മാറണമെന്ന്. നിങ്ങൾ എന്തുകൊണ്ട് ഇവിടെ വന്നുയെന്നാണ് പറയുന്നത്? ശ്രീ. ജോസഫ് എം. പുതുശേരി ബംഗാളിനെക്കുറിച്ച് ചോദിക്കണം.' പണിമുടക്ക് നിരോധനം സുപ്രീംകോടതി പ്രഖ്യാപിച്ചപ്പോൾ ആദ്യം അവിടെ അതിനെതിരെ സംസാരിച്ചിട്ടുള്ളത് മുൻ മുഖ്യമന്ത്രിയായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജ്യോതിബസുവായിരുന്നു. ഈ കരിനിയമത്തിന് എതിരായി ജയിൽവാസം അനുഷ്ഠിക്കാൻ ഞാൻ തയ്യാറാണെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എ. കെ. ആന്റണി ഇത് പറയാൻ തയ്യാറുണ്ടോ? അതുസംബന്ധമായ ഒരു ശ്രദ്ധക്ഷണിക്കൽ ഞാൻ കൊണ്ടുവരുന്നുണ്ട്. ബംഗാളിൽ ചില നിയന്ത്രണങ്ങളുണ്ട്. ഇവിടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ ഇത് ടോട്ടലായിട്ട് നിരോധിക്കണം. എങ്കിലേ ഇവിടെ മൂലധനം വരികയുള്ളൂ എന്നാണ് ശ്രീ. കുഞ്ഞാലിക്കുട്ടി പറയുന്നത്, മുഖ്യമന്ത്രി പറയുന്നത്. ഇതിനോട് യോജിക്കാൻ സാധിക്കുമോ? ബംഗാളിൽ അങ്ങനെയല്ല, ജനാധിപത്യ അവകാശങ്ങൾ നിലനിർത്താനാണ്. നിയന്ത്രണം ഇവിടെ 11 മണിക്ക് ശേഷമല്ലേ പ്രകടനം പാടുള്ളൂ; ആരെങ്കിലും എതിർക്കുന്നുണ്ടോ? ടൂറിസത്തിന്റെ അവാർഡ് കൊടുക്കുന്ന ഒരു യോഗത്തിലാണ് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയത്. ആർക്കുംതന്നെ റോഡേ പോകാൻ പറ്റുന്നില്ല എന്നൊക്കെ കരഞ്ഞുകൊണ്ട് പറയുകയാണ്. ഞാൻ ചോദിക്കട്ടെ എന്തിനാണ് ഇങ്ങനെ ഒരു തെറ്റിദ്ധാരണ പരത്തുന്നത്? ഇത് ഇല്ലാതാക്കാൻ വേണ്ടിയിട്ടാണോ നിങ്ങൾ നടക്കുന്നത്? അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് പുരോഗതി വരുമോ? ഞങ്ങൾ എതിർത്തിട്ടാണോ? സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥർ ഇതേപ്പറ്റി പറയുമ്പോൾ എന്താണെന്നറിയുമോ? കെ. എസ്. ഐ. ഡി. സി.-ക്ക് ഒരു പുതിയ മാനേജിംഗ് ഡയറക്ടർ വന്നിട്ടുണ്ട്. അദ്ദേഹം ഇപ്പോഴും പറഞ്ഞിരിക്കുകയാണ്. മന്ത്രിമാരേക്കാളും വലിയ നയം പ്രഖ്യാപിക്കുകയല്ലേ? കേരളത്തിൽ ആഴ്ചയിൽ ഒരു ബന്ദ്. എവിടെയെങ്കിലും ഒരു കത്തിക്കുത്തുണ്ടായി മരിച്ചാൽ കേരളത്തിൽ ഉടൻ ബന്ദ്. ഇത് മാറ്റിയില്ലെങ്കിൽ ഐ.ടി. വ്യവസായം കേരളത്തിലേക്ക് വരികയില്ല. ഏതോ ചെറിയാനോ മറ്റോ ആണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ ഈ തേർഡ് റൈറ്റ് ഐ. എ. എസ്. ഉദ്യോഗസ്ഥരോട് ഇത്തരത്തിൽ നയപ്രഖ്യാപനം പറയാൻവേണ്ടി ഏത് മന്ത്രിയാണ് അദ്ദേഹത്തെ അധികാരപ്പെടുത്തിയിട്ടുള്ളത്. ഈ നാട്ടിലെ ഐ. എ. എസ്.-കാരാണോ പറയുന്നത്? മുഖ്യമന്ത്രി പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാക്കാം. ഐ. ടി. മന്ത്രി പറഞ്ഞാൽ മനസ്സിലാക്കാം. ഇത്തരത്തിൽ പ്രഖ്യാപനം നടത്താൻവേണ്ടി ആരാണ് അധികാരം കൊടുത്തത്, അതിശയപ്പെടേണ്ടതില്ല. മന്ത്രിമാരൊക്കെ നമ്മുടെ നാട്ടിലെ ജനാധിപത്യ അവകാശങ്ങൾക്കെതിരായി ഇത്തരത്തിൽ കുത്തുവാക്കുകൾ പറഞ്ഞാൽ ഐ. എ. എസ്.-കാരൊക്കെ തീർച്ചയായിട്ടും ഇത്തരത്തിൽ പെരുമാറും. അവരെ നിലയ്ക്ക് നിർത്താൻ നിങ്ങൾക്ക് സാധിക്കുകയില്ല. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി അഭിമാനത്തോടുകൂടി കമേഴ്സ്യൽ ടാക്സിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പോരെങ്കിൽ ശ്രീ. സി. പി. മുഹമ്മദും വലിയ കോംപ്ലിമെന്റ്സ് കൊടുത്തു. ഈ കമേഴ്സ്യൽ ടാക്സിന്, ഞാൻ വിനയത്തോടുകൂടി പറയട്ടെ 2001-02-ൽ 360 കോടി രൂപ അധികം ഉണ്ടാക്കിയെന്നു പറഞ്ഞു. 2002-03-ൽ 448 കോടി രൂപ ഉണ്ടാക്കി. കറക്ട്, 2003-04-ൽ 510 കോടി രൂപ പ്രതീക്ഷിക്കുന്നുവെന്നാണ് പറഞ്ഞത്. എങ്ങനെയാണ് ഇത് ഉണ്ടായതെന്നറിയുമോ? നിങ്ങളുടെ ആരുടെയും സാമർത്ഥ്യം കൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

നല്ല ധനകാര്യമാനേജ്മെന്റ് കൊണ്ടല്ല. കമേഴ്സ്യൽ ടാക്സിന് ഡിപ്പാർട്ട്മെന്റ് സ്ട്രീംലൈൻ ചെയ്തത് കൊണ്ടല്ല. യഥാർത്ഥത്തിൽ നിങ്ങൾ കാണാതിരിക്കരുത്. 3-1-2003 മുതൽ 1-1-2004 വരെ പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ വില 13 തവണ വർദ്ധിച്ചു. 2 രൂപ 5 പൈസയിൽ നിന്ന് ഇപ്പോൾ 24 രൂപ 12 പൈസയായി. പെട്രോളാണെങ്കിൽ 31 രൂപ 50 പൈസയിൽ നിന്ന് 36 രൂപ 46 പൈസയായി. മാത്രമാണോ? ഒരു ചാക്ക് സിമെന്റ് 128 രൂപയിൽ നിന്ന് 155 രൂപയായി, അത്ഭുതപൂർവമായ വിലക്കയറ്റം. കമ്പിയുടെ വില 19 രൂപയിൽ നിന്ന് 24 രൂപയായി. ഇത് നിങ്ങളുടെ മിടുക്കുകൊണ്ടാണോ? ഇതിനെല്ലാം വമ്പിച്ച തോതിലുള്ള വിലയായപ്പോൾ അതിന്റെ അംശംകൂടി. പെട്രോളിയം ഉല്പന്നത്തിന് കേരളത്തിന്റെ കമേഴ്സ്യൽ ടാക്സ് 44 ശതമാനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല. അദ്ദേഹത്തോട് എനിക്ക് ഒരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. നമ്മുടെ സിവിൽ സർവ്വീസിന്, മന്ത്രിമാർക്ക് ആകെത്തന്നെ ഈ ഭരണത്തിന് ഒരു ക്രഡിബിലിറ്റി വേണം. നിങ്ങൾ അധികാരത്തിൽ ഇരുന്നാലും ഞങ്ങൾ അധികാരത്തിൽ ഇരുന്നാലും അതിനൊരു കോഡ് ഓഫ് കോണ്ടക്ട് വേണം. ഞാൻ ഇത് പറയാൻ കാരണം ഒരു ആരോപണമായിട്ട് ബന്ധപ്പെട്ടിട്ടല്ല. ഈ നിയമസഭയിൽ തന്നെ വന്നിട്ടുള്ള ചില കാര്യങ്ങളുമായി ബന്ധപ്പെട്ടാൽ നമ്മുടെ മന്ത്രിമാരുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഒരു കോഡ് ഓഫ് കോണ്ടക്ട് മുഖ്യമന്ത്രിയുണ്ടാക്കണം. ഇവിടെ എഡ്യൂക്കേഷൻ ട്രസ്റ്റ് രൂപീകരിച്ചു. മന്ത്രിതന്നെ ഫസ്റ്റ് ചെയർമാൻ എന്നുപറഞ്ഞാൽ ആ ചെയർമാന്റെ അധികാരം എന്താണെന്നറിയുമോ? എല്ലാ സ്ഥാപനങ്ങളും നോക്കിനടത്താനും അതുസംബന്ധമായ എല്ലാ കാര്യങ്ങളും ചെയ്യാനും വിദ്യാഭ്യാസ മന്ത്രി അതിന്റെ ചെയർമാൻ. ഡോക്ടർ മുനീർ അതിന്റെ മറ്റൊരു ഡയറക്ടർ. അതുപോലെതന്നെ വനം വകുപ്പ് മന്ത്രിക്ക് രണ്ട് ട്രസ്റ്റുണ്ട്. നിയമസഭയിൽ വന്ന ഒരു കാര്യമാണ്. ഞാൻ അതിന്റെ ആരോപണ വശമല്ല പറയുന്നത്. ഒന്ന് വുഡ് ഇൻഡസ്ട്രീസുമായിട്ട് വന്നിട്ടുള്ളതാണ്. മറ്റൊന്ന് സർദാർ ചന്ദ്രോത്തിന്റെ സ്മാരകമായിട്ട് ഒരു ട്രസ്റ്റ് കുറി കമ്പനി നടത്തുന്നതാണ്. സർദാർ ചന്ദ്രോത്ത് ഞങ്ങളുടെ പ്രസ്ഥാനത്തിൽ ഉണ്ടായിരുന്ന ആളാണ്. പിന്നീട് കോൺഗ്രസിന്റെ ആളായിരുന്നു. സേവാദളിന്റെ ആളായിരുന്നു. അദ്ദേഹം ഒരിക്കലും കുറി കമ്പനി നടത്തിയതായിട്ട് അറിയില്ല. അദ്ദേഹത്തിന്റെ ട്രസ്റ്റാണ് ഇപ്പോൾ നടത്തുന്നത്.

മി. സ്പീക്കർ: Mr. Balan please conclude.....please conclude.....

ശ്രീ. ടി. കെ. ബാലൻ: വനം വകുപ്പുമന്ത്രിതന്നെ പറഞ്ഞിരിക്കുകയാണ്. എന്റെ ബിസിനസ്സിനെ സഹായിക്കാൻ ഞാൻ മദിരാശിയിൽ 16 തവണ, 41 തവണ ഞാൻ ആ വശത്തിലേക്ക് പോകുന്നില്ല. ഞാൻ ചോദിക്കട്ടെ ഗവൺമെന്റ് സർവന്റിന്റെ കോണ്ടക്ട് റൂൾ പോലെ പരസ്യമായിട്ടുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം ഒഴിച്ചാൽ മറ്റെല്ലാം ബാധകമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. Helping

LIBRARY ARCHIVES Kerala Legislative Assembly

a business-ഉം conducting a business-ഉം തമ്മിൽ എന്താണ് വ്യത്യാസം? അവർക്ക് കോഡ് ഓഫ് കോണ്ടക്ട് ഉണ്ടാക്കുന്നതിനെപ്പറ്റി മുഖ്യമന്ത്രി കാര്യമായി ആലോചിക്കണം. ട്രസ്റ്റിന്റെ കാര്യം വന്നപ്പോൾ ശ്രീ. ചെർക്കളം അബ്ദുള്ളയെ കാണുന്നില്ല. ശ്രീ. ചെർക്കളം അബ്ദുള്ള ഒരു കാര്യം ചെയ്തത് ട്രസ്റ്റുണ്ട്, ആറ് സ്കൂളും വാങ്ങിയിട്ടുണ്ട്. പക്ഷേ മന്ത്രിയായപ്പോൾ രാജിവെച്ചു. ഇപ്പോൾ മകനാണ് ചെയർമാൻ. അത്രയെങ്കിലും ചെയ്തല്ലോ അദ്ദേഹം. അതുകൊണ്ട് കോഡ് ഓഫ് കോണ്ടക്ട് ഉണ്ടാക്കുന്നതുസംബന്ധിച്ച് മുഖ്യമന്ത്രി ആലോചിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-05-ലെ സമ്പൂർണ്ണ ബഡ്ജറ്റ് വോട്ട് ഓൺ അക്കൗണ്ട് കൂടാതെതന്നെ പാസ്സാക്കി എടുക്കണമെന്നുള്ളതായിരുന്നു ഗവൺമെന്റ് തീരുമാനം. പക്ഷേ പാർലമെന്റ് തെരഞ്ഞെടുപ്പ് പെട്ടെന്ന് ആസന്നമായ സാഹചര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയും വോട്ട് ഓൺ അക്കൗണ്ടിലേക്ക് പോകുന്ന സാഹചര്യംവെച്ച് സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കിയെടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഈ വർഷം മുൻ വർഷങ്ങളിലെപ്പോലെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കാൻ തീരുമാനിച്ചത്. നാല് മാസത്തേക്കുള്ള, ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള ചെലവിനുവേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടാണ് സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഈ വോട്ട് ഓൺ അക്കൗണ്ട് വഴി ആവശ്യപ്പെടുന്ന വോട്ട് ചെയ്ത തുക 5342.60 കോടി രൂപയും ചാർജ് ചെയ്തത് 3295.26 കോടി രൂപയുമാണ്. ഞാൻ വളരെ ദീർഘമായ ഒരു പ്രസംഗം നടത്താൻ ആഗ്രഹിക്കുന്നില്ല. കാരണം ഇവിടെ പ്രസംഗിച്ച എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾ, ഭരണകക്ഷിയിൽപ്പെട്ടവരായാലും പ്രതിപക്ഷത്തുള്ള വരായാലും ബഡ്ജറ്റിനെ സംബന്ധിച്ചൊന്നും അത്ര നിശിതമായ ഒരു വിമർശനം നടത്തിയില്ല. പക്ഷേ പ്രതിപക്ഷത്തു നിന്ന് സംസാരിച്ചിട്ടുള്ള ശ്രീ. കെ. പി. സതീശ് ചന്ദ്രനും അവസാനം പ്രസംഗിച്ച എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ടി. കെ. ബാലനും അദ്ദേഹം ദീർഘകാലമായി ഗവണ്മെന്റ് രംഗത്ത് പരിചയമുള്ള ആളാണ്, ഗവണ്മെന്റ് പ്രവർത്തനത്തിലും പാർട്ടി പ്രവർത്തനത്തിലും പരിചയമുള്ള ഒരു ആളാണ്, അദ്ദേഹവും പരാമർശിച്ചത് മറ്റു പല കാര്യങ്ങളേയും കുറിച്ചാണ്. അദ്ദേഹം പരാമർശിച്ച ചില കാര്യങ്ങൾ അംഗീകരിക്കാവുന്നതാണ്. കാരണം ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ആയാലും പാർട്ടിയെ സംബന്ധിച്ചായാലും ഉദ്യോഗസ്ഥരെ സംബന്ധിച്ചായാലും ചില വ്യക്തമായ നിയന്ത്രണങ്ങളൊക്കെ ആവശ്യമാണ്. ആർക്കൊക്കെ എന്തൊക്കെ പറയാം എന്നുള്ളതിനും ആരായാലും, ഏതുവരെ പോകാമെന്നുള്ളതിനും ഒരു നിയന്ത്രണം നല്ലതാണ്. അത് എല്ലാപേർക്കും ബാധകമാണ്. ഒരാളിന് മാത്രം ബാധകമാക്കേണ്ട കാര്യമല്ല. നമ്മുടെ രാജ്യം വളരെ മുന്നോട്ടുപോകുകയാണ്. രാജ്യമല്ല, ലോകം തന്നെ മുന്നോട്ടുപോവുകയാണ്. ലോകം മുന്നോട്ടുപോകുന്ന അവസരത്തിൽ നമ്മൾ മാത്രമേയുള്ളൂ വേറെ ആരുമില്ല എന്ന ചിന്താഗതികൊണ്ട് വലിയ പ്രയോജനം ആർക്കും ഉണ്ടാകില്ല. അമേരിക്കയിലെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെക്കുറിച്ച് സംസാരിച്ചു. അമേരിക്കയിൽ ബുഷിന് എതിർപ്പില്ല എന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. എതിർപ്പുണ്ട്. ചൈനയിലേയും ഭരണാധികാരികൾക്ക് എതിർപ്പുണ്ട്. ബ്രിട്ടനിലും ഉണ്ട്. ബ്ലെയർക്ക് ഭയങ്കരമായ എതിർപ്പുണ്ട്. ഇതൊക്കെ എന്തുകൊണ്ട് സംഭവിക്കുന്നു എന്നുവച്ചാൽ ജനാധിപത്യമാർഗ്ഗമുള്ള എല്ലാ മനുഷ്യരിലും ഭരണകൂടത്തിലും അതുണ്ടാകും. അത് നമ്മളും അംഗീകരിക്കുന്നത് നല്ലതാണ്. അത് മനസ്സിലാക്കുന്നത് നല്ലതാണ്. സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 14,263.96 കോടി രൂപയും റവന്യൂ ചെലവ് 18,971.9 കോടി രൂപയും ആണ്. റവന്യൂ കമ്മി 4707.13 കോടി രൂപ. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച കണക്ക് പ്രകാരം ആകെ കമ്മി 395.27 കോടി രൂപയായാണ് കണക്കാക്കിയിരുന്നത്. എന്നാൽ ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ ഞാൻ ചില പുതിയ ചെലവുകളും ഇളവുകളും പ്രഖ്യാപിക്കുകയുണ്ടായി. അധികചെലവിനത്തിൽ 25 കോടി രൂപയും ഇളവ് ഇനത്തിൽ 8 കോടി രൂപയും കൂടി കണക്കാക്കുമ്പോൾ മൊത്തം കമ്മി 33 കോടി രൂപ കണ്ട് വർദ്ധിക്കുന്നതാണ്. അതായത്, പുതുക്കിയ ആകെ കമ്മി 290.48 കോടി രൂപയായും വർഷാന്ത കമ്മി 784.34 കോടി രൂപയായും വർദ്ധിക്കും. അടുത്ത വർഷത്തെ സംസ്ഥാന പദ്ധതിയുടെ അടങ്കൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആസൂത്രണ കമ്മീഷൻ നടത്തുന്ന ചർച്ചകൾക്കു ശേഷമേ തീരുമാനിക്കാൻ പറ്റുകയുള്ളൂ. അതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ വരുത്താവുന്ന മൊത്തം ഭേദഗതി വരുത്താവുന്നതാണ്. ഞാൻ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ തന്നെ കേന്ദ്രഗവണ്മെന്റിന്റെ ബഡ്ജറ്റ് വന്നതിനുശേഷം സംസ്ഥാന ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വരുമെന്ന് പറഞ്ഞിരുന്നു. കേന്ദ്രഗവണ്മെന്റിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റിന് കിട്ടേണ്ട വിഹിതത്തിൽ കുറച്ച് വർദ്ധനവുണ്ടാകാനുള്ള സാഹചര്യമുണ്ട്. അത് എത്രയാണെന്ന് കൃത്യമായി പറയാൻ സാധിക്കാത്തതുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. അല്ലെങ്കിൽ അതുകൂടി ചേർത്ത് എത്ര കമ്മി ഉണ്ടാകും, എത്ര മിച്ചം ഉണ്ടാകും എന്നുള്ളത് പറയാമായിരുന്നു. ബഹുമാന്യരായ പലരും എന്നോട് ചോദിച്ചു. പക്ഷേ അതിന്റെ വ്യക്തമായ കണക്ക് കിട്ടിയിട്ടില്ല. ഈ തെരഞ്ഞെടുപ്പിൽ ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും, ഇപ്പോഴുള്ള ഗവണ്മെന്റായാലും പുതിയ ഗവണ്മെന്റ് അധികാരത്തിൽ വന്നാലും ഇന്നത്തെ കേന്ദ്രഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ തീർച്ചയായും മാറ്റങ്ങൾ വരുത്തേണ്ടതായി വരും. ആ മാറ്റങ്ങൾ വരുത്തുന്നതോടുകൂടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലും ചില മാറ്റങ്ങൾ ഉണ്ടായേ പറ്റുകയുള്ളൂ. ശ്രീ. ബാലൻ നികുതി കൂടിയതിനെക്കുറിച്ച് പറഞ്ഞു. നികുതി കൂടുന്നത് അങ്ങനെ തന്നെയാണ്. അല്ലാതെ നികുതി കൂടാൻ പറ്റില്ലല്ലോ. അത് ഏത് കാലത്തായാലും അങ്ങനെയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ട് 535.15 കോടി രൂപ നികുതിയായി കഴിഞ്ഞ മാസം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഒരു അപകടവുമില്ല. ഇനിയും കൂടണമെന്നു തന്നെയാണ് ആഗ്രഹം. കാരണം ഇന്ന് ഇവിടത്തെ റവന്യൂവിന്റെ 94 ശതമാനത്തോളം ശമ്പളത്തിനും മറ്റുമായി ചെലവഴിച്ചു കഴിഞ്ഞതിന്റെ ബാക്കി മാത്രമേ വികസന പ്രവർത്തനങ്ങൾക്കുള്ളൂ. അത് എല്ലാവർക്കും അറിയാവുന്നതാണ്. റവന്യൂ കമ്മി കൂടുന്നു എന്ന് പറയുന്നു. ഇൻഡ്യാ ഗവണ്മെന്റിന്റെ റവന്യൂ കമ്മി 1,23,000 കോടി രൂപയാണെന്നാണ് പറയുന്നത്. .....(ബഹളം)..... ശ്രീ. ബാലൻ ഞാൻ അധികം സംസാരിക്കുന്നില്ല. ഞാൻ ഇനി അടുത്ത ദിവസം പറയാം. ഇന്നിപ്പോൾ പൊതുവേ മൂഡ് നന്നല്ല. ഇന്ന് ഏറ്റവും നല്ല മൂഡുള്ളത് നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർക്കാണ്. അതുകൊണ്ട് ഞാൻ ഈ വക കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇപ്രാവശ്യം ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കായാലും ഏറെ ഗുണപ്രദമാണ്. അതുകൊണ്ട് നികുതി പിരിച്ചെടുക്കണം. അല്ലാതെ പറ്റില്ല. സംസ്ഥാനത്തിന്റെ വരുമാനം കൂട്ടിയാൽ മാത്രമേ വികസനം നടത്താൻ സാധിക്കുകയുള്ളൂ. പ്ലാൻ കട്ട് കൂടാതെ മുന്നോട്ട്പോകണം.

ശ്രീ. ജോർജ് ജെ. മാത്യു: സർ, കൃഷിക്കാരുടെ ആനുകൂല്യങ്ങൾ അനുവദിച്ചു എന്ന് പറഞ്ഞിട്ട് ഒരു തെറ്റിദ്ധാരണകൊണ്ട് എടുത്തുകളഞ്ഞല്ലോ. അത് വീണ്ടും റെസ്റ്റോർ ചെയ്യുമോ? കാരണം അബദ്ധം പറ്റിയതാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: അബദ്ധം പറ്റിയെന്നുള്ളത് വ്യക്തമായി വരുമ്പോൾ നമുക്ക് അതിനെപ്പറ്റി ആലോചിക്കാം. ഇപ്പോൾ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അതാണ് നല്ലത്. ഞാൻ ഒരു കാര്യം ഈ അവസരത്തിൽ പറയണമെന്ന് ആഗ്രഹിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ നിയമസഭ ആരംഭിച്ച അന്നു മുതൽ ഇന്നുവരെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഭരണകക്ഷിയുടെ ഭാഗത്തുനിന്നും പ്രത്യേകിച്ച് പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്ന് പാലക്കാട് ജില്ലയിലെ വരൾച്ചയെക്കുറിച്ചും ചിറ്റൂർ പ്രദേശത്തുള്ള വരൾച്ചയെക്കുറിച്ചും മലമ്പുഴയിൽ വെള്ളമില്ലാത്തതിനെക്കുറിച്ചും പറഞ്ഞു. നിയമസഭാ സാമാജികന്മാരും കൃഷിക്കാരും വളരെ വ്യാകുലരാണ്. യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. മലമ്പുഴയിൽ വെള്ളമില്ല എന്നുള്ളത് വാസ്തവമാണ്. മലമ്പുഴയിലേക്ക് വരേണ്ട വെള്ളം തമിഴ്നാട് തിരിച്ചുകൊണ്ടു പോകുന്നു എന്നുള്ളതാണ്. അത് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി അതു സംബന്ധിച്ച് എന്ത് പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ സാധിക്കുമെന്ന് ആലോചിക്കും. തമിഴ്നാട് ഗവണ്മെന്റുമായി ജലസേചന വകുപ്പുമന്ത്രിയും ഞാനും കേരള സംസ്ഥാന ഗവണ്മെന്റിന്റെ തീരുമാനം അനുസരിച്ച് തിരുവനന്തപുരത്തു വച്ചും മദിരാശിയിൽ വച്ചും ചർച്ച നടത്തി. ഇതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിതയ്ക്ക് കത്തെഴുതി. ആ കത്തിന് മറുപടി രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ദിവസംമുമ്പ് വന്നു. ഈ പ്രാവശ്യത്തെ ആവശ്യത്തിനുവേണ്ടി വെള്ളം തരാൻ സന്നദ്ധമാണെന്ന് പറഞ്ഞു. അവിടെ നിന്ന് വെള്ളം വിട്ടിരിക്കുന്നു. ഞാനും ഇന്ന് ഉച്ചയ്ക്ക് വിളിച്ചുചോദിച്ചപ്പോൾ വെള്ളം വിട്ടിട്ടുണ്ട് അത് എത്തിക്കൊണ്ടിരിക്കുന്നു എന്ന് പറഞ്ഞു. ഏതായാലും.....(ബഹളം).....വെള്ളം വിട്ടാലല്ലേ വരൂ. അല്ലാതെ അവിടെ അടച്ചുവച്ചാൽ വരുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെ പറഞ്ഞു അവിടെ വെള്ളം എത്തിയിട്ടില്ല, അതുകൊണ്ടുള്ള ബുദ്ധിമുട്ടുണ്ടെന്ന്. ഞാൻ രാവിലെയും ഇന്നലെയും ഒന്നും പറഞ്ഞില്ല. ശ്രീ. ചന്ദ്രനെപ്പോലെയും പ്രതിപക്ഷനേതാവിനെപ്പോലെയും നമുക്കെല്ലാവർക്കും ഇതിനെക്കുറിച്ച് ആകാംക്ഷയുണ്ട്. യാതൊരു സംശയവുമില്ല. എനിക്ക് ആരെക്കാളും കൂടുതൽ ആകാംക്ഷയുണ്ട്; ഞാൻ അത് പറയാതിരുന്നത് പ്രയോജനമുണ്ടായിട്ട് പറയാമെന്നു കരുതിയാണ്. ഇതിനുപുറമെ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ തന്നെ പറഞ്ഞു. ജലസേചന വകുപ്പുമന്ത്രിയും ഞാനും കൂടി തമിഴ്നാടിൽ പോയി അവരുമായി സംസാരിച്ച് കുറേക്കൂടി വെള്ളം കിട്ടാനുള്ള സൗകര്യമുണ്ടോയെന്നുള്ളത് പരിശോധിക്കണമെന്ന്. ഇതിനുള്ള ഒരു മര്യാദയായ മാർഗ്ഗത്തിലൂടെ പോകാതെ നമ്മൾ യുദ്ധം പ്രഖ്യാപിച്ചതുകൊണ്ട് പ്രയോജനം ഉണ്ടോ? യുദ്ധം പ്രഖ്യാപിച്ചതുകൊണ്ട് പ്രയോജനം ഇല്ലല്ലോ; പാലക്കാട് മാത്രമല്ല കേരളത്തിൽ എല്ലാ പ്രദേശങ്ങളിലും വരൾച്ച വരാനുള്ള സ്ഥിതിയാണ് കാണുന്നത്. പ്ലാച്ചിമടയിൽ കൊക്കകോള ഫാക്ടറി വന്നതുകൊണ്ടൊന്നും അല്ല. പ്ലാച്ചിമടയിൽ കൊക്കകോളയും വേറെ വല്ലയിടത്തും പെപ്സിയും ഉണ്ടെങ്കിലും, ഓരോരുത്തരും ഓരോ ദുരിതം വച്ചതിന് ഇപ്പോൾ നമ്മളല്ലേ അതിന്റെ പിറകേ നടക്കുന്നത്? ഇതിപ്പോൾ പണ്ടാരോ പറഞ്ഞ കൂട്ടത്തിൽ ഇതിപ്പോൾ നമ്മളല്ലേ ഏറ്റെടുക്കുന്നത്? എന്തു ചെയ്യാൻ പറ്റും? ഗവൺമെന്റിന് ഇതിന് മറുപടി പറയാതിരിക്കാൻ പറ്റില്ല. പക്ഷെ ഇതിനുള്ള ഒരു തകരാറ് ഇത് കൊണ്ടുവന്നവർക്ക് ഇപ്പോൾ കുറ്റമില്ല. ഇപ്പോൾ ഉള്ളവർക്കാണ് കുറ്റം. അതാണ് മനസ്സിലാകാത്തത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, പാലക്കാട്ടെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, ഇന്ന് രാവിലേയും മുഖ്യമന്ത്രി പ്രത്യേകം വിളിച്ചു പറഞ്ഞു ഇതിനുള്ള പരിഹാരമാർഗ്ഗം കാണാൻ. എന്തു വേണമെങ്കിലും ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. .....ബഹളം..... എന്റെ പ്രിയപ്പെട്ട ബാലൻ, മദിരാശിക്ക് പോകാൻ ഒരു മണിക്കൂറല്ലേ വേണ്ടൂ. അവിടെ അവർ അപ്പോയിന്റ്മെന്റ് തന്ന് ചെല്ലാൻ പറയാതെ റോഡിൽക്കൂടെ പോയിട്ട് വരാൻ പറ്റുമോ? നമ്മൾ ഒരു ഡിസ്ക്ഷന് പോകുമ്പോൾ അവരുടേയും കൂടെ സമയം നോക്കി അവരും കൂടെ സമ്മതം ലഭിച്ചിട്ട് വേണ്ടേ പോകാൻ? ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകൻ ശ്രീ. ടി. എം. ജേക്കബ് സംസാരിച്ചു. അവർ സമയം തരും എന്നു പറഞ്ഞിട്ടുണ്ട്. നമ്മൾ പോകും. പ്രതിപക്ഷ നേതാവ് പറഞ്ഞ അതേ ശക്തിയോടുകൂടി തന്നെ പറയുന്നു യാതൊരു സംശയവും ഇല്ല.

2/196/2013—44.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വെള്ളം ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രിയും വെള്ളം ഇങ്ങനെ വന്നുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ പിന്നെ മുഖ്യമന്ത്രി പറഞ്ഞതുപോലെ അവിടെ പോകണമെന്നുണ്ടോ? അവിടുത്തെ രൂക്ഷതയെപ്പറ്റി, വിഷമതയെപ്പറ്റി ഒക്കെ പത്രത്തിൽ വരാൻ വേണ്ടി പറയുകയാണോ? അതോ കൃഷിക്കാർക്ക് വെള്ളം കിട്ടണം എന്നു തന്നെയാണോ? ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച തനി കള്ളൻമാർ, തമിഴ്നാട്ടിന്റെ ആശ്രിതൻമാരുമായിട്ടുള്ള കുറേ ഉദ്യോഗസ്ഥർ ഇറിഗേഷൻ മന്ത്രിയുടേയും മറ്റുള്ള ആളുകളുടേയും കീഴിലുണ്ട്. അവർ പറയുന്നതല്ലാതെ കൃഷിക്കാർ പറയുന്നത് വിശ്വസിക്കില്ല എന്നതല്ലേ നിങ്ങളുടെ നിലപാട്. അതുകൊണ്ടല്ലേ ഇങ്ങനെ വെള്ളം വന്നുകൊണ്ടേയിരിക്കുന്നു എന്നു പറയുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ പ്രതിപക്ഷ നേതാവിനോട് വിനയ പുരസരം ഒരു കാര്യം ചോദിക്കട്ടെ. നമുക്ക് തമിഴ്നാട്ടിൽ നിന്ന് വെള്ളം വിട്ടു കഴിഞ്ഞതിനുശേഷം ഈ വെള്ളം വരുന്നതിനോടൊപ്പം ഇങ്ങനെ നടക്കാൻ പറ്റുമോ? ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പറയുന്നതല്ലേ നമ്മൾ വിശ്വസിക്കേണ്ടത്? അവർ ചെയ്തിട്ടില്ല എങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗം എന്താണെന്ന് അവരോട് ചോദിക്കും. അതിന് സമയമൊന്നും ഇല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉദ്യോഗസ്ഥർ പറയുന്നത് കേട്ടുകൊള്ളൂ. അതോടൊപ്പം തന്നെ കൃഷിക്കാരോട് വെള്ളം കിട്ടുന്നുണ്ടോ എന്നു ചോദിക്കാനുള്ള മനോഭാവം നിങ്ങൾക്ക് ഉണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ കൃഷിക്കാരുമായും സംസാരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇതിൽ മുഴുവൻ രാഷ്ട്രീയം കാണരുത്. നിങ്ങൾ രാഷ്ട്രീയം പറഞ്ഞാൽ ഞങ്ങൾക്കും ആ രാഷ്ട്രീയം മനസ്സിലാകും. രാഷ്ട്രീയം മനസ്സിലാകാത്തവരല്ല. ഇതിന്റെ പിന്നിലത്തെ രാഷ്ട്രീയം മനസ്സിലാകുന്നുണ്ട്. പക്ഷേ ആ രാഷ്ട്രീയം ഇപ്പോൾ കാണണമെന്ന് ആഗ്രഹിക്കുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരോട് നോക്കാൻ പറഞ്ഞിട്ടുണ്ട്. അങ്ങേക്ക് അറിയാമല്ലോ ആര് മന്ത്രിയായിട്ട് ഇരുന്നാലും ഇതിന്റെ ഒഫീഷ്യൽ റിപ്പോർട്ട്സ് മാത്രമേ ഉദ്യോഗസ്ഥരിൽ നിന്ന് കളക്ട് ചെയ്യാൻ പറ്റുകയുള്ളൂ. അതിന് എല്ലാപേരേയും അവിശ്വസിച്ചിട്ട് ഭരണം നടത്തിക്കൊണ്ടു പോകാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: രണ്ട് തരത്തിലുള്ള ഉദ്യോഗസ്ഥരെപ്പറ്റി പറഞ്ഞു. നിങ്ങളുടെ ഉദ്യോഗസ്ഥർ പറയുന്നത് വിശ്വസിക്കരുതെന്നും, നിങ്ങളുടെ തന്നെ ഉദ്യോഗസ്ഥനായ പാലക്കാട്ട് കളക്ടറോട് ചോദിക്കാനും പറഞ്ഞു. നിങ്ങൾ ചോദിക്കുന്നതുപോലെ തന്നെ ഈ വിദ്വാൻമാരോട് ഞാനും ചോദിക്കുന്നുണ്ട്. താരതമ്യേന സത്യസന്ധനായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൃഷിക്കാർ പറയുന്നതു തന്നെയാണ് പാലക്കാട് കളക്ടറും പറയുന്നത്, വെള്ളം കിട്ടുന്നില്ല എന്ന്.

ശ്രീ. കെ. ശങ്കരനാരായണൻ: ഏതായാലും പാലക്കാട്ട് കളക്ടർ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ. പാലക്കാട്ട് കളക്ടർ തന്നെയാണ് പറഞ്ഞത് വെള്ളം എത്തിക്കൊണ്ടിരിക്കുന്നു എന്ന്. ഞാൻ ആ കാര്യത്തിൽ അത്രയേ പറയുന്നുള്ളൂ. ഏതായാലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഇതിനു വേണ്ടിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. മാത്രമല്ല 50 കോടി ഉറുപ്പിക drought-ന് വേണ്ടി നീക്കിവച്ചിട്ടുണ്ട്. അതിനു പുറമെ 25 കോടി ഉറുപ്പികയും നീക്കി വച്ചിട്ടുണ്ട്. ഗവൺമെന്റിന് സാധ്യമായ വിധത്തിൽ മുഴുവൻ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ഇനിയും പ്രത്യേക പരിഗണന തീർച്ചയായിട്ടും ഉണ്ടായിരിക്കുന്നതാണ്. ഈ Vote on Account.... പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

Mr. Speaker: Shri A. A. Azees, do you press your amendment?

Shri A. A. Azees: No.

Mr. Speaker: The amendment moved by Shri A. A. Azees is by leave, withdrawn. Shri Kodiyeri Balakrishnan do you press your amendment?

Shri Kodiyeri Balakrishnan: No.

Mr. Speaker: The amendment moved by Shri. Kodiyeri Balakrishnan is by leave, withdrawn.

ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച Demands for Grants on Account-ന് ഉള്ള ഉപക്ഷേപം പാസാക്കണമെന്ന പ്രശ്നത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—74

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ
9. ശ്രീ. ഇ. എം. അഗസ്തി
10. ശ്രീ. കെ. ബാബു
11. ശ്രീ. ബാബു ദിവാകരൻ
12. ശ്രീ. വി. ബാലറാം
13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ശ്രീ. കെ. എ. ചന്ദ്രൻ
15. ശ്രീ. എം. എ. ചന്ദ്രശേഖരൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. എം. പി. ഗംഗാധരൻ
18. ശ്രീ. ജോർജ് ജെ. മാത്യു
19. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
23. ശ്രീ. ടി. എം. ജേക്കബ്
24. ശ്രീ. ജോണി നെല്ലൂർ
25. ശ്രീ. ജോസഫ് എം. പുതുശ്ശേരി
26. ശ്രീ. പി. ജെ. ജോയി
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. ജി. കാർത്തികേയൻ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. കെ. കെ. നായർ
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. മുഹമ്മദാലി
36. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
37. ശ്രീ. എ. കെ. മണി
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
45. ശ്രീ. വി. ജെ. പൗലോസ്
46. ശ്രീ. ടി. എൻ. പ്രതാപൻ
47. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീമതി രാധാരാഘവൻ
50. ശ്രീ. എം. വി. രാഘവൻ
51. ശ്രീ. എ. എൻ. രാജൻ ബാബു
52. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
53. ശ്രീ. യു. സി. രാമൻ
54. ശ്രീ. തമ്പാനൂർ രവി
55. ശ്രീ. റോഷി അഗസ്റ്റിൻ
56. ശ്രീ. എൻ. ശക്തൻ
57. ശ്രീ. പി. ശങ്കരൻ
58. ശ്രീ. കെ. ശങ്കരനാരായണൻ
59. ശ്രീമതി മാലേത്ത് സരളാദേവി
60. ശ്രീ. വി. ഡി. സതീശൻ
61. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
62. ശ്രീ. കെ. കെ. ഷാജു
63. ശ്രീ. കടവൂർ ശിവദാസൻ

LIBRARY ARCHIVES Kerala Legislative Assembly

64. ശ്രീ. നാലകത്ത് സൂപ്പി
65. ശ്രീ. സ്റ്റീഫൻ ജോർജ്
66. ശ്രീ. കെ. സുധാകരൻ
67. ശ്രീ. എ. സുജനപാൽ
68. ശ്രീ. എൻ. സുന്ദരൻ നാടാർ
69. ശ്രീ. സി. എഫ്. തോമസ്
70. പ്രൊഫ. കെ. വി. തോമസ്
71. ശ്രീ. പി. ടി. തോമസ്
72. ശ്രീ. തോമസ് ഉണ്ണിയാടൻ
73. ശ്രീ. ഉമേഷ് ചള്ളിയിൽ
74. ശ്രീ. കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—26

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. എ. എ. അസീസ്
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീ. ടി. കെ. ബാലൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. പി. ജയരാജൻ
14. ശ്രീ. എം. കുമാരൻ
15. ശ്രീ കെ. വി. കുഞ്ഞിരാമൻ
16. ശ്രീ. വി. കെ. സി. മമ്മത്കോയ
17. ശ്രീ. മത്തായി ചാക്കോ
18. ശ്രീ. കെ. പി. മോഹനൻ
19. ശ്രീ. പിരപ്പൻകോട് മുരളി
20. ശ്രീ. പി. നാരായണൻ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ
25. ശ്രീ. എ. സി. ഷൺമുഖദാസ്
26. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മിസ്റ്റർ സ്പീക്കർ: അനുകൂലിക്കുന്നവർ .. 74

പ്രതികൂലിക്കുന്നവർ .. 26

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. Vote on Account പാസ്സാക്കിയിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ഫെബ്രുവരി മാസം അഞ്ചാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.47-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly